യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 16 ലക്കം 4 | ഏപ്രിൽ 2018 | വില 15 രൂപ



## പരിശോധനകളെ പാഴാക്കരുത്

ഡേവിഡ് വിൽക്കേഴ്സൺ

JEEVAMOZHIKAL
# ജീവമൊഴികൾ
നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ (യോഹ. 6:68)

വാല്യം 16 ഏപ്രിൽ 2018 ലക്കം 4

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs. 150/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.1200/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481 - 2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9562443142 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കാക്കനാട് | 9446095370 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയിൽ | 9495575692 |
| വയനാട് | 9656128665 |


## മൊഴിമുത്തുകൾ

# ബലഹീനതയിൽ തികയുന്ന ദൈവശക്തി



സ്വയത്തിൽ ആശ്രയിക്കരുത്. സ്വയാശ്രയം സാത്താന്റെ വലയാണ്. മീനുകളെ വലയിൽ പിടിക്കുന്നതുപോലെ സാത്താൻ വിശ്വാസികളെ സ്വയാശ്രയത്തിന്റെ വലയിൽ കുടുക്കി നശിപ്പിക്കുന്നു. സ്വയതൃപ്തിയും സ്വയംപര്യാപ്തതയും ഒഴിവാക്കണം. ക്രിസ്തുവിൽ ശക്തരായി വളരുവാനുള്ള മാർഗ്ഗം നിങ്ങളിൽത്തന്നെ ബലഹീനരാവുകയാണ്. മാനുഷിക ശക്തി ഒഴിച്ചുകളയുന്നില്ലെങ്കിൽ ദൈവം മനുഷ്യഹൃദയത്തിൽ തന്റെ ശക്തി ചൊരിയുകയില്ല. അതുകൊണ്ട് ദൈവത്തിന്റെ കൃപയിൽ ആശ്രയിക്കുന്ന ഒരു ജീവിതം ഓരോ ദിവസവും നയിക്കുക.

-ചാൾസ് സ്പർജൻ

## സ്ഥിരമാനസൻ




സ്ഥിരമാനസൻ നിന്നിൽ ആശ്രയം വച്ചിരിക്കകൊണ്ടു നീ അവനെ പൂർണ്ണസമാധാനത്തിൽ കാക്കുന്നു. (യെശയ്യ 26:3)

*എഡിറ്റോറിയൽ*

# സഭയുടെ പണിയിൽ നമ്മുടെ പങ്കാളിത്തം



ചുട്ടുപൊള്ളുന്ന മരുഭൂമിയിലൂടെ, തലയൊളിപ്പിക്കാൻ തണലില്ലാതെ, ദാഹത്തിനിറ്റു വെള്ളമില്ലാതെ നടന്നു പോകുന്ന ഒരു പഥികൻ പൊടുന്നനെ ഒരു മരുപ്പച്ചയിലെത്തിയാൽ അവനുണ്ടാകുന്ന ആശ്വാസം എത്ര വലുതായിരിക്കും! ഈ ലോക മരുഭൂമിയിൽ ഇത്തരം ആശ്വാസത്തിന്റെ തുരുത്തുകളാകണം സഭകൾ.

സഭകളെ സംബന്ധിച്ച് ദൈവം ഇതാണാഗ്രഹിക്കുന്നത്. കാരണം ദൈവം മുഴുലോകത്തേയും വീണ്ടെടുക്കാനുള്ള തന്റെ പ്രവൃത്തി സഭയിലൂടെയാണ് ചെയ്യുന്നത്. ദൈവത്തിന്റെ പ്രവർത്തനരീതി തുടക്കം മുതൽ ഈ നിലയിലായിരുന്നു. മുഴുവൻ 'ഭൂമി'യെയും വീണ്ടെടുക്കാനായി ആദ്യം ഒരു 'ദേശത്തെ' സ്വന്തമാക്കുക. ലോകത്തെ 'എല്ലാ ജാതികളി'ലേക്കും എത്താനായി 'തനിക്കായി ഒരു ജന'ത്തെ തിരഞ്ഞെടുക്കുക – ഇതായിരുന്നു അബ്രഹാമിന്റെ കാലം മുതൽ ഇന്നുവരെയുള്ള ദൈവത്തിന്റെ പ്രവർത്തന വിധം.

അബ്രഹാമിനെ ദൈവം ആദ്യമായി വിളിക്കുന്ന ഭാഗത്തു തന്നെ ഇതിന്റെ സൂചന കാണാം: "യഹോവ അബ്രഹാമിനോട് അരുളിച്ചെയ്തതെന്തെന്നാൽ: നീ നിന്റെ ദേശത്തേയും ചാർച്ചക്കാരേയും പിതൃഭവനത്തെയും വിട്ടു പുറപ്പെട്ടു ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോകുക. ഞാൻ നിന്നെ വലിയൊരു ജാതിയാക്കും. നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും. നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും." (ഉൽപ. 12:1 –3)

രണ്ടുവാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്. ഒന്ന് : ദേശം. രണ്ട്: ഭൂമി. ദേശം ഒരു ചെറിയപ്രദേശമാണ്. ഭൂമിയാകട്ടെ ഈ മുഴുവൻ ലോകവും. അബ്രഹാമിനെ ദൈവം ഒരു ദേശത്തേക്കാണു വിളിക്കുന്നത്; അവനിലൂടെ അനുഗ്രഹിക്കുന്നതോ? മുഴുഭൂമിയെയും.

ഒരിക്കൽ ഈ മുഴുഭൂമിയും ദൈവത്തിന്റേതായിരുന്നു. കാരണം അവിടുന്നാണതിനെ സൃഷ്ടിച്ചത് (ഉൽപ.2:4) തുടർന്നു ആദിമ മനുഷ്യനെ ദൈവം അതിന്റെ കാവൽക്കാരനാക്കി. എന്നാൽ ആദം അവന്റെ വീഴ്ചയിലൂടെ സാത്താന്റെ അടിമയായിത്തീർന്നു. അടിമയുടെ സ്വത്തിന്റെ മേൽ അവന്റെ യജമാനനാണല്ലോ അവകാശം? അങ്ങനെ ഭൂമി ദുഷ്ടന്റെ അധീനതയിലായി. ഇങ്ങനെ നഷ്ടമായ ഈ ഭൂമിയെ തിരിച്ചുപിടിക്കാൻ അബ്രഹാമിനു ദൈവം ഒരു ദേശത്തെക്കുറിച്ചുള്ള ദർശനം നൽകുന്നു. ആ ദേശത്തിൽ നിന്നാരംഭിച്ചു ഭൂമിയെ മുഴുവൻ വീണ്ടെടുക്കാനുള്ള ദൈവപദ്ധതിയുടെ സൂചനയാണ് അബ്രഹാമിനു നൽകിയ അനുഗ്രഹ

ത്തിൽ കാണുന്നത്.

അബ്രഹാമിനും ആദിമ മനുഷ്യനായ ആദമിനും ഇടയിൽ ദൈവഭക്തരായ മൂന്നു വ്യക്തികളെയെങ്കിലും നമുക്കു കാണാൻ കഴിയും. ഹാബേൽ, ഹാനോക്ക്, നോഹ എന്നിവരാണവർ. എന്നാൽ ഇവരോട് ദൈവം വ്യക്തികൾ എന്ന നിലയിലാണ് ഇടപെടുന്നത്. നഷ്ടമായ ലോകത്തെയും മാനവരാശിയേയും വീണ്ടെടുക്കാനുള്ള ദൈവത്തിന്റെ പ്രവർത്തനം ഇവരിലൂടെ ആരംഭിക്കുന്നില്ല.

മറിച്ച്, വ്യക്തികൾക്കപ്പുറത്തു മാനവരാശിയുടെ പാപം എന്ന പ്രശ്നം അബ്രഹാം മുതലാണു ദൈവം കൈകാര്യം ചെയ്യാൻ തുടങ്ങുന്നത്. നേരത്തെ നമ്മൾ പരാമർശിച്ച ഹാബേൽ, ഹാനോക്ക്, നോഹ എന്നിവരിൽനിന്ന് അബ്രഹാമിനുണ്ടയിരുന്ന പ്രകടമായ ഒരു വ്യത്യാസം ഇവിടെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഹാബേലും ഹാനോക്കും നോഹയും തുടക്കം മുതൽ ദൈവാരാധകരായിരുന്നു. എന്നാൽ അബ്രഹാമിന്റെ പശ്ചാത്തലം അതായിരുന്നില്ല. യോശുവ: 24:2 കാണുക: "അപ്പോൾ യോശുവ സർവ്വജനത്തോടും പറഞ്ഞതെന്തന്നാൽ: യിസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. നിങ്ങളുടെ പിതാക്കന്മാരായ അബ്രഹാമിന്റെയും നാഹോരിന്റെയും പിതാവായ തേറഹ് പണ്ടു നദിക്കക്കരെ പാർത്തു അന്യദൈവങ്ങളെ സേവിച്ചു പോന്നു"!

ഹാബേലും ഹാനോക്കും നോഹയും ദൈവത്തെ സേവിച്ചപ്പോൾ വിഗ്രഹങ്ങളെ സേവിക്കുന്നവനായിരുന്നു അബ്രഹാം. പക്ഷേ ഈ അബ്രഹാമിലാണു ദൈവം മാനവരാശിയുടെ വീണ്ടെടുപ്പിന്റെ പ്രവൃത്തി ആരംഭിക്കുന്നത്. അബ്രഹാം ഒരളവിൽ ആദമിനെപ്പോലെയാണ്- നഷ്ടപ്പെട്ടവൻ, യഥാർത്ഥ ദൈവത്തെ വിട്ടുകളഞ്ഞവൻ. ലോകത്തിന്റെ പാപത്തെ കൈകാര്യം ചെയ്യാൻ തുടങ്ങുന്ന ദൈവം ഹാബേലിനെയും ഹാനോക്കിനേയും നോഹയേയും മറികടന്ന് ആദാമിന്റെ ലംഘനത്തിലൂടെയുണ്ടായ വീഴ്ചയ്ക്കു പരിഹാരമായി തന്റെ വീണ്ടെടുപ്പിൽ പ്രവൃത്തി അബ്രഹാമിൽ ആരംഭിച്ചതിൽ ഒരു ദൈവനീതിയുണ്ട്. അബ്രഹാമിനെ കാണിപ്പാനിരിക്കുന്ന ഒരു ദേശത്തേക്കു വിളിക്കുന്നു. ആ ദേശത്തിൽ ആദ്യം അവനെ അനുഗ്രഹിക്കുകയും തുടർന്നു ഭൂമിയെ മുഴുവൻ അനുഗ്രഹിക്കുകയും ചെയ്യുന്ന തന്റെ പ്രവർത്തനത്തിന്റെ രൂപരേഖയാണ് ദൈവം അബ്രഹാമിനെ ആദ്യം വിളിക്കുന്ന ഭാഗത്തുതന്നെ (ഉൽപ: 12:1 -3 കാണുക) അവന്റെ മുൻപിൽ അവിടുന്നു വയ്ക്കുന്നത്. നിശ്ചലമായ ഒരു കുളത്തിൽ ഒരു കല്ലു വന്നുവീണാൽ ആദ്യം കല്ലു വീണഭാഗത്തു വൃത്തത്തിൽ ഒരു തരംഗം ഉണ്ടാകും. തുടർന്ന് കുറച്ചുകൂടി വലിയ വൃത്തത്തിൽ മറ്റൊരു തരംഗം. പിന്നെ അതിനെക്കാൾ വലുത്. അങ്ങനെയങ്ങനെ അതു വ്യാപിച്ച് ഒടുവിൽ ആ തരംഗം കുളം മുഴുവൻ നിറയുന്നതുപോലെയാണ് ഒരു പ്രദേശത്ത് ആരംഭിച്ച് ഭൂമി മുഴുവൻ നിറയുന്ന ദൈവത്തിന്റെ അനുഗ്രഹത്തിന്റെ പ്രവൃത്തി.



*(ശേഷം പേജ് 39 ൽ)*

സന്ദേശം

# പാതാളഗോപുരങ്ങൾക്ക് ജയിക്കാൻ കഴിയാത്ത സഭ

സാക് പുന്നൻ

യേശുക്രിസ്തു സഭയെപ്പറ്റി സംസാരിച്ച രണ്ടേ രണ്ടു സന്ദർഭങ്ങളേ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ളു. ആ സന്ദർഭങ്ങൾ മത്താ. 16:18; 18:17 -20 എന്നീ ഭാഗങ്ങളിൽ നമുക്കു കാണാൻ കഴിയും. ഈ രണ്ടു സന്ദർഭങ്ങളിലും സാത്താൻ സഭയോടു പോരാടുന്നതിനെപ്പറ്റി അവിടുന്നു സംസാരിക്കുകയുണ്ടായി. ആദ്യത്തെ ഭാഗത്തു സാത്താൻ നേരിട്ട് ആത്മീയമരണത്തിന്റെ ശക്തികളിലൂടെ



*അവർ വിട്ടുപോകുമ്പോൾ ആത്മാർത്ഥതയില്ലാത്ത മറ്റുള്ളവരെയെല്ലാം തങ്ങളോടൊപ്പം ആവാഹിച്ചുകൊണ്ടുപോകുവാൻ അവർക്കു സാധിക്കുന്നു. ഇങ്ങനെ സഭ മത്സരാത്മാവിൽനിന്നു വിട്ടകന്ന് ശുദ്ധി പ്രാപിച്ചതായിത്തീരുന്നു.*

**ഏതെങ്കിലും ഒരു സ്ഥലത്ത് ആത്മീയമരണത്തിന്റെ ശക്തിക ളാൽ ജയിച്ചടക്കപ്പെടുന്ന ഒരു സഭയെ നാം കാണുവാനിടയാ കുന്നുവെന്നു വയ്ക്കുക. അതായത് അസൂയ, ഭിന്നത, മത്സരമനോഭാവം, മാനമന്വേഷി ക്കൽ, ദുർമാർഗ്ഗജീവിതം, ദ്രവ്യാഗ്രഹം, ലോകമയത്വം, വിദ്വേഷം, നിഗളം, വലിപ്പം ഭാവിക്കൽ, പരിശമനോഭാവം തുടങ്ങിയവ എവിടെയെങ്കിലും സഭയെ കീഴ്പ്പെടുത്തിയിട്ടുള്ളതായി കാണുന്നപക്ഷം, അത് യേശു വിനാൽ പണിയപ്പെടുന്ന സഭയല്ലെന്നു നമുക്കു തീർച്ചയാക്കാം.**

സഭയോടു പോരാടുന്നതിനെപ്പറ്റി യേശു സംസാരിക്കുന്നു. രണ്ടാമത്തെ ഭാഗത്തു സാത്താനാൽ വഞ്ചിക്കപ്പെടുകയും ജയിച്ചടക്കപ്പെടുകയും അങ്ങനെ താൻ അറിയാതെ തന്നെ അവന്റെ ഏജന്റായി മാറുകയും ചെയ്ത ഒരു വ്യക്തിയിലൂടെ അവൻ പരോക്ഷമായി സഭയെ ദുഷിപ്പിക്കുവാൻ ശ്രമിക്കുന്നതിനെപ്പറ്റിയാണ് യേശു സംസാരിക്കുന്നത്.

എന്നാൽ ഏതുതരം മാർഗ്ഗം സാത്താൻ ഉപയോഗിച്ചാലും ശരി, സഭയിലുള്ള തന്റെ ദാസന്മാരായ നമുക്കു സാത്താന്യപ്രവർത്തനങ്ങളെ ബന്ധിക്കുവാനും അവനാൽ പിടിച്ചക്കപ്പെട്ടവരെ സ്വതന്ത്രരാക്കുവാനുമുള്ള അധികാരം കർത്താവു നൽകിയിട്ടുണ്ട്. (മത്താ. 16:19; 18:18; 2 തിമോ. 2:26 എന്നീ ഭാഗങ്ങൾ നോക്കുക). എല്ലാ ധൈര്യത്തോടും കൂടെ ഈ അധികാരം നാം ഉപയോഗിക്കണം.

**ദൈവികവെളിപ്പാടിന്റെ പ്രാധാന്യം**

"നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" എന്നു യേശുവിനെപ്പറ്റി പത്രോസ് ഏറ്റുപറഞ്ഞ ദൈവികവെളിപ്പാടാകുന്ന പാറമേൽ സഭ പണിയപ്പെടുമെന്നാണ് മത്താ. 16:16 ൽ കർത്താവു പറഞ്ഞിട്ടുള്ളത്. പത്രോസിന് ആ വെളിപ്പാട് പിതാവായ ദൈവത്തിങ്കൽനിന്നാണ് ലഭിച്ചത് (വാ. 17). നമുക്കും പിതാവിൽനിന്നുതന്നെ ആ വെളിപ്പാടു ലഭിക്കേണ്ടിയിരിക്കുന്നു. കേവലം ബൈബിൾ പഠനത്തിൽനിന്നോ കേട്ടറിവിൽനിന്നോ ക്രിസ്തുവിനെപ്പറ്റി ലഭിക്കുന്ന അറിവുമാത്രം നമുക്കു മതിയാവുകയില്ല. "പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല" (മത്താ 11:27) അതിനാൽ പിതാവിനു മാത്രമേ ആ വെളിപ്പാട് നമുക്കു തരുവാൻ കഴിവുള്ളു. അതു ലഭിച്ചാൽ മാത്രമേ അപ്പോസ്തലന്മാർ തങ്ങളുടെ കാലത്തു സഭയെ കെട്ടിപ്പടുത്ത അതേ അടിസ്ഥാനത്തിൽ സഭയെ പണിയുവാൻ ഇന്നു നമുക്കും കഴിവുണ്ടാവുകയുള്ളൂ.

സാത്താന്റെമേൽ പൂർണ്ണ വിജയം പ്രാപിച്ച യേശു. ഇപ്പോൾ സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും ഉള്ള യേശു. സകലത്തെയും തന്റെ കാൽക്കീഴിലാക്കിക്കൊണ്ട് സകല അധികാരവും ഉള്ള എല്ലാറ്റിന്റെയും മേലും വാഴു

ന്നവനായ യേശു. ഈ യേശുവിനെ ദൈവപുത്രനെന്ന നിലയിൽ നമുക്കു കാണിച്ചുതരുവാൻ പിതാവിനു മാത്രമേ കഴിയുകയുള്ളൂ. (എഫേ. 1:17; 20–23). യേശുക്രിസ്തു ജഡത്തിൽ വന്നുവെന്നും സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടിട്ടും അവിടുന്നു പാപം ചെയ്യാതെ ലോകത്തെ ജയിച്ചുവെന്നും അങ്ങനെ താൻ നടന്നതുപോലെ നടക്കുവാനുള്ള പ്രത്യാശ കർത്താവു നമുക്കു നൽകിയിരിക്കുന്നുവെന്നും നമ്മെ കാണിച്ചുതരുവാൻ പിതാവിനു മാത്രമേ കഴിവുള്ളു (എബ്രാ. 4:15; 1 യോഹ. 2:6)

**സാത്താന്റെ ഏജന്റന്മാരിൽനിന്നും സഭയെ സംരക്ഷിക്കുക.**

അനന്തരഭാഗത്തു താൻ പണിയുന്ന സഭയ്ക്ക് ഒരു സവിശേഷതയുണ്ടായിരിക്കുമെന്നു യേശു പറഞ്ഞു. പാതാളഗോപുരങ്ങളെ (ആത്മീയമരണത്തിന്റെ ശക്തികളെ) അതു കീഴടക്കും. ഏതെങ്കിലും ഒരു സ്ഥലത്ത് ആത്മീയമരണത്തിന്റെ ശക്തികളാൽ ജയിച്ചടക്കപ്പെടുന്ന ഒരു സഭയെ നാം കാണുവാനിടയാകുന്നുവെന്നു വയ്ക്കുക. അതായത് അസൂയ, ഭിന്നത, മത്സരമനോഭാവം, മാനമന്വേഷിക്കൽ, ദുർമാർഗ്ഗജീവിതം, ദ്രവ്യാഗ്രഹം, ലോകമയത്വം, വിദ്വേഷം, നിഗളം, വലിപ്പം ഭാവിക്കൽ, പരീശമനോഭാവം തുടങ്ങിയവ എവിടെയെങ്കിലും സഭയെ കീഴ്പ്പെടുത്തിയിട്ടുള്ളതായി കാണുന്നപക്ഷം, അത് യേശുവിനാൽ പണിയപ്പെടുന്ന സഭയല്ലെന്നു നമുക്കു തീർച്ചയാക്കാം.

ഈ പാപങ്ങൾക്ക് അടിമകളാകുന്ന ജഡികക്രിസ്ത്യാനികൾ ഏതു സഭയിലും ഉണ്ടായിരിക്കും. എന്നാൽ ക്രിസ്തു പണിയുന്ന സഭയിൽ അത്തരം ആളുകൾക്കു പുറത്തളത്തിൽ മാത്രമേ സ്ഥാനം ലഭിക്കുകയുള്ളു. അവർക്ക് ഒരു ശുശ്രൂഷയോ ചുമതലയോ അധികാരമോ ഉണ്ടാവുകയില്ല. പാപത്താൽ തോൽപ്പിക്കപ്പെടുന്ന ക്രിസ്ത്യാനികൾക്ക് അധീശത്വം ലഭിക്കുന്ന ഒരു സഭയുടെ അംഗങ്ങളായി നാമാരും തീരരുത്.

സഭയെ നശിപ്പിക്കുവാൻ സാത്താൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു. മിക്കപ്പോഴും തന്റെ ഏജന്റുമാരെ സഭയിലേക്കു നുഴഞ്ഞു കടക്കുവാൻ പ്രേരിപ്പിച്ചുകൊണ്ടാണ് അവൻ ആ ശ്രമം നടത്തുന്നത്. ആരും കാണാതെ അങ്ങനെയുള്ള ചില വ്യക്തികൾ സഭയിൽ നുഴഞ്ഞു കയറിയതായി യൂദാ പ്രസ്താവിച്ചിരിക്കുന്നു (യൂദാ 4). യോശുവായെ കബളിപ്പിച്ച ഗിബയോന്യരെപ്പോലെ (യോശു. 9 നോക്കുക) സഭാമൂപ്പന്മാരെ കബളപ്പിച്ചുകൊണ്ട് ശിഷ്യന്മാരെന്നു നടിക്കുകയും ആരും കാണാതെ സഭകളിലേക്ക് നുഴഞ്ഞു കയറുകയും ചെയ്തിട്ടുള്ള ചിലർ ഇന്നും ഉണ്ട്. എങ്ങനെയാണ് ഇക്കൂട്ടർ സഭയിലെ മൂപ്പൻമാരെ കബളിപ്പിച്ചത്? ഒരുപക്ഷേ അവരുടെ കഴിവുകളാലോ ധനത്താലോ ലൗകിക പദവിയാലോ സഭാമൂപ്പന്മാർ വഞ്ചിതരായിപ്പോയിരിക്കണം. എല്ലാ ബാബിലോന്യസഭാവിഭാഗങ്ങളിലും ലൗകികസ്ഥാനമാനങ്ങളും പണവും പ്രസംഗചാതുര്യവും ഉള്ളവരാണ് അതതു സമൂഹത്തിന്റെ തീരുമാനങ്ങളെ സ്വാധീനിക്കുന്നത്. എന്നാൽ നമ്മുടെ ഇടയിൽ കാര്യങ്ങൾ അപ്രകാരമായിരിക്കരുത്. നാം ജാഗ്രതയുള്ളവരല്ലെങ്കിൽ ഗിബെയോന്യർ നമ്മുടെ ഇടയിലേക്കും കടന്നുവന്നേക്കാം.

**നുഴഞ്ഞുകയറിയ ആളുകൾ ഒരു സമയം വരെ സഭയിൽക്കഴിയുവാൻ ദൈവം ചിലപ്പോൾ അനുവദിച്ചെന്നുവരാം. അത് അവർക്കു മാനസാന്തരപ്പെടുവാനും ദൈവത്തിങ്കലേക്കു തിരിയുവാനും അവസരം നൽകുന്നതിനുവേണ്ടിയാണ്. തന്റെ ജ്ഞാനത്തിൽ സഭയിൽ ഭിന്നതകൾ ഉണ്ടാകുവാൻ ദൈവം അനുവദിക്കുകയും അതിലൂടെ താൻ അംഗീകരിക്കുന്നവരെ വെളിപ്പെടുത്തിക്കൊടുക്കുവാൻ ദൈവത്തിനു സാധിക്കുകയും ചെയ്യുന്നു**

ഇങ്ങനെ നുഴഞ്ഞുകയറിയ ആളുകൾ ഒരു സമയം വരെ സഭയിൽക്കഴിയുവാൻ ദൈവം ചിലപ്പോൾ അനുവദിച്ചെന്നുവരാം. അത് അവർക്കു മാനസാന്തരപ്പെടുവാനും ദൈവത്തിങ്കലേക്കു തിരിയുവാനും അവസരം നൽകുന്നതിനുവേണ്ടിയാണ്. അഥവാ, ലൂസിഫർ യുഗങ്ങൾക്കുമുമ്പ് സ്വർഗ്ഗത്തിൽ ചെയ്ത പ്രവർത്തനം നടത്തുവാൻ ചിലപ്പോൾ അവരെ ദൈവം അനുവദിച്ചെന്നുവരാം. താൻ മത്സരിക്കുകയും ദൈവത്തിൽനിന്ന് അകന്നുപോകയും ചെയ്തപ്പോൾ ലൂസിഫർ ദൂതവൃന്ദത്തിൽ മൂന്നിലൊരു ഭാഗത്തെ തന്നോടൊപ്പം വലിച്ചുതാഴ്ത്തിക്കൊണ്ടുപോയി (വെളി. 12:4). ഇപ്രകാരം മൂന്നാം സ്വർഗ്ഗത്തിൽനിന്നു മത്സരമനോഭാവമുള്ള സകലരും നീങ്ങിപ്പോകുവാനിടയായി. ഇതുപോലെ ഇന്നും സ്വാർത്ഥാന്വേഷികളായ ആളുകൾ സഭയിലേക്കു കടന്നുവരുവാൻ ദൈവം അനുവദിക്കുന്നു. അതുമൂലം അവർ വിട്ടുപോകുമ്പോൾ ആത്മാർത്ഥതയില്ലാത്ത മറ്റുള്ളവരെയെല്ലാം തങ്ങളോടൊപ്പം ആവാഹിച്ചുകൊണ്ടുപോകുവാൻ അവർക്കു സാധിക്കുന്നു. ഇങ്ങനെ സഭ മത്സരാത്മാവിൽനിന്നു വിട്ടകന്ന് ശുദ്ധി പ്രാപിച്ചതായിത്തീരുന്നു. തന്റെ ജ്ഞാനത്തിൽ സഭയിൽ ഭിന്നതകൾ ഉണ്ടാകുവാൻ ദൈവം അനുവദിക്കുകയും അതിലൂടെ താൻ അംഗീകരിക്കുന്നവരെ വെളിപ്പെടുത്തിക്കൊടുക്കുവാൻ ദൈവത്തിനു സാധിക്കുകയും ചെയ്യുന്നു (1കൊരി. 11:19) ഇങ്ങനെയാണ് നമ്മുടെ ദൈവം തിന്മയിൽനിന്നു നന്മ വിളയിക്കുന്നത്.

നമ്മുടെയിടയിൽ കർത്താവു വീണ്ടും വീണ്ടും ചെയ്തിട്ടുള്ള കാര്യങ്ങളിൽ ഇതിനൊരു ദൃഷ്ടാന്തം കണ്ടെത്താൻ നമുക്കു കഴിയും. സഭയിൽ സ്ഥാനമാനങ്ങൾ ആഗ്രഹിച്ചവരും ഭിന്നതയുടെ ആത്മാവു ബാധിച്ചവരുമായ വ്യക്തികളെ സഭയിൽനിന്നു നീക്കിക്കളയുവാൻ അവിടുന്നു സാഹചര്യങ്ങളെ വിദഗ്ദ്ധമായ വിധം ക്രമീകരിക്കുകയും അവരെ നീക്കുകയും ചെയ്തിട്ടുണ്ട് (റോമർ 16:17). നമ്മുടെ മധ്യത്തിലേക്കു കടന്നുവന്ന സമർത്ഥരും വമ്പരുമായ ആളുകളെ 'അവരുടെ കൗശലത്തിൽത്തന്നെ' (1കൊരി.3:19) കർത്താവു പിടികൂടുകയും സഭയെ റാഞ്ചിക്കൊണ്ടുപോകുവാൻ അവർ ചെയ്ത ശ്രമങ്ങളെ നിഷ്ഫലമാക്കുകയും ചെയ്തിട്ടുണ്ട്. കർത്താവിനു

നമ്മെക്കുറിച്ചുള്ള കരുതലിന്റെ ഒരു അടയാളമായി ഇതിനെ കരുതാം. നമ്മുടെ രാജ്യത്ത് കർത്താവിന് വിശുദ്ധവും നിർമ്മലവുമായ ഒരു സാക്ഷ്യം ഉണ്ടാകണമെന്നാണ് അവിടുത്തെ തീവ്രമായ ആഗ്രഹം.

കർത്താവു സാത്താന്റെ സകല തന്ത്രങ്ങളിൽനിന്നും വിടുവിക്കാറ് നമ്മെ ജാഗ്രതയോടെ കാവൽ ചെയ്യുന്നതിനായി നമുക്ക് അവിടുത്തെ സ്തുതിക്കാം. യഹോവ പട്ടണം കാക്കാതിരുന്നാൽ കാവൽക്കാർ വൃഥാ ജാഗരിക്കുന്നു (സങ്കീ. 127:1). തന്റെ അനുഗ്രഹം നമുക്കു കല്പിച്ചു തരുവാനായി നമ്മെ ഒത്തൊരുമയുള്ളവരാക്കിത്തീർക്കുവാൻ കർത്താവ് ശക്തിയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു (സങ്കീ. 133:1,3). ഐക്യമുള്ള ഒരു സഭയ്ക്കു മാത്രമേ പാതാളഗോപുരങ്ങളെ ജയിപ്പാൻ കഴിവുണ്ടാകയുള്ളു. അതിനാൽ അപ്രകാരമുള്ള ഐക്യത്തിൽ നമ്മെ സൂക്ഷിക്കുവാൻ പരിശുദ്ധാത്മാവു ശക്തിയോടെ വ്യാപരിച്ചുകൊണ്ടിരിക്കുന്നു. ഭാവിയിലും കർത്താവ് ഈ വേല തുടരുവാൻ നാം പ്രാർത്ഥിക്കണം. അവിടുന്നു നമുക്കു നൽകിയിട്ടുള്ള മാറ്റമില്ലാത്ത വാഗ്ദാനം ഇതാണ്. "ഞാൻ നിന്റെ മധ്യേനിന്ന് നിന്റെ ഗർവോല്ലസിതന്മാരെ നീക്കിക്കളയും: ഞാൻ നിന്റെ നടുവിൽ താഴ്മയും ദാരിദ്ര്യവും ഉള്ളോരു ജനത്തെ ശേഷിപ്പിക്കും" (സെഫെ. 3:11,12). താഴ്മയും ആത്മദാരിദ്ര്യവും ഉള്ളവരെക്കൊണ്ടു മാത്രമേ ഐക്യമുള്ള ഒരു സഭയെ കെട്ടിപ്പടുക്കുവാൻ സാധ്യമാവുകയുള്ളു.

മാനുഷികമായ തീക്ഷ്ണത മൂലം ആരെയെങ്കിലും സഭയിൽനിന്നു പുറത്താക്കുക എന്നതു നമ്മുടെ കർത്തവ്യമല്ല. എന്തെന്നാൽ മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ പ്രവർത്തിക്കുന്നില്ല (യാക്കോ.1:20). നേരെ മറിച്ച് നമ്മുടെ അടുക്കൽവരുന്ന എല്ലാവരെയും കൈക്കൊള്ളുകയും അവർക്കു ജീവന്റെ വഴി കാണിച്ചു കൊടുക്കുകയുമാണ് നമ്മുടെ കർത്തവ്യം. എന്നാൽ തന്റെ സഭയെ നിർമ്മലതയിൽ സൂക്ഷിക്കുന്ന കാര്യത്തിൽ കർത്താവു തീക്ഷ്ണതയുള്ളവനാണ്. അതിനാൽ ദ്രവ്യവാണിഭക്കാരെ കർത്താവു തക്കസമയത്തു ദേവാലയത്തിൽനിന്നു പുറത്താക്കിയതുപോലെ സ്വാർത്ഥാന്വേഷികളായ ആളുകളെ തന്റെ മാർഗ്ഗത്തിലൂടെയും തന്റെ സമയത്തും അവിടുന്നു വെളിച്ചത്തുകൊണ്ടു വരികയും നീക്കിക്കളയുകയും ചെയ്യും.

മത്താ. 18:17-20 വാക്യങ്ങളിൽ സഭയിൽ മാലിന്യം വരുത്തുന്ന ഒരു സഹോദരനെപ്പറ്റി യേശു സംസാരിച്ചു. താൻ സാത്താന്റെ കരങ്ങളിൽ ഒരു ഉപകരണമായിത്തീർന്നിരിക്കയാണെന്ന് അയാൾക്കറിവില്ല. അതിനാൽ നാം അയാളുടെ അടുക്കൽച്ചെന്ന് അയാളെ നേടുവാൻവേണ്ടി അയാളുമായി സംസാരിക്കണമെന്ന് കർത്താവ് ആവശ്യപ്പെടുന്നു. ആ സഹോദരനെ നേടുക, അയാളെ സാത്താന്റെ പിടിയിൽനിന്നു വിടർത്തി കർത്താവിനും അവിടുത്തെ സഭയ്ക്കുംവേണ്ടി അയാളെ നേടുക ഇതായിരിക്കണം എപ്പോഴും നമ്മുടെ ലക്ഷ്യം. അയാൾ നമ്മെ ശ്രദ്ധിക്കുന്നില്ലെങ്കിൽ നാം വീണ്ടും അയാളെ നേടുവാൻ ഒരു ശ്രമം നടത്തണം. ഈ പ്രാവശ്യം വേറെ ചില സഹോദ

> **സാത്താൻ യേശുവിനെപ്പോലും ഭക്ഷണകാര്യത്തിൽ പരീക്ഷിച്ചുവെങ്കിൽ നമ്മുടെ ശരീരത്തിന്റെ ന്യായയുക്തമായ ആഗ്രഹങ്ങളുടെ കാര്യത്തിൽ അവൻ നമ്മെയും തീർച്ചയായും പരീക്ഷിക്കും. ഭക്ഷണത്തെയും വസ്ത്രത്തെയും പറ്റി ഉൽക്കണ്ഠാകുലരാകുന്നതിനെതിരായി തന്റെ ശിഷ്യന്മാർക്ക് യേശു താക്കീതു നൽകിയിട്ടുണ്ട്. രുചികരമായ ഭക്ഷണത്തിനും മോടിയുള്ള വസ്ത്രങ്ങൾക്കും നമ്മുടെമേൽ പിടിയുള്ളപക്ഷം തീർച്ചയായും സാത്താനു നമ്മുടെമേൽ സ്വാധീനശക്തിയുണ്ടാകും. കാരണം, അപ്പോൾ നമ്മുടെ രാജ്യം ഐഹികമായി മാറും.**

രൻമാരെ കൂട്ടിക്കൊണ്ടുപോയി അതു ചെയ്യണം. പിന്നെയും അയാൾ ശ്രദ്ധിക്കുന്നില്ലെങ്കിൽ അയാളെ അയാളുടെതന്നെ രക്ഷയ്ക്കായി കൂട്ടായ്മയിൽനിന്നു ബഹിഷ്കരിക്കണം. അപ്പോഴെങ്കിലും അയാൾ തന്റെ ആവശ്യം മനസ്സിലാക്കി മാനസാന്തരപ്പെടുവാനിടയാകും. ആ ഘട്ടത്തിലും നമ്മുടെ ലക്ഷ്യം പിന്നെയും നന്മതന്നെയായിരിക്കണം. അതായത് അയാളെ സാത്താനിൽനിന്നകറ്റുക, മറ്റുള്ളവർ അയാളുടെ ആത്മാവിനാൽ മാലിന്യപ്പെടാതെ സൂക്ഷിക്കുകയും ചെയ്യുക.

സാത്താന്റെ ഈ പ്രവർത്തനങ്ങളെ പ്രാർത്ഥനയിലൂടെ ബന്ധിക്കുവാൻ തക്കവണ്ണം നാം കർത്താവിൽ ശക്തരായിരിക്കണം. അങ്ങനെയെങ്കിൽ സഭകളിലുള്ള ദൈവത്തിന്റെ വേല തടസ്സം കൂടാതെ മുന്നോട്ടു പോകും. അതുപോലെ ഓരോ സഹോദരനോടും വേഗത്തിലും സമ്പൂർണ്ണമായും ക്ഷമിക്കുവാനും നാം പഠിക്കണം. അങ്ങനെയെങ്കിൽ നമ്മുടെ ജീവിതങ്ങൾക്കൊണ്ടു മുതലെടുക്കുവാൻ സാത്താനു സാധിക്കുകയില്ല (2 കൊരി. 2:11).

**സാത്താന്റെ തന്ത്രങ്ങൾ അറിയുക**

നാം ആത്മീയപോരാട്ടത്തിൽ ഏർപ്പെടുമ്പോൾ സാത്താന്റെ പദ്ധതികളെയും തന്ത്രങ്ങളെയും കൗശലങ്ങളെയും പറ്റി അജ്ഞരായിരിക്കരുത്. സാത്താൻ മരുഭൂമിയിൽവച്ച് യേശുവിനെപ്പോലും ഭക്ഷണകാര്യത്തിൽ പരീക്ഷിച്ചുവെങ്കിൽ നമ്മുടെ ശരീരത്തിന്റെ ന്യായയുക്തമായ ആഗ്രഹങ്ങളുടെ കാര്യത്തിൽ അവൻ നമ്മെയും തീർച്ചയായും പരീക്ഷിക്കും. ഭക്ഷണത്തെയും വസ്ത്രത്തെയും പറ്റി ഉൽക്കണ്ഠാകുലരാകുന്നതിനെതിരായി തന്റെ ശിഷ്യന്മാർക്ക് യേശു താക്കീതു നൽകിയിട്ടുണ്ട് (മത്താ.6:25). രുചികരമായ ഭക്ഷണത്തിനും മോടിയുള്ള വസ്ത്രങ്ങൾക്കും നമ്മുടെമേൽ പിടിയുള്ളപക്ഷം തീർച്ചയായും സാത്താനു നമ്മുടെമേൽ സ്വാധീനശക്തിയുണ്ടാകും. കാരണം, അപ്പോൾ നമ്മുടെ രാജ്യം ഐഹികമായി മാറും. പെൺമക്കളുള്ള മാതാപിതാക്കന്മാർ ആഭരണങ്ങളോടും വിലപിടിച്ച വസ്ത്രങ്ങളോടുമുള്ള അവരുടെ മോഹത്തെ പ്രോത്സാഹിപ്പിക്കാതിരിക്കുവാൻ പ്രത്യേകിച്ചും ശ്രദ്ധാലുക്കളായിരിക്കണം. അല്ലാത്തപക്ഷം ആ പുത്രി

*(ശേഷം പേജ് 19 ൽ)*

ചിന്തയ്ക്ക്

# പരിശോധനകളെ പാഴാക്കരുത്

**ഡേവിഡ് വിൽക്കേഴ്സൺ**

"സഹോദരന്മാരെ, എനിക്കു ഭവിച്ചതു സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായിത്തീർന്നു എന്നു നിങ്ങൾ അറിവാൻ ഞാൻ ഇച്ഛിക്കുന്നു" (ഫിലി. 1:12)

റോമൻ കാരാഗൃഹത്തിൽ കിടന്നുകൊണ്ടാണ് പൗലൊസ് ഈ ലേഖനം എഴുതുന്നത്. തനിക്കു ഭവിച്ച കാര്യങ്ങൾ കേട്ട് ആകുലപ്പെടേണ്ട എന്നു ഫിലിപ്പിയയിലെ ക്രിസ്ത്യാനികളെ ധൈര്യപ്പെടുത്തുകയാണ് പൗലൊസ് ഇവിടെ. അദ്ദേഹത്തിനു 'ഭവിച്ചത്' എന്താണ്?- ഏറെ ക്ലേശങ്ങളും പീഡനങ്ങളും. പൗലൊസിന്റെ ജീവചരിത്രം പഠിച്ചാൽ താൻ അഭിമുഖീകരിച്ച കാര്യങ്ങൾ എന്തെല്ലാമാണെന്നു കാണാം - കപ്പൽച്ചേതം, മർദ്ദനം, കല്ലേറ്, അദ്ധ്വാനം, പ്രയാസം, ഉറക്കിളപ്പ്, പൈദാഹം, പട്ടിണി, ശീതം, നഗ്നത.....

എന്നാൽ പൗലൗസിന് ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് ഉണ്ടായത് വീണ്ടും ജനിച്ചുവെന്ന് അവകാശപ്പെട്ട വിശ്വാസികളിൽ നിന്നായിരുന്നു. ചില എതിരാളികൾ അസൂയാലുക്കളായ സഭാനേതാക്കന്മാരായിരുന്നു. അവർ കൂട്ടത്തെ മുഴുവൻ പൗലൊസിനെതിരെ ഇളക്കി വിട്ടു. അവർ തന്റെ ജീവിതരീതിയെ കളിയാക്കി, പ്രസംഗങ്ങളെ ആക്ഷേപിച്ചു, സന്ദേശങ്ങളെ വളച്ചൊടിച്ചു, അധികാരത്തെ ചോദ്യം ചെയ്തു. ചുരുക്കത്തിൽ പൗലൊസ് എവിടെയെല്ലാം പോയോ അവിടെയെല്ലാം അവനെ കാത്തിരുന്നത് പ്രയാസങ്ങളും സങ്കടങ്ങളും ഉപദ്രവങ്ങളുമായിരുന്നു.

എന്നിട്ടും പൗലൊസ് പറയുന്നു" .... ഇവയൊന്നും എന്നെ ഇളക്കുകയേയില്ല...." (അപ്പോ.പ്രവൃ. 20:24, പരാവർത്തനം). മാത്രമല്ല വീണ്ടും താൻ പറയുന്നു "ഈ കഷ്ടങ്ങളിൽ ആരും കുലുങ്ങിപ്പോകാതിരിക്കേണ്ടതിന്......കഷ്ടം അനുഭവിപ്പാൻ നാം നിയമിക്കപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ തന്നേ അറിയുന്നുവല്ലോ. നാം കഷ്ടം അനുഭവിക്കേണ്ടി വരും എന്നു ഞങ്ങൾ നിങ്ങളോടു കൂടെ ഇരുന്നപ്പോൾ മുമ്പു കൂട്ടി പറഞ്ഞിട്ടുമുണ്ട്". (1 തെസ്സ. 3:2-4).

പൗലൊസ് ഫിലിപ്പിയയിലെ വിശ്വാസികളെ ധൈര്യപ്പെടുത്തുകയാണ് "യേശുവിനോടൊപ്പം നടക്കുമ്പോൾ കഷ്ടങ്ങളെ അഭിമുഖീകരിക്കേണ്ടി വരുമെന്നു ഞാൻ നിങ്ങളോടു പറഞ്ഞിട്ടില്ലേ? ഇവിടെ ഇപ്പോൾ ഈ കഷ്ടങ്ങൾ എനിക്കു നേരിട്ടിരിക്കുന്നുവെന്നേ ഉള്ളൂ.

ഇതിൽ അത്ഭുതപ്പെടാനൊന്നുമില്ല. ഇതു നമുക്കു വച്ചിരിക്കുന്ന അവകാശമാണ്.” വീണ്ടും ഫിലിപ്പിയരോട് പൗലൊസ് പറയുന്നതു ശ്രദ്ധിക്കുക “ ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനു വേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു വരം ലഭിച്ചിരിക്കുന്നു.”(ഫിലി. 1:29)

എന്നാൽ ഇന്നു സഭകളിൽ കേൾക്കുന്ന ഉപദേശം വ്യത്യസ്തമാണ് “ നിങ്ങളുടെ വിശ്വാസത്തെ ശരിയായി പ്രവർത്തിപ്പിച്ചാൽ നിങ്ങൾക്കു കഷ്ടപ്പെടേണ്ടി വരികയില്ല. ഐശ്വര്യവും, സമുദ്ധിയും ഉണ്ടാകും. ക്ലേശങ്ങളെച്ചൊല്ലി വിഷമിക്കേണ്ടി വരികയില്ല'' ഇങ്ങനെ പോകുന്നു ഈ ഉപദേശം. ഇല്ല, ബൈബിളിൽ ഇങ്ങനെയില്ല. മറിച്ച് പൗലൊസ് പറയുന്നത് ക്രിസ്തുവിനുവേണ്ടി കഷ്ടം അനുഭവിപ്പാൻ നമ്മെ നിയമിച്ചിരിക്കുന്നു എന്നാണ്.

ഓരോ ദിവസവും ഉറക്കമുണരുമ്പോൾ ബന്ധനങ്ങളും കഷ്ടങ്ങളും തന്നെ കാത്തിരിക്കുന്നു എന്നു പരിശുദ്ധാത്മാവ് സാക്ഷ്യം പറയുന്നതല്ലാതെ യഥാർത്ഥത്തിൽ എന്താണു സംഭവിക്കാൻ പോകുന്നതെന്നു പൗലൊസിന് അറിയാൻ പാടില്ലായിരുന്നു. (പ്രവൃ. 20:23)

ഈ ചിത്രം ഒന്നുസങ്കല്പിച്ചു നോക്കുക: സുവിശേഷം വിവിധ ജനതകളുടെ ഇടയിലേക്കു കൊണ്ടുപോകാൻ വിളിക്കപ്പെട്ട ഒരു വിശുദ്ധനായ മനുഷ്യൻ. പക്ഷേ ഓരോ സംരഭങ്ങൾക്കു മുമ്പും പരിശുദ്ധാത്മാവ് അവന്റെ കാതിൽ മന്ത്രിക്കുന്നു. “പൗലൊസ്, അടുത്ത ചുവട് അത്ര എളുപ്പമായിരിക്കുകയില്ല. വീണ്ടും നിങ്ങൾ എതിർപ്പുകളെ നേരിടാൻ പോകുകയാണ്. നിങ്ങൾക്കു കൂടുതൽ കഷ്ടതകളും പരിശോധനകളും ഉണ്ടാകും.”

ഈ മനുഷ്യന്റെ ജീവിതം അമ്പരപ്പിക്കുന്ന ഒന്നാണെന്ന് എനിക്കു തോന്നാറുണ്ട്. ജീവിതത്തിന്റെ ഓരോ വഴിത്തിരിവിലും പൗലൊസിനെ കാത്തിരുന്നത് കഷ്ടതകളും പ്രയാസങ്ങളുമാണ്. ഒരു മിഷനറി യാത്രയ്ക്ക് പരിശുദ്ധാത്മ പ്രേരണയാൽ അവൻ കപ്പൽ കയറുന്നു. ആ കപ്പൽ തകർന്നു. ഒരു വിധത്തിൽ നീന്തി കരപറ്റിയ പൗലൊസ് അടുത്ത സ്ഥലത്തേക്ക് കാൽനടയായി യാത്രയാവുന്നു. വഴിയിൽ കവർച്ചക്കാർ സകലതും പിടിച്ചുപറിച്ചു. അവിടെനിന്നു നടന്നു അടുത്ത താവളത്തിലെത്തി സുവിശേഷം അറിയിക്കുന്നു. പക്ഷേ ആളുകൾ ചെവിക്കൊണ്ടില്ലെന്നു മാത്രമല്ല അവർ അവനെ മർദ്ദിച്ചു കുണ്ടറയിലേക്കു വലിച്ചെറിഞ്ഞു. ഒടുവിൽ ജയിൽ മോചിതനായപ്പോൾ പൗലൊസ് സമയം പാഴാക്കാതെ അടുത്ത യാത്രയ്ക്കു തുനിയുകയാണ്. അപ്പോൾ പരിശുദ്ധാത്മാവു പറയുന്നു “പൗലൊസ് കൂടുതൽ കഷ്ടങ്ങൾ നിന്നെ കാത്തിരിക്കുന്നു. തയ്യാറാവുക. സന്തോഷിക്കുക പൗലൊസ്, ക്രിസ്തുവിനുവേണ്ടി കഷ്ടം ഏല്ക്കാൻ യോഗ്യനായി നീ എണ്ണപ്പെട്ടല്ലോ'' പൗലൊസ് കല്ലേറും തടവും മർദ്ദനവും ഏറ്റുവാങ്ങാനായി അടുത്ത സ്ഥലത്തേക്കു യാത്രയാവുന്നു....

നിങ്ങൾ ഒരു പക്ഷേ പറഞ്ഞേക്കാം “ ഓ ഇത് പൗലൊസിന്റെ ജീവിതത്തെക്കുറിച്ചാണു താങ്കൾ പറയുന്നത്. എന്റെ ജീവിതം ഇങ്ങനെയായിരിക്കണമെന്നില്ല. കഷ്ടങ്ങൾ അനുഭവിപ്പാൻ വരം ലഭിച്ചവനായിരുന്നു പൗലോസ്. എന്നാൽ എന്നെ അങ്ങനെ ഒരു ജീവിതത്തി

ലേക്കല്ല വിളിച്ചിരിക്കുന്നത്" തെറ്റ്! ബൈബിൾ പറയുന്നതു ശ്രദ്ധിക്കുക "നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു''. അവ എല്ലാറ്റിൽ നിന്നും യഹോവ അവനെ വിടുവിക്കും. (സങ്കീ. 34:19)

'അനർത്ഥങ്ങൾ അസംഖ്യമാകുന്നു' എന്ന വസ്തുത കേവലം പൗലൊസിനു വേണ്ടി മാത്രമുള്ളതാണോ? നാം എത്രത്തോളം നീതിമാന്മാരാകുമോ നമുക്കുണ്ടാകുന്ന അനർത്ഥങ്ങൾ അത്രത്തോളം ഏറും എന്നാണു ഞാൻ വിശ്വസിക്കുന്നത്. 'അവ എല്ലാറ്റിൽ നിന്നും കർത്താവ് അവനെ വിടുവിക്കും' എന്ന ആ വാക്യത്തിന്റെ അവസാന ഭാഗം കേൾപ്പാൻ നമുക്കെല്ലാം ഇഷ്ടമാണ്. എന്നാൽ അതിന്റെ ആദ്യഭാഗത്തെക്കുറിച്ച് നമുക്ക് അത്രയും സന്തോഷമുണ്ടോ?

ഞാൻ പൗലൊസിനോടു ചേർന്നു ചോദിക്കട്ടെ: ഒന്നിനു മീതെ ഒന്നായി പ്രയാസങ്ങൾ വരുമ്പോൾ നാം എന്തിനാണ് അമ്പരന്നു പോകുന്നത്? അവയെ ധാരാളമായി പ്രതീക്ഷിപ്പാനാണു നമ്മോടു പറഞ്ഞിരിക്കുന്നത്. എന്നാലും കഷ്ടതയുടെ മദ്ധ്യത്തിൽ നമ്മുടെ നിലവിളി ഇങ്ങനെയാണ്. " ദൈവമേ, എനിക്കു മതിയായി! ഞാനിതെല്ലാം സഹിക്കേണ്ടിവരുന്നത് എന്തുകൊണ്ടാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. അങ്ങയെ ഞാൻ സ്നേഹിക്കുന്നുവെന്ന് അവിടുത്തേക്ക് അറിയാമല്ലോ. ഞാനെന്നും വിശ്വസ്തനായിരുന്നെന്നും അവിടുത്തേക്ക് അറിയാം. എനിക്കു സഹിപ്പാൻ കഴിയുന്നതിലേറെ തരികയില്ലെന്ന് അവിടുന്നു പറഞ്ഞിട്ടുണ്ടല്ലോ, ദൈവമേ മതിയാക്കേണമേ!"

എളുപ്പത്തിലുള്ള വിടുതലാണ്

**സത്യത്തിൽ ഓരോ കഷ്ടതയും നിരാശയും നമ്മുടെ ജീവിതത്തിൽ കർത്താവ് അനുവദിക്കുന്നതാണ്. അവയ്ക്കെല്ലാം പിന്നിൽ കർത്താവിനു വ്യക്തമായ ഒരു ഉദ്ദേശ്യമുണ്ട്. ഇതിലൂടെ എല്ലാം അവിടുന്നു നമ്മെ എങ്ങോട്ടോ നയിക്കുകയാണ്. കഷ്ടങ്ങളിലൂടെ കടത്തിവിടുന്നതുപോലെ തന്നെ എളുപ്പമാണ് കർത്താവിനു നമ്മെ കഷ്ടങ്ങൾ ഏശാതെ സൂക്ഷിക്കുന്നതും. ഒരൊറ്റ വാക്കുകൊണ്ട് അവിടുത്തേക്കു വിടുവിക്കാൻ കഴിയും. എന്നാൽ അതു ചെയ്യാതെ നമ്മെ കഷ്ടങ്ങളിലൂടെ കടത്തിവിടുന്നു. എന്തിന്? ഒരു ദിവ്യലക്ഷ്യത്തിന്റെ സാക്ഷാത്കാരത്തിനുവേണ്ടി.**

നമ്മുടെ ആവശ്യം. എന്നാൽ ദൈവം എന്തു കൊണ്ടിത് അനുവദിച്ചു എന്നു നാം മനസ്സിലാക്കിയിരുന്നെങ്കിൽ! സത്യത്തിൽ ഓരോ കഷ്ടതയും പ്രയാസവും പരിശോധനയും നിരാശയും നമ്മുടെ ജീവിതത്തിൽ കർത്താവ് അനുവദിക്കുന്നതാണ്. അവയ്ക്കെല്ലാം പിന്നിൽ കർത്താവിനു വ്യക്തമായ ഒരു ഉദ്ദേശ്യമുണ്ട്. ഇതിലൂടെ എല്ലാം അവിടുന്നു നമ്മെ എങ്ങോട്ടോ നയിക്കുകയാണ്. നമ്മിലും നമ്മിൽ കൂടിയും അവിടുന്ന് എന്തോ പൂർത്തിയാക്കുവാൻ പരിശ്രമിക്കുകയാണ്.

എല്ലാ കഷ്ടതകളിൽനിന്നും നമ്മെ വിടുവിക്കുക കർത്താവിനു

**തങ്ങളുടെ കഷ്ടങ്ങളിൽ നിന്നു പാഠങ്ങൾ പഠിക്കാത്ത ക്രിസ്ത്യാനികളെ എനിക്കറിയാം. കുറച്ചുകഴിയുമ്പോൾ കഷ്ടങ്ങൾ വഴിയായുള്ള അഭ്യസനത്തിലൂടെ അവരെ കടത്തിവിട്ടിട്ടു പ്രയോജനം ഒന്നുമില്ലെന്നു മനസ്സിലാക്കി ദൈവം അവ പിൻവലിച്ചു കളയും. ഇത്തരം ക്രിസ്ത്യാനികൾ പ്രശ്നങ്ങൾ ഒന്നുമില്ലാത്തവരായി ജീവിതത്തിന്റെ ഉപരിതലത്തിലൂടെ ഒഴുകി നടക്കുന്നതു കാണാം. സത്യത്തിൽ അവർ ഏതെങ്കിലും ഒരു ലക്ഷ്യത്തിലേക്കു നീങ്ങുന്നവരല്ല. ദൈവിക പദ്ധതിയിൽ അവർക്കൊരു ഭാവിയില്ല.**

വളരെ എളുപ്പമാണ്. "നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറയുന്നതോ എഴുന്നേറ്റു നടക്ക എന്നു പറയുന്നതോ എതാകുന്നു എളുപ്പം?" എന്ന് യേശു ചോദിച്ചപ്പോൾ അവിടുന്ന് ഇതാണ് അർത്ഥമാക്കിയത് (ലൂക്കോ. 5:23). തനിക്കു രണ്ടും ചെയ്യാൻ കഴിവുണ്ടെന്നാണ് കർത്താവു പറഞ്ഞതിന്റെ സാരം. അപ്പോൾ കഷ്ടങ്ങളിലൂടെ കടത്തിവിടുന്നതുപോലെ തന്നെ എളുപ്പമാണ് കർത്താവിനു നമ്മെ കഷ്ടങ്ങൾ ഏശാതെ സൂക്ഷിക്കുന്നതും. ഒരൊറ്റ വാക്കുകൊണ്ട് അവിടുത്തേക്കു വിടുവിക്കാൻ കഴിയും. എന്നാൽ അതു ചെയ്യാതെ നമ്മെ കഷ്ടങ്ങളിലൂടെ കടത്തിവിടുന്നു. എന്തിന്? ഒരു ദിവ്യലക്ഷ്യത്തിന്റെ സാക്ഷാത്കാരത്തിനുവേണ്ടി.

കർത്താവു കഷ്ടങ്ങളിലൂടെ നടത്തുന്നില്ലെങ്കിൽ അത് അവിടുന്നു നമ്മെ തള്ളിക്കളഞ്ഞു എന്നതിന്റെ തെളിവാകാനും സാധ്യതയുണ്ട്. "ഈ വിശ്വാസിക്കുവേണ്ടി എനിക്കു പ്രത്യേക പദ്ധതികളൊന്നുമില്ല. കുട്ടിയുടെ മനസ്സുള്ള ഒരുവൻ. ഇവൻ പ്രത്യേക പരിശീലനമോ ശിക്ഷണമോ ഒന്നും കൂടാതെ പൊയ്ക്കൊള്ളട്ടെ. കഷ്ടങ്ങളിലൂടെ കടന്നുപോയി മറ്റുള്ളവരേയും പഠിപ്പിക്കാൻ തക്ക അഭ്യസനം നേടുവാൻ ഇവൻ യോഗ്യനല്ല. ഇവൻ തന്റെ ശൈശവമനോഭാവത്തിൽ തന്നെ ജീവിച്ചു മരിക്കട്ടെ." ഇതാവാം അങ്ങനെയുള്ളവരെക്കുറിച്ചുള്ള ദൈവത്തിന്റെ മനോഭാവം.

തങ്ങളുടെ കഷ്ടങ്ങളിൽ നിന്നു പാഠങ്ങൾ പഠിക്കാത്ത ക്രിസ്ത്യാനികളെ എനിക്കറിയാം. കുറച്ചുകഴിയുമ്പോൾ കഷ്ടങ്ങൾ വഴിയായുള്ള അഭ്യസനത്തിലൂടെ അവരെ കടത്തിവിട്ടിട്ടു പ്രയോജനം ഒന്നുമില്ലെന്നു മനസ്സിലാക്കി ദൈവം അവ പിൻവലിച്ചു കളയും. ഇത്തരം ക്രിസ്ത്യാനികൾ പ്രശ്നങ്ങൾ ഒന്നുമില്ലാത്തവരായി ജീവിതത്തിന്റെ ഉപരിതലത്തിലൂടെ ഒഴുകി നടക്കുന്നതു കാണാം. സത്യത്തിൽ അവർ ഏതെങ്കിലും ഒരു ലക്ഷ്യത്തിലേക്കു നീങ്ങുന്നവരല്ല. ദൈവിക പദ്ധതിയിൽ അവർക്കൊരു ഭാവിയില്ല. മരുഭൂമിയിലൂടെ നാല്പതു വർഷം ചുറ്റിത്തിരിഞ്ഞ യിസ്രായേൽ മക്കളെപ്പോലെയാണവർ. ദൈവം അവരെ പലതും അഭ്യസിപ്പിക്കാൻശ്രമിച്ചു. ഒടുവിൽ ഉപേക്ഷിച്ചു കളഞ്ഞു.

*(ശേഷം പേജ് 34 ൽ)*

ധ്യാനചിന്തകൾ

# ഈസ്റ്റർ നൽകുന്ന രണ്ടു പാഠങ്ങൾ

സമകാലിക ക്രിസ്തീയ മത സമൂഹത്തിന്റെ വലിയൊരാഘോഷമാണ് ഈസ്റ്റർ. സുവിശേഷ വിഹിത ക്രിസ്തീയസമൂഹം ഈസ്റ്റർ ആഘോഷിക്കുന്നില്ലെങ്കിലും അതു നൽകുന്ന പാഠങ്ങളെ ഹൃദയത്തോടു ചേർത്തു വയ്ക്കുന്നവരാണ്.

ഈസ്റ്ററിന്റെ പ്രത്യാശാനിർഭരമായ പുലർച്ചെയ്ക്കു പിന്നിൽ നട്ടുച്ചയ്ക്കു സൂര്യൻ ഇരുണ്ടുപോയ ഒരു ദുഃഖവെള്ളിയുടെ മധ്യാഹ്നമുണ്ട്. പക്ഷേ മനുഷ്യപുത്രൻ മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റതിന്റെ ആഹ്ലാദം പങ്കിടുന്ന ഈസ്റ്റർദിന ആരവങ്ങൾക്കിടയിൽ 'എന്റെ ദൈവമേ എന്റെ ദൈവമേ നീയെന്നെ കൈവിട്ടതെന്ത്' എന്ന് ഉറക്കെ നിലവിളിച്ച് കടന്നുപോയ ദുഃഖവെള്ളിയുടെ ഉൾക്കിടിലങ്ങളെ നാം പലപ്പോഴും മറന്നുപോകുന്നു. എങ്കിൽ, ഈസ്റ്റർ ഒന്നാമത് നമ്മെ ഓർമിപ്പിക്കുന്നതെന്താണ്? അത് ലളിതമായ ഈ ഒരു സത്യമാണ്: രാത്രിയില്ലാതെ ഒരു പ്രഭാതമില്ല. ദുഃഖവെള്ളിയെ തുടർന്നാണ് ഈസ്റ്റർ. കുരിശില്ലാതെ കിരീടമില്ല.

നമ്മുടെ ജീവിതത്തോടുള്ള ബന്ധത്തിലും ഇക്കാര്യം ഹൃദയപൂർവം അംഗീകരിക്കുന്നത് നമുക്ക് ഏറെ സ്വസ്ഥത നൽകും. എന്നാൽ ഇത് എങ്ങനെ ഹൃദയപൂർവം അംഗീകരിക്കാൻ ഒരുവനു കഴിയും? ഇരുളും ദുഃഖവും ക്രൂശും സ്വാഗതം ചെയ്യുക സ്വാഭാവികമായി സാധ്യമാണോ?

യേശുവിന്റെ ജീവിതത്തിലെ ഒരു നിലപാട് ഇതിനെക്കുറിച്ചു നമുക്കു വെളിച്ചം നൽകും. യേശുവിനെ ക്രൂശീകരണത്തിനു തൊട്ടു മുൻപുള്ള വിചാരണ എന്ന പ്രഹസനത്തിനു പിടിച്ചുകൊണ്ടുപോകുവാൻ ഗെത്സെമനെ തോട്ടത്തിൽ മഹാപുരോഹിതന്റെ ചേവകരും പടയാളികളും വന്ന സമയം. പത്രോസ് പെട്ടെന്ന് യേശുവിനെ സംരക്ഷിക്കാനായി വാൾ ഊരി പടയാളികൾക്കു നേരെ വീശി. യേശു അപ്പോൾ അവനോട് ഇങ്ങനെ പറയുന്നു: 'വാൾ ഉറയിൽ ഇടുക. പിതാവ് എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ?' (യോഹന്നാൻ 18:11). അപ്പോൾ അതാണു കാര്യം. തന്റെ ക്രൂശിനെ യേശു, പിതാവു തന്ന പാനപാത്രമായി കണ്ടു. അതുകൊണ്ടുതന്നെ പിതാവിന്റെ ഹിതം ചെയ്യുന്നതു ജീവിതത്തിലെ പരമപ്രധാനമായ കാര്യമായി കണ്ടിരുന്ന യേശുവിന് ആ ക്രൂശിനെ സന്തോഷപൂർവം സ്വാഗതം ചെയ്യാൻ കഴിഞ്ഞു!

യേശുവിന്റെ ഈ നിലപാടിന്റെ വിദൂരമായ ഒരു നിഴൽ ബൈബിളിലെ ഒരു പഴയനിയമകഥാപാത്രമായ ഇയ്യോബിലും നാം കാണുന്നുണ്ട്. ഇയ്യോബിന്റെ ജീവിതത്തിൽ

ഒട്ടേറെ ദുരിതങ്ങൾ ഒന്നിനുപിറകെ ഒന്നായി വന്നു. അപ്പോൾ അവന്റെ ഭാര്യ പോലും ഇത്തരം ദുരനുഭവങ്ങൾ അനുവദിക്കുന്ന ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിച്ചുകളയാൻ അവനെ പ്രേരിപ്പിക്കുന്നു. ഈ സന്ദർഭത്തിൽ ഇയ്യോബ് അവൾക്കു നൽകുന്ന മറുപടി ഇങ്ങനെ: 'ഒരു പൊട്ടി സംസാരിക്കുന്ന പോലെ നീ സംസാരിക്കുന്നു. നാം ദൈവത്തിന്റെ കൈയ്യിൽ നിന്നു നന്മ കൈക്കൊള്ളുന്നു. തിന്മയും കൈക്കൊള്ളരുതോ?'(2:10).

വലിയവനായ ദൈവത്തെ യേശു മാനവരാശിക്കു പരിചയപ്പെടുത്തിയത് നമ്മെ സ്നേഹിക്കുന്ന സ്വർഗീയ പിതാവ് എന്നാണ്. നാമും ദൈവത്തെ ആ നിലയിൽ കണ്ടാൽ അവിടുന്ന് നമുക്ക് അനുവദിക്കുന്ന അനുഭവങ്ങളെ, അവയുടെ വിശദാംശങ്ങളൊന്നും മനസ്സിലാകുന്നില്ലെങ്കിലും, നമ്മുടെ ആത്യന്തിക നന്മയ്ക്കായി അനുവദിച്ചിരിക്കുന്നതാണെന്നു കരുതുവാനും അവയെക്കുറിച്ചു പരാതിയും പരിഭവവും ഇല്ലാതിരിക്കുവാനും കഴിയും.

എന്താണ് ഈ ലോകത്തു നമുക്കു കൈയാളാൻ കഴിയുന്ന ആത്യന്തിക നന്മ? ഇതിനു ബൈബിൾ വളരെ വ്യക്തതയോടെ ഒരു ഉത്തരം നൽകുന്നുണ്ട്. ഒരു വചനം കാണുക: റോമർ 8:28 പറയുന്നത് നമുക്ക് സംഭവിക്കുന്നതെല്ലാം ദൈവം നമ്മുടെ നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കുന്നു എന്നാണ്. ഇവിടെ ഒരു സംശയം വരാം– കഷ്ടവും രോഗവും മരണവുമെല്ലാം നമ്മുടെ നന്മയ്ക്കായി തീരുന്നതെങ്ങനെ? തൊട്ടടുത്ത വചനം, റോമർ 8:29, ആണ് അതു വിശദമാക്കുന്നത്. യേശുവിന്റെ സ്വഭാവത്തോട് അനുരൂപമാകുന്നതാണ് ഭൂമിയിൽ ഒരുവനു നേടാവുന്ന ആത്യന്തിക നന്മ. അപ്പോൾ രോഗമായാലും കഷ്ടതയായാലും അതു നമ്മെ യേശുവിന്റെ സ്വഭാവത്തിലേക്കു നയിക്കുന്നുണ്ടെങ്കിൽ അതു നമ്മുടെ ആത്യന്തികനന്മയ്ക്കായി കൂടി വ്യാപരിക്കുകയാണ്. യേശുവിനു തന്റെ കഷ്ടങ്ങളിൽ പരാതിയോ പിറുപിറുപ്പോ ദൈവത്തോടും മനുഷ്യരോടും കയ്പോ ഉണ്ടായിരുന്നില്ല. നമ്മുടെ കഷ്ടങ്ങളും നമ്മെ അത്തരം ഒരു സ്വഭാവത്തിലേക്കു നയിക്കുമെങ്കിൽ ആ കഷ്ടങ്ങൾ നമ്മുടെ നന്മയ്ക്കായി കൂടി വ്യാപരിക്കുകയല്ലേ?

ജീവിതത്തിൽ താൻ കുടിക്കേണ്ടി വന്ന കഷ്ടതയുടെ പാനപാത്രത്തെ 'പിതാവ് എനിക്കു തന്ന പാനപാത്രം' എന്നു യേശു വിശേഷിപ്പിച്ചതു നാം കണ്ടല്ലോ. വാസ്തവത്തിൽ ആ പാനപാത്രം യേശുവിനായി ഒരുക്കിയതു തന്റെ ശത്രുക്കളല്ലേ? അതേ. എന്നാൽ അതിനെ യേശു വിളിക്കുന്നതു 'പിതാവു തനിക്കു തന്ന പാനപാത്രം' എന്നാണ്. പിതാവ് ഒരുക്കിയ പാനപാത്രം ഏതു മനുഷ്യകരത്തിൽ നിന്നും വാങ്ങിക്കുടിക്കാൻ അവിടുന്നു സദാ തയ്യാറായിരുന്നു. മാത്രമല്ല, ലവലേശം പരിഭവമോ കയ്പോ ഇല്ലാതെയാണ് അങ്ങനെ ചെയ്തത്. യേശുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുന്ന ആത്യന്തിക നന്മയാണു നമ്മുടെ ലക്ഷ്യമെങ്കിൽ ഇക്കാര്യത്തിൽ നാം എത്രകാതം ഇനിയും മുന്നോട്ടു പോകേണ്ടിയിരിക്കുന്നു!

ഒരു കൊച്ചുപെൺകുട്ടിയുടെ കഥ കേട്ടിട്ടുള്ളത് ഇവിടെ പ്രസക്തമാണെന്നു തോന്നുന്നു. പെൺകുഞ്ഞ് എന്നും സ്കൂളി

ലേക്കും തിരികെ വീട്ടിലേക്കും നടന്നാണു പൊയ്ക്കൊണ്ടിരുന്നത്. ഒരു ദിവസം ഉച്ചകഴിഞ്ഞപ്പോൾ ശക്തിയായ കാറ്റ്. മഴയില്ലെങ്കിലും ഇടയ്ക്കിടെ മിന്നലും ഇടിയും. മകൾ സ്കൂൾ വിട്ടു തനിയെ നടന്നു വരുമ്പോൾ ഇടിമിന്നൽ മൂലം പേടിച്ചു പോയേക്കുമെന്നു കരുതി അമ്മ അവളെ അന്വേഷിച്ച് ഇറങ്ങി.

അമ്മ സ്കൂളിലേക്കു വേഗത്തിൽ നടന്നു ചെല്ലുമ്പോൾ മകളിതാ മെല്ലെ ഒറ്റയ്ക്കു വഴിയുടെ മറുവശത്തു കൂടി നടന്നു വരുന്നു. പെട്ടെന്നു തിളങ്ങുന്ന വാൾ പോലെ ഒരു മിന്നൽപിണർ ആകാശത്തെ കീറിമുറിച്ചു. തുടർന്നു ഭയാനകമാംവിധം ഇടി മുഴങ്ങി. എന്നാൽ അമ്മ ശ്രദ്ധിച്ചപ്പോൾ മകൾ പെട്ടെന്ന് നടത്തം നിർത്തി മിന്നൽപ്പിണറിനെ നോക്കി പുഞ്ചിരിക്കുന്നു! അതിനു ശേഷം പിന്നെയും നടക്കുന്നു. ഓരോ തവണയും മിന്നൽ ഉണ്ടാകുമ്പോൾ കുഞ്ഞ് നടത്തം നിർത്തി മുഖം ആകാശത്തേക്ക് ഉയർത്തി പുഞ്ചിരിക്കുകയാണ്.

പെട്ടെന്നു മകൾ അമ്മയെ കണ്ടു. അവൾ അമ്മയുടെ അടുക്കലേക്ക് ഓടിയെത്തി. അമ്മ കുഞ്ഞിനെ ചേർത്തണച്ചുകൊണ്ട് ചോദിച്ചു: 'മോളെ നീയെന്താ ചെയ്യുന്നത്? എന്താ നീ മിന്നലുണ്ടാകുമ്പോൾ നടത്തം നിർത്തി ആകാശത്തേക്കു നോക്കി പുഞ്ചിരിക്കുന്നത്?'

സഹജമായ നിഷ്കളങ്കതയോടെ കുഞ്ഞ് പറഞ്ഞു: 'ഞാൻ സുന്ദരിക്കുട്ടിയായി നിൽക്കുവാൻ ശ്രമിക്കുന്നതാ മമ്മീ. നോക്കൂ, ദൈവം വീണ്ടു വീണ്ടും എന്റെ ഫോട്ടോ എടുത്തുകൊണ്ടിരിക്കുകയല്ലേ?' ഇന്നു നമ്മൾ ജീവിതത്തിൽ ഓർക്കാപ്പുറത്ത് ഇടിമിന്നലുകളെ

**ഉവ്വ്, തിന്മയ്ക്കു താൽക്കാലിക ജയം മാത്രം. അവസാനമായി ജയിക്കുന്നതു നന്മയും സത്യവും മാത്രം. വെള്ളിയാഴ്ച സത്യത്തെ ക്രൂശിച്ചാൽ അതു ഞായറാഴ്ച ഉയിർത്തെഴുന്നേൽക്കും. തലച്ചോറിൽ ഇതൊരു സിദ്ധാന്തമായി അറിഞ്ഞാൽ പോര. തലയിൽ നിന്ന് ഒരടി താഴേക്ക് നമ്മുടെ ഹൃദയത്തിലേക്ക് ഇത് ഒരു ബോധ്യമായി വന്നാൽ അതു നമ്മുടെ ജീവിതത്തെ ഏറെ വ്യത്യാസപ്പെടുത്തും. നാം പിന്നീട് നഷ്ടങ്ങളും തെറ്റിദ്ധാരണകളും ഉണ്ടായാലും നന്മയുടെയും സത്യത്തിന്റെയും ഭാഗത്തു നിൽക്കും.**

അഭിമുഖീകരിക്കുമ്പോൾ മെല്ലെ തലയുയർത്തി ഇടിമിന്നലിനു പിന്നിലുള്ള ദൈവത്തിന്റെ കരങ്ങളെ കാണുവാൻ ഇടയാകട്ടെ. എന്നാൽ ഒരു കാര്യം: പുഞ്ചിരിതൂകാൻ മറന്നുപോകരുത്.

ഈസ്റ്റർ നമ്മെ ഓർമിപ്പിക്കുന്ന ലളിതമായ മറ്റൊരു സത്യം തിന്മയുടെ മേൽ അവസാനജയം നന്മയ്ക്കായിരിക്കും എന്നതാണ്. വാക്കിലും പ്രവൃത്തിയിലും മനോഭാവത്തിലും തെറ്റൊന്നും ചെയ്യാത്തവനായിരുന്നു യേശു. എല്ലാവരുടെയും നന്മ മാത്രം ആഗ്രഹിച്ചവൻ. എന്നിട്ടും മതമേലധ്യക്ഷന്മാരും ഭരണകൂടവും അവന് എതിരായിരുന്നു. തെറ്റായ ആരോപണങ്ങളുന്നയിച്ച് അവർ അവനെ ക്രൂശിച്ചു കൊന്നു.

**ജീവിതാനുഭവങ്ങളെ കേവലം സുഖമെന്നും ദുഃഖമെന്നും കാണാതിരിക്കാം. സുഖമായാലും ദുഃഖമായാലും അതു നമ്മെ യേശുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുത്തട്ടെ. അതാണ് ഈ ലോകജീവിതത്തിൽ ഒരുവനു നേടാവുന്ന ആത്യന്തിക നന്മ. പക്ഷേ കാര്യങ്ങളെ ഈ കാഴ്ചപ്പാടിൽ കാണണമെന്നുണ്ടെങ്കിൽ ഒന്നാമതു ദൈവത്തെ സ്വർഗീയപിതാവായി കാണുന്ന ലളിതമായ ഒരു വിശ്വാസത്തിലേക്കു നാം വരണം..**

തിന്മയും അസത്യവും ജയിച്ചുവെന്ന് എല്ലാവരും കരുതിപ്പോയ നിമിഷം. പക്ഷേ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയപ്പോൾ യേശു മരണത്തിന്റെ ശക്തികളെ തോൽപ്പിച്ച് ഉയിർത്തെഴുന്നേറ്റു. ഉവ്വ്, തിന്മയ്ക്കു താൽക്കാലിക ജയം മാത്രം. അവസാനമായി ജയിക്കുന്നതു നന്മയും സത്യവും മാത്രം. വെള്ളിയാഴ്ച സത്യത്തെ ക്രൂശിച്ചാൽ അതു ഞായറാഴ്ച ഉയിർത്തെഴുന്നേൽക്കും. തലച്ചോറിൽ ഇതൊരു സിദ്ധാന്തമായി അറിഞ്ഞാൽ പോര. തലയിൽ നിന്ന് ഒരടി താഴേക്ക് നമ്മുടെ ഹൃദയത്തിലേക്ക് ഇത് ഒരു ബോധ്യമായി വന്നാൽ അതു നമ്മുടെ ജീവിതത്തെ ഏറെ വ്യത്യാസപ്പെടുത്തും. നാം പിന്നീട് നഷ്ടങ്ങളും തെറ്റിദ്ധാരണകളും ഉണ്ടായാലും നന്മയുടെയും സത്യത്തിന്റെയും ഭാഗത്തു നിൽക്കും. വളഞ്ഞവഴികൾ തേടുന്നവർക്കു താൽക്കാലിക നേട്ടം ഉണ്ടായെന്നു വരാം. അവരാണു ജയിച്ചതെന്നു മറ്റുള്ളവരും കരുതിയേക്കാം. എന്നാൽ തിന്മയും അസത്യവും ആത്യന്തികമായി പരാജയപ്പെടും. അതുകൊണ്ട് സത്യത്തിന്റെ പക്ഷത്ത് ഒരു ന്യൂനപക്ഷമേയുള്ളെങ്കിലും അവരോടൊപ്പം നിൽക്കുക.

ഇതുവരെ പറഞ്ഞ കാര്യങ്ങളെ ഇങ്ങനെ സംക്ഷേപിക്കാം. ഒന്ന്: ജീവിതാനുഭവങ്ങളെ കേവലം സുഖമെന്നും ദുഃഖമെന്നും കാണാതിരിക്കാം. സുഖമായാലും ദുഃഖമായാലും അതു നമ്മെ യേശുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുത്തട്ടെ. അതാണ് ഈ ലോകജീവിതത്തിൽ ഒരുവനു നേടാവുന്ന ആത്യന്തിക നന്മ. പക്ഷേ കാര്യങ്ങളെ ഈ കാഴ്ചപ്പാടിൽ കാണണമെന്നുണ്ടെങ്കിൽ ഒന്നാമതു ദൈവത്തെ സ്വർഗീയപിതാവായി കാണുന്ന ലളിതമായ ഒരു വിശ്വാസത്തിലേക്കു നാം വരണം. ഇത് ഒരു പിതൃപുത്രബന്ധമാണ്. ഇതെങ്ങനെയാണു സാധ്യമാകുന്നതെന്നു ബൈബിൾ പറയുന്നു. 'അവനെ (യേശുവിനെ) ഹൃദയത്തിൽ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു.' (യോഹന്നാൻ 1:12) ലളിതമായ ഒരു വിശ്വാസത്തോടെ യേശുവിനെ ജീവിതത്തിൽ നാഥനും കർത്താവുമായി സ്വീകരിക്കുക. അപ്പോൾ മാത്രമാണ് ഈസ്റ്റർ നമ്മെ സംബന്ധിച്ചിടത്തോളം ഒരു യാഥാർത്ഥ്യമായി മാറുക. രണ്ട്: തിന്മയുടെയും അസത്യത്തിന്റെയും ജയം താൽക്കാലികം. ഭൂരിപക്ഷത്തോടൊപ്പം വളഞ്ഞവഴികൾ തേടാതെ കഷ്ടങ്ങൾ സഹിച്ചും സത്യത്തിനുവേണ്ടി നിൽക്കുക. ആത്യന്തികജയം സത്യത്തിനു മാത്രം - ഈസ്റ്റർ നമുക്കു നൽകുന്ന രണ്ടു സുപ്രധാന പാഠങ്ങൾ ഇവയാണ്. ❖

# പാതാളഗോപുരങ്ങൾക്കു ജയിക്കാൻ കഴിയാത്ത സഭ

*(പേജ് 10 ൽ നിന്ന് തുടർച്ച)*

മാർ സാത്താന്റെ ബന്ധനത്തിൽ അകപ്പെടും.

ലൂസിഫർ ദൈവദൂതന്മാരുടെ ഇടയിൽ പ്രധാനിയാണെന്ന ഒരു ബോധം അവനുണ്ടായപ്പോഴാണ് അവൻ സാത്താനായി മാറിയത് (യെഹെ. 28:11-18; യെശ. 14:12-15). ഒട്ടധികം വിശ്വാസികളുടെയും ഹൃദയത്തിലേക്കു സാത്താൻ കടക്കുന്നത് ഈ മാർഗ്ഗത്തിലൂടെയാണ്. ഒരു സഹോദരൻ സഭയിൽ താൻ പ്രധാനസ്ഥാനമുള്ള ഒരുവനാണെന്നു ചിന്തിക്കുവാനാരംഭിക്കുമ്പോൾ അയാൾ സാത്താന്റെ ആത്മാവിനാൽ ബാധിതനായിത്തീർന്നുവെന്നു സ്പഷ്ടം. അപ്പോൾ അയാൾക്കു ചുറ്റുമുള്ള വിവേചനശൂന്യരായ വിശ്വാസികൾ അയാൾക്കു പ്രാമാണികത്വം നൽകി അയാളുടെ അഹന്തയെ പോഷിപ്പിച്ചാൽത്തന്നെയും ആത്മീയപോരാട്ടത്തിൽ അയാൾ ശക്തിയറ്റവനായിത്തീർന്നുപോകും.

ഒരു സഹോദരൻ തന്റെ ആത്മീശക്തിക്കും വളർച്ചയ്ക്കും അപ്പുറമായി സഭായോഗങ്ങളിൽ ദീർഘസമയം സംസാരിച്ചു തന്റെ ശുഷ്കമായ വേദപരിജ്ഞാനത്താൽ ക്ഷമാശാലികളായ സഹോദരീസഹോദരന്മാരെ മുഷിപ്പിക്കുമ്പോൾ താൻ പ്രധാനിയായ ഒരുവനെന്നും മറ്റുള്ളവരെക്കാൾ വലിയവനെന്നും അയാൾ ചിന്തിക്കുന്നുവെന്നതു സ്പഷ്ടമാണ്. ഈ ചിന്ത സാത്താന്റെ ഒരു മനോഭാവമാണ്. ഇപ്രകാരമുള്ള ഒരു സഹോദരനു നീരസപ്പെടുകയെന്ന ചെറിയൊരു കാര്യത്തിൽപ്പോലും വിജയം ലഭിച്ചിട്ടില്ലെന്നതാണ് സത്യം. അയാൾ വളരെ മുഷിപ്പനായിത്തീർന്നതുമൂലം ചുരുക്കമായി സംസാരിക്കണമെന്നു നാം അയാളോടാവശ്യപ്പെടുന്ന പക്ഷം അയാൾ നീരസപ്പെടുവാനിടയാകും. ഇത്തരം സഹോദരൻമാർ നിരന്തരമായി തങ്ങളെത്തന്നെ വിധിക്കുന്ന ഒരു ജീവിതം നയിക്കുന്നില്ല എന്നു വ്യക്തമാണ്. അപ്രകാരമായിരുന്നുവെങ്കിൽ ആത്മാവ് അവരുടെ നിഗളത്തെയും പ്രമാണിത്വബോധത്തെയും പറ്റി അവർക്കു കുറ്റബോധം ഉളവാക്കുമായിരുന്നു.

ഈവിധമുള്ള സഹോദന്മാരെയാണ് സാത്താൻ തന്റെ ഏജന്റന്മാരാക്കുന്നത്. എന്നാൽ സഭയെ വിശുദ്ധിയിലും ശക്തിയിലും സൂക്ഷിക്കുവാൻ നാം ബാധ്യസ്ഥരായതിനാൽ അത്തരം ദീർഘഭാഷികളായ സഹോദരൻന്മാർ ഹ്രസ്വഭാഷികളാകുവാൻ നാം അവരെ പ്രബോധിപ്പിച്ചുകൊണ്ടിരിക്കണം. നമ്മുടെ പ്രബോധനത്തിങ്കൽ അവർ നീരസപ്പെട്ടാലും തരക്കേടില്ല. നീരസപ്പെടുന്നവർ സഭായോഗങ്ങളിൽ ഒരു മിനിറ്റിലധികം സംസാരിപ്പാൻ പാടില്ല. തങ്ങൾ വേഗത്തിൽ തങ്ങളുടെ നിഗളം ത്യജിച്ചു പൂർണ്ണഹൃദയരായിത്തീരുമെന്നുള്ള പ്രത്യാശ അങ്ങനെ അവർക്ക് ഏറ്റുപറയാം.

സ്ഥാനപ്പേരുകൾ ഉപയോഗിക്കുന്നതിനെപ്പറ്റി യേശു തന്റെ ശിഷ്യന്മാർക്കു താക്കീതു നൽകിയപ്പോൾ സഭയിൽ മറ്റുള്ളവർക്കുപരി തങ്ങളെത്തന്നെ ഉയർത്തുന്ന സാത്താന്യ

മനോഭാവത്തിനെതിരെയാണ് ആ മുന്നറിയിപ്പു നൽകപ്പെട്ടത്. റവറണ്ടുമാരും പാസ്റ്ററന്മാരും സാധാരണ സഹോദന്മാരെക്കാൾ വലിയവരാണ്. എന്നാൽ നാമെല്ലാവരും സാധാരണ സഹോദരന്മാരും മറ്റുള്ളവർക്കു ദാസന്മാരുമായിരിക്കണമെന്ന് യേശു കല്പിച്ചിട്ടുണ്ട്. ബാബിലോണിയൻ ക്രിസ്ത്യാനികൾ തങ്ങളുടെ സ്ഥാനപ്പേരുകൾ സൂക്ഷിക്കട്ടെ. നമുക്ക് അത്തരം മനോഭാവംപോലും ഒഴിവാക്കി ജീവിക്കാം. നിങ്ങളെത്തന്നെ സഭയിലെ ഏറ്റവും ചെറിയ സഹോദരനായിക്കരുതുക. അങ്ങനെയെങ്കിൽ നിങ്ങൾ സുരക്ഷിതനായിരിക്കുമെന്നു മാത്രമല്ല, സാത്താനെതിരായ പോരാട്ടങ്ങളിൽ ഒരു ധീരനായ പടയാളിയായിരിപ്പാൻ നിങ്ങൾക്കു സാധിക്കുകയും ചെയ്യും.

ദൈവം തന്നെ ആക്കിയിരുന്ന സാഹചര്യങ്ങളിൽ ലൂസിഫർ അസംതൃപ്തനായിരുന്നു. തന്മൂലമാണ് അവൻ പിശാചായി മാറിയത്. ഇന്നു ലോകമെമ്പാടുമുള്ള ആളുകളുടെ ഹൃദയത്തിൽ അവൻ അതേ അസംതൃപ്തി വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നു. ധാരാളം വിശ്വാസികൾ അതിനാൽ ബാധിതരായിത്തീരുകയും ചെയ്തിരിക്കുന്നു.

നിങ്ങളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ശ്രമിക്കുന്നതിൽ തെറ്റായിട്ടൊന്നുമില്ല. എന്നാൽ നിങ്ങൾക്കുള്ളതിലധികം മറ്റൊരു സഹോദരന് ഉള്ളതായിക്കാണുമ്പോൾ അയാളോട് അസൂയപ്പെടരുത്. അയാൾക്കുള്ളത് ആഗ്രഹിക്കയുമരുത്. അയാളിൽ നിന്നൊരു ദാനം ലഭിക്കാനും കാംക്ഷിക്കരുത്. എന്തെന്നാൽ ദാനങ്ങളെ വെറുക്കുന്നവനു മാത്രമേ ജീവൻ ഉണ്ടാകയുള്ളു (സദൃ. 15:27 KJV). ദൈവം നിങ്ങൾക്കു നൽകിയിട്ടുള്ളതിൽ സംതൃപ്തനായിരിക്കുക. നിങ്ങളുടെ ശമ്പളത്തെപ്പറ്റിയോ ഭവനത്തെപ്പറ്റിയോ നിങ്ങൾ അസംതൃപ്തനാകുന്ന മാത്രയിൽത്തന്നെ നിങ്ങൾ സാത്താനു ഹൃദയവാതിൽ തുറന്നുകൊടുക്കുകയാണു ചെയ്യുന്നത്.

**ജഡരക്തങ്ങൾക്കെതിരായുള്ള പോരാട്ടം**

"നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ" (എഫേ. 6:12).

3500 വർഷങ്ങൾക്കുമുമ്പ് മോശ സീനായിപർവ്വതത്തിൽനിന്ന് ഇറങ്ങിവരികയും ഒരു ഭൗമരാജ്യത്തെപ്പറ്റിയുള്ള വാഗ്ദാനം യിസ്രായേൽ ജനതയ്ക്കു നൽകുകയും ചെയ്തു. എന്നാൽ 2000 വർഷംമുമ്പ് യേശു സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ഒരു സ്വർഗ്ഗീയ രാജ്യത്തിന്റെ വാഗ്ദാനം നമുക്കു തരികയും ചെയ്തു. പഴയനിയമവും പുതിയനിയമവും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം ഇതാണ്. ഇതു നാം ഗ്രഹിക്കുന്നില്ലെങ്കിൽ സാത്താനെതിരായി ഫലപ്രദമായി പോരാടുവാൻ നമുക്കു സാധ്യമല്ല.

നമ്മുടെ രാജ്യം ഐഹികമല്ല. അതിനാൽ മറ്റൊരു മനുഷ്യജീവിയുമായി ഏതെങ്കിലും കാര്യത്തിൽ നാം കലഹിക്കരുത്. ഫലപ്രദമായ ആത്മീയപോരാട്ടത്തിന്റെ മുഖ്യമായ വ്യവസ്ഥകളിലൊന്ന് ഇതത്രേ. സാത്താൻ വിശ്വാസികളെ അവരുടെ വിളിയിൽനിന്ന് അകറ്റിക്കളയുവാൻ ഉപയോഗിക്കുന്ന ഒരു പ്രധാനമാർഗ്ഗം മറ്റുള്ളവരുമായി കലഹിക്കുവാൻ അവരെ പ്രേരിപ്പിക്കുക എന്നതാണ്. ഇത് അവരുടെ ബന്ധുക്കളോടോ അയൽക്കാരോടോ സഹോദരീസഹോദരന്മാരോടോ ആയിരിക്കാം.

സാധാരണയായി ഏതെങ്കിലും ഭൗതികവിഷയത്തിലായിരിക്കും ഈ കലഹം . ഇപ്രകാരം വിശ്വാസികളുടെ ശ്രദ്ധയെ സ്വർഗ്ഗീയകാര്യങ്ങളിൽനിന്ന് ഈ ഭൂമിയിലേക്കും അതിലെ കാര്യങ്ങളിലേക്കും വലിച്ചുതാഴ്ത്തുന്നതിൽ സാത്താൻ വിജയം നേടുന്നു. അങ്ങനെ തന്നോടുള്ള പോരാട്ടത്തിൽ അവരെ ശക്തിയറ്റവരാക്കിത്തീർക്കുകയും ചെയ്യുന്നു.

സാത്താനോടു ഫലപ്രദമായി പോരാടുകയും സഭയെ പണിയുകയും ചെയ്യുവാൻ നിങ്ങൾ ആഗ്രഹിക്കുന്നപക്ഷം യാതൊരു മനുഷ്യജീവിയോടും ഒരു കാര്യത്തിലും ഒരു തർക്കത്തിൽ ഏർപ്പെടുകയില്ലെന്ന് നിങ്ങൾ ദൃഢനിശ്ചയം ചെയ്യുക. മറ്റുള്ളവർക്കെതിരെ നമ്മുടെ മനസ്സിൽ മാത്രമുള്ള ഒരു സാങ്കല്പികയുദ്ധത്തിൽപ്പോലും നാം ഏർപ്പെടരുത്. സാത്താനെതിരായി മാത്രമേ നാം പോരാടാവൂ.

യാതൊരു വ്യക്തിക്കെതിരായും ഒരൊറ്റ പരാതിപോലും നമുക്ക് ഉണ്ടാകരുത്. അതുപോലെ ആരുടെമേലും ഒരവകാശവാദവും നാം പുറപ്പെടുവിക്കരുത്. ഉദാഹരണത്തിന് ആളുകൾ ബഹുമാനപൂർവ്വം നമ്മോടു പെരുമാറണമെന്നോ നമ്മെപ്പറ്റി പരിഗണന കാണിക്കണമെന്നോ സ്നേഹിക്കണമെന്നോ ഒരിക്കലും നമ്മെ വഞ്ചിക്കയോ ചതിക്കയോ ചെയ്യരുതെന്നോ ഉള്ള അവകാശവാദവും നമ്മിൽനിന്നുണ്ടാകരുത്. നമ്മുടെ വിവാഹപങ്കാളിയെക്കുറിച്ചുപോലും ഇപ്രകാരമുള്ള പ്രതീക്ഷകൾ നമുക്കുണ്ടാകുവാൻ പാടില്ല. ഈ വിധമുള്ള എല്ലാ തർക്കങ്ങളും പരാതികളും അവകാശവാദങ്ങളും നമ്മുടെ രാജ്യം ഐഹികമാണെന്നതിന്റെയും നമ്മുടെ ഹൃദയത്തെ നാം സാത്താന് ഏൽപിച്ചുകൊടുത്തിരിക്കുന്നുവെന്നതിന്റെയും സൂചനകളാണ്. ദൈവവുമായി മാത്രമാണ് നമുക്കു കാര്യം ഉള്ളത് (എബ്രാ. 4:13). അതിനാൽ നമ്മുടെ എല്ലാ സാഹചര്യങ്ങളും (മറ്റുള്ളവർ നമ്മോടു പെരുമാറുന്ന വിധം ഉൾപ്പെടെ) നാം തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപപ്പെടുക എന്ന പരമായ നന്മയ്ക്കുവേണ്ടി നമ്മുടെ സ്വർഗ്ഗസ്ഥപിതാവിനാൽ ക്രമീകരിക്കപ്പെട്ടിട്ടുള്ളവയാണ്. അതിനാൽ ഒരാൾക്കെതിരായും ഒരു പരാതിക്കും നമുക്കു കാര്യമില്ല. എല്ലായ്പ്പോഴും എല്ലാറ്റിനും വേണ്ടി സ്തോത്രം ചെയ്‌വാൻ മാത്രം നാം ബാധ്യസ്ഥരാണ്.

**സ്തോത്രത്തിന്റെ മനോഭാവം**

വെളിപ്പാടു പുസ്തകത്തിൽ സ്വർഗ്ഗത്തെപ്പറ്റി നൽകപ്പെട്ടിരിക്കുന്ന ഏഴ് അവലോകനങ്ങളിൽ ഓരോന്നിലും അവിടുത്തെ നിവാസികൾ നിരന്തരമായി ഉച്ചശബ്ദത്തിൽ ചിലപ്പോൾ ഇടിമുഴക്കം പോലെയും പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയുമുള്ള ഘോഷത്തോടെ ദൈവത്തെ സ്തുതിക്കുന്നതായി നാം കാണുന്നു. ഇതാണ് സ്വർഗ്ഗത്തിന്റെ അന്തരീക്ഷം. നിരന്തരസ്തോത്രത്തിന്റെ അന്തരീക്ഷമാണത്. യാതൊരു പരാതിയും അവകാശവാദവും അവിടെയില്ല. നമ്മുടെ ഹൃദയങ്ങളിലും ഭവനങ്ങളിലും സഭകളിലും പരിശുദ്ധാത്മാവു സൃഷ്ടിക്കുവാനാഗ്രഹിക്കുന്ന അന്തരീക്ഷവും ഇതുതന്നെ. ഈ സ്ഥലങ്ങളിൽനിന്നെല്ലാം സാത്താനെ ആട്ടിപ്പാ

*(ശേഷം പേജ് 27 ൽ)*



തിരുവെഴുത്തുകളെ പരിശോധിക്കുക

*ബൈബിളിലൂടെ........*

**എബ്രായലേഖനം**

# അനുസരണം പഠിച്ചു തികഞ്ഞ യേശു

പരിശുദ്ധാത്മ നിറവ് വിശുദ്ധിക്കു വേണ്ടിയുള്ള ഒരു എരിവ് നമ്മുടെ ഉള്ളിൽ തരുന്നു. അപ്പോഴാണു നമുക്കു യേശുവിന്റെ മാതൃകയെ പിൻപറ്റുവാൻ കഴിയുന്നത്. യേശു ഒരിക്കലും ശാരീരികമരണത്തെ ഭയപ്പെട്ടിരുന്നില്ല. എന്നാൽ ആത്മീയമരണത്തെ താൻ ഭയപ്പെട്ടിരുന്നതിനാൽ പാപത്തിന്റെ ഒരു നേരിയ ഗന്ധം പോലും തന്റെ ജീവിതത്തിൽ കടന്നു വരരുതെന്നു താൻ ആഗ്രഹിച്ചു. ഈ പാനപാത്രം കുടിക്കുവാൻ തനിക്കു താത്പര്യമില്ല എന്നു ഗെത്സെമെനെയിൽ പ്രാർത്ഥിച്ചപ്പോൾ എന്തായിരുന്നു താൻ അർത്ഥമാക്കിയത്? കുരിശിൽ ചെല



*ചിലപ്പോൾ അനുസരണം ആസ്വാദ്യകരമാണ്. നിങ്ങൾ നിങ്ങളുടെ കുഞ്ഞിനോട് ഐസ്ക്രീം കഴിക്കുവാൻ പറയുമ്പോൾ അത് അനുസരിക്കുന്നതു കുഞ്ഞിന് ആസ്വാദ്യകരമാണ്.*

വഴിച്ച മൂന്നു മണിക്കൂർ സമയത്തേക്ക് പിതാവിൽനിന്നും ബന്ധം വേർപെട്ടു നിൽക്കേണ്ട അവസ്ഥ-അതായിരുന്നു ആ പാനപാത്രം. നമ്മുടെ പാപത്തെ തന്റെ മേൽ വഹിക്കുന്നതിന്റെ ഫലം. അത് ആത്മീയമരണം തന്നെയാണ്. യേശു പാപത്തെ വെറുത്തിരുന്നു. കാരണം പിതാവുമായുള്ള കൂട്ടായ്മയെ അതു ഹനിച്ചിരുന്നു.

എന്നാൽ മനുഷ്യരെ നിത്യമായ നരക ശിക്ഷയിൽ നിന്നും രക്ഷിക്കുവാൻ വേണ്ടി കുരിശിൽ പിതാവുമായുള്ള ആ വേർപാട് അനുഭവിക്കേണ്ടത് അനിവാര്യമാണെന്നു പിതാവു ഗെത്സെമെനെയിൽ വച്ചു തന്നോടു പറഞ്ഞിരുന്നു. നമ്മോടുള്ള തന്റെ അദമ്യമായ സ്നേഹം കാരണമായി ആ വലിയ വില കൊടുക്കുവാൻ യേശു സമ്മതം നൽകി. എന്നാൽ ജീവിതകാലത്തൊരിക്കലും പാപം കാരണമായി ഒരു ബന്ധം വേർപിരിയലിനു യേശു തയ്യാറായിരുന്നില്ല. പാപത്തിന്റെ ഒരു ചെറിയ ഗന്ധം പോലും ദൈവവുമായുള്ള ബന്ധം മുറിയുന്നതിനും കാരണമായിത്തീരും. ദൈവവുമായി അത്തരം ഒരു കൂട്ടായ്മയെ നാം വിലമതിക്കുന്നവരെങ്കിൽ, കയ്പ്, ആത്മീയ നിഗളം, അശുദ്ധി, അസൂയ, ധനസ്നേഹം, വെറുപ്പ് മുതലായി ദൈവത്തിന്റെ പൂർണ്ണഹിതത്തിനു പുറത്തുള്ളതൊന്നിന്റെയും നേരിയഗന്ധം പോലും എന്നിലുണ്ടാവരുതെയെന്ന നിലവിളിയോടെയുള്ള പ്രാർത്ഥനയും കണ്ണുനീരും നമ്മിലുണ്ടായിരിക്കും.

ദൈവത്തിന്റെ സമ്പൂർണ്ണഹിതത്തിൽ ജീവിക്കുവാനുള്ള ആഗ്രഹം നമ്മിലില്ലാതെ വരുന്നതുകൊണ്ടാണു നാം പാപത്തെ ഗൗരവമായി കാണാത്തത്. വിശുദ്ധി എന്നത് ഒട്ടേറെ ക്രിസ്ത്യാനികളും ഗൗരവത്തോടെ കാണുന്ന ഒരു കാര്യമല്ല. ദൈവത്തിനു വേണ്ടിയോ മനുഷ്യരുടെ ആവശ്യങ്ങൾക്കായോ എന്തെങ്കിലും ശുശ്രൂഷ ചെയ്യണം. അതു മാത്രമാണ് അവർക്കു താത്പര്യമുള്ള ഒരു കാര്യം. അതു ലോകപരമായ ഒരു കാഴ്ചപ്പാട് മാത്രമാണ്. മറിയ യേശുവുമായി കൂട്ടായ്മ ആഗ്രഹിച്ചു. മാർത്തയോ അവിടുത്തേക്കു ശുശ്രൂഷ നൽകുവാൻ ആഗ്രഹിച്ചു. യേശു മാർത്തയെ ശാസിച്ചുകൊണ്ടു പറഞ്ഞു മറിയ ചെയ്തതു മാത്രമാണ് യഥാർത്ഥത്തിൽ ആവശ്യമുള്ള ഒരേ ഒരു കാര്യം (ലൂക്കോ 10:42). നമ്മുടെ ശുശ്രൂഷയെ ഫലവത്താക്കുന്ന ഒരേഒരു കാര്യം വിശുദ്ധിയാണ്.

എബ്രായർ 5:8-ൽ "പുത്രനെങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളിലൂടെ അനുസരണം പഠിച്ചു" എന്നു നമ്മോടു പറയുന്നു. യേശുവിനും അനുസരണം പഠിക്കേണ്ടതാവശ്യമായിരുന്നു. പഠിക്കുക എന്നതു വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഒരു പദമാണ്. തന്റെ ഈ ഭൂമിയിലെ ജീവിതകാലത്ത് യേശുവിനും 'അനുസരണം' എന്ന വിഷയത്തിൽ വിദ്യാഭ്യാസം നേടേണ്ടത് ഒരു ആവശ്യമായിരുന്നു. ദൈവം എന്ന നിലയിൽ സ്വർഗ്ഗത്തിൽ തനിക്ക് ആരെയും അനുസരിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. നാം ഒരിക്കലും ചെയ്തിട്ടില്ലാത്ത ഒരു കാര്യം ആദ്യമായി ചെയ്യുമ്പോൾ അക്കാര്യത്തിൽ നമുക്ക് ഒരു പഠനം ആവശ്യമാണ്. ഒരു മനുഷ്യനായി ഭൂമിയിൽ വന്നപ്പോൾ യേശുവിനും ഒരു പഠനം ആവശ്യമായിരുന്നു- അനുസരണത്തിന്റെ കാര്യത്തിൽ. തന്റെ

**യേശു സ്വയം ത്യജിക്കുന്നതിലൂടെയാണ് അനുസരണം പഠിച്ചത്. പിതാവു തനിക്കു നിരസിച്ച കാര്യങ്ങളെ നിരസിക്കുവാൻ താനും പഠിച്ചു. അപ്രകാരമുള്ള നിരാസങ്ങൾ നൽകിയ കഷ്ടവും സഹിഷ്ണുതയും അനുസരണമുള്ളവനാകുവാൻ തന്നെ സഹായിച്ചു. ആ വിദ്യാഭ്യാസത്തിന്റെ ഫലമായി തനിക്ക് പൂർണ്ണത ലഭിച്ചു. നമുക്കും അതേ വിദ്യാഭ്യാസത്തിലൂടെ ലഭിക്കേണ്ടത് അതേ ബിരുദമാണ്.**

സ്വർഗ്ഗീയ പിതാവിനെ മാത്രമല്ല ഭൂമിയിലെ മാതാപിതാക്കളായ യോസേഫിനെയും മറിയയെയും അനുസരിക്കാനും പഠിക്കേണ്ടതാവശ്യമായിരുന്നു. യോസേഫും മറിയയും അപൂർണ്ണതയും പാപസ്വഭാവമുള്ളവരുമായിരുന്നു. എല്ലാ മാതാപിതാക്കളെയും പോലെ അബദ്ധങ്ങൾ അവർക്കുമുണ്ടാകുമായിരുന്നു. എങ്കിലും യേശു അവരെ അനുസരിച്ചു. അതു പ്രയാസമേറിയ ഒരു കാര്യമായിരുന്നിരിക്കാം. എങ്കിലും സഹിഷ്ണുതയോടെ താൻ അനുസരിച്ചു. എന്നു വച്ചാൽ പിതാവിനെ അനുസരിക്കുമ്പോൾ സ്വന്തഹിതത്തെ ത്യജിക്കുക എന്ന കഷ്ടം താൻ സഹിച്ചു-ജീവിതകാലം മുഴുവനും. സഹിഷ്ണുത എന്ന വില കൊടുത്ത് യേശു അനുസരണം പഠിച്ചു.

ചിലപ്പോൾ അനുസരണം ആസ്വാദ്യകരമാണ്. നിങ്ങൾ നിങ്ങളുടെ കുഞ്ഞിനോട് ഐസ്ക്രീം കഴിക്കുവാൻ പറയുമ്പോൾ അത് അനുസരിക്കുന്നതു കുഞ്ഞിന് ആസ്വാദ്യകരമാണ്. എന്നാൽ അവൻ മറ്റു കുട്ടികളോടൊപ്പം മൈതാനത്തു കളിച്ചുകൊണ്ടിരിക്കുമ്പോൾ 'കളി നിർത്തിയിട്ടു വന്നു ഗൃഹപാഠം ചെയ്യുക' എന്നു പറയുമ്പോൾ അനുസരണം വേദനാജനകമാകും. ഇപ്രകാരം നമ്മുടെ ജീവിതത്തിലും അനുസരണം അനായാസകരവും ആസ്വാദ്യകരവുമായ ചില മേഖലകളുണ്ട്. എന്നാൽ നമുക്ക് ഇഷ്ടമില്ലാത്ത ചില കാര്യങ്ങൾ നാം ചെയ്യേണ്ടിവരുമ്പോൾ അതൊരു യഥാർത്ഥ പരിശോധനയാണ്. അവിടെ സ്വന്ത ഇച്ഛയെ ത്യജിക്കേണ്ടതായിട്ടുണ്ട്. അതു തികെച്ചും വേദനാജനകമാണ്. അവിടെയാണ് നമ്മുടെ അനുസരണം പരിശോധനയ്ക്കു വിധേയമാകുന്നത്.

യേശു സ്വയം ത്യജിക്കുന്നതിലൂടെയാണ് അനുസരണം പഠിച്ചത്. പിതാവു തനിക്കു നിരസിച്ച കാര്യങ്ങളെ നിരസിക്കുവാൻ താനും പഠിച്ചു. അപ്രകാരമുള്ള നിരാസങ്ങൾ നൽകിയ കഷ്ടവും സഹിഷ്ണുതയും അനുസരണമുള്ളവനാകുവാൻ തന്നെ സഹായിച്ചു. ആ വിദ്യാഭ്യാസത്തിന്റെ ഫലമായി തനിക്ക് പൂർണ്ണത ലഭിച്ചു (5:9). ഇവിടെ പ്രയോഗിച്ചിരിക്കുന്ന പദം "തികവ്" എന്നതാണ്. താൻ പഠിച്ചു പരീക്ഷ പാസ്സായി ബിരുദം ലഭിച്ചു. നമുക്കും അതേ വിദ്യാഭ്യാസത്തിലൂടെ ലഭിക്കേണ്ടത് അതേ ബിരുദമാണ്. നമുക്കും പല പരീക്ഷകളെ അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്.- യേശു അഭിമുഖീകരിച്ചതുപോലെ. ഒരു പരീക്ഷയിൽ തോറ്റു പോയാൽ എന്താണു ചെയ്യാൻ കഴിയുക? അതേ പരീക്ഷ വീണ്ടും എഴുതണം.

പാസ്സാകുമ്പോൾ മാത്രമേ ബിരുദം ലഭിക്കുകയുള്ളു. അതോടെ നാം ജയാളികൾ ആകും. ആ ബിരുദ മാണ് ഏറ്റവും പ്രാധാന്യമുള്ള ഒന്ന്. അതിനോടു താരതമ്യം ചെയ്താൽ മറ്റെല്ലാം ചവറാണ്. "എന്നെ അനു ഗമിക്ക" എന്ന് യേശു പറയുന്നത് നമ്മുടെ രക്ഷയുടെ നായകൻ എന്ന നിലയിൽ അവിടുന്നു ചെയ്ത തൊക്കെ ചെയ്യുവാനാണ്. അവിടുന്ന് അഭിമുഖീകരിക്കാത്ത ഒരു പരീക്ഷ യിലൂടെയും കടക്കുവാൻ അവിടുന്നു നമ്മെ അനുവദിക്കുകയില്ല. അതു കൊണ്ടു നമുക്കു ധൈര്യത്തോടെ കൃപാസനത്തിങ്കലേക്കു കടന്നു ചെന്നു ധൈര്യത്തോടെ നമ്മുടെ വിദ്യാഭ്യാസം പൂർത്തിയാക്കാനാവ ശ്യമായ കൃപയ്ക്കുവേണ്ടി അപേ ക്ഷിക്കാം. കഷ്ടം സഹിക്കേണ്ടതാ വശ്യമാണെങ്കിൽ നമുക്കു സഹി ക്കാം. എന്നാൽ നമ്മുടെ വിദ്യാ ഭ്യാസം പൂർത്തീകരിക്കുവാനാവശ്യ മായ അനുസരണം പഠിക്കുന്ന കാ ര്യത്തിൽ നാം ഉറച്ചിരിക്കുന്നു.

5:9-ൽ "അനുസരണം പഠിച്ചു തികെഞ്ഞവനായി തന്നെ അനുസ രിക്കുന്ന ഏവർക്കും നിത്യര ക്ഷയ്ക്കു കാരണഭൂതനായി ത്തീർന്നു" എന്നു നാം വായിക്കുന്നു. യേശു ഇപ്പോൾ അനുസരണ ത്തിന്റെ സർവ്വകലാശാലയിലെ ഒരു പ്രഫസറായിത്തീർന്നിരിക്കുന്നു. ഏറ്റവും താഴത്തെ ക്ലാസു മുതൽ താൻ ഈ കലാശാലയിൽ പഠിച്ച് ഏറ്റവും ഉയർന്ന തലം വരെ എത്തി ക്കഴിഞ്ഞു- എല്ലാറ്റിലും പൂർണ്ണ അനുസരണമുള്ളവനായിക്കൊണ്ട്.

നാമും ദൈവഭൃത്യന്മാരെന്ന നിലയിൽ അനുസരണത്തിന്റെ ഈ കലാശാലയിൽ ഇളമുറക്കാരായ അദ്ധ്യാപകരായി വിളിക്കപ്പെട്ടിരിക്കു ന്നു. കഷ്ടം സഹിച്ചുകൊണ്ടു അനു സരണം പഠിക്കുന്ന മുറയ്ക്ക് മറ്റുള്ള വരെയും അനുസരണത്തിലേക്കു നടത്തുവാൻ കഴിയുന്ന യഥാർത്ഥ ഭൃത്യന്മാരായിത്തീരുവാൻ സാധി ക്കും. ഇതാണ് യഥാർത്ഥ ക്രിസ്തീയ ശുശ്രൂഷ. നിങ്ങൾ പരാ ജയപ്പെട്ടുകൊണ്ടിരുന്നാൽ എങ്ങനെ അദ്ധ്യാപകനായിത്തുടരുവാൻ കഴിയും? "തന്നെ അനുസരിക്കുന്ന ഏവർക്കും അവൻ നിത്യരക്ഷയ്ക്കു കാരണഭൂതനായിത്തീർന്നു" (5:9). കഴിഞ്ഞകാല പാപത്തിന്റെ ശിക്ഷ യിൽ നിന്നുള്ള രക്ഷയെക്കുറിച്ചല്ല ഇവിടുത്തെ സൂചന. ദൈനംദിന ജീവിതത്തിലെ പാപത്തിന്റെ ശക്തി യിൽ നിന്നുള്ള രക്ഷയെക്കുറിച്ചാണ്.

മൽക്കിസേദേക്കിന്റെ ക്രമപ്ര കാരം ഒരു മഹാപുരോഹിതനായിട്ടാ യിരുന്നു യേശുവിനെ ദൈവം നിയ മിച്ചത് (5:10). ദൈവത്തെ അനുസ രിച്ചിരുന്ന ഒരു മനുഷ്യൻ എന്ന നില യിലാണു പഴയ നിയമത്തിൽ നാം മൽക്കീസേദേക്കിനെ കാണുന്നത് (ഉല്പ.14:18). തനിക്ക് മുൻകാലത്ത് ഒരു പരിചയവുമില്ലാതിരുന്ന ഒരു ആൾക്ക് (അബ്രാഹാമിന്) കുറച്ച് ഭക്ഷണം കൊണ്ടു കൊടുക്കുവാൻ ദൈവം കല്പിച്ചപ്പോൾ മൽക്കീസേ ദേക്ക് അത് അനുസരിച്ചു. അതെക്കു റിച്ചു എബ്രാ.5:11ൽ നാം ഇങ്ങനെ വായിക്കുന്നു. "ഇതിനെക്കുറിച്ചു ഞങ്ങൾക്കു വളരെ പറയുവാനുണ്ട്. പക്ഷേ കേൾക്കുവാനുള്ള താത്പ ര്യം നിങ്ങൾക്ക് ഇല്ലാത്തതുകൊണ്ട് വിവരിച്ചു തരുവാൻ പ്രയാസമാണ്." ദൈവഭക്തിയെക്കുറിച്ചും ജയകര മായ ജീവിതത്തെക്കുറിച്ചുമൊന്നും താല്പര്യമുള്ളവരായിരുന്നില്ല അവർ. ദൈവഭക്തിക്കുള്ള താത്പര്യം ഇല്ലാത്തവരെ അതു പഠി

പ്പിക്കുന്നതിനെക്കുറിച്ചു നിങ്ങൾക്കു സങ്കൽപിക്കുവാൻ കഴിയുമോ? ലോകകപ്പിൽ നടക്കുന്ന ഒരു കളിയുടെ സ്കോർ അറിയുന്നതിൽ മുഴുകിയിരിക്കുന്ന കുട്ടികളെ ഏതോ ഗൗരവമുള്ള ഒരു വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകന്റെ അവസ്ഥപോലെയാണത്. അദ്ധ്യാപകൻ കണക്കോ ശാസ്ത്രമോ ഒക്കെയാണു പഠിപ്പിക്കുന്നത്. അതൊന്നും ആരു ശ്രദ്ധിക്കുന്നില്ല. അവരുടെ മനസ്സു മുഴുവൻ കളിയിലാണ്. മിക്ക വിശ്വാസികളും അങ്ങനെയാണ്. അവർ ഉദ്യോഗക്കയറ്റത്തെക്കുറിച്ചും വീടു പണിയുന്നതിനെക്കുറിച്ചും വിവാഹം കഴിക്കുന്നതിനെക്കുറിച്ചുമൊക്കെയാണു ചിന്തിക്കുന്നത്. അവയെക്കുറിച്ചു ചിന്തിക്കുന്നതു തെറ്റല്ല. പക്ഷേ ദൈവഭക്തിക്കു മുൻഗണന കൊടുക്കാത്ത ഒരു മനസ്സിന് ഈ സത്യങ്ങളെ ഗ്രഹിക്കുവാനുള്ള പ്രാപ്തി ഉണ്ടാവില്ല.

ഗവേഷണങ്ങളിൽ മുഴുകിയിരിക്കുന്ന ശാസ്ത്രജ്ഞരെ ശ്രദ്ധിക്കുക. അവർ രാത്രി വളരെ വൈകിയും എന്തെങ്കിലും കണ്ടെത്താൻ കഴിയുമെന്ന ഭ്രാന്തമായ ആവേശത്തോടെ ഗവേഷണം നടത്തുന്നു. അപ്രകാരമൊരു ആവേശത്തോടെ ദൈവഭക്തിക്കുവേണ്ടി നിങ്ങൾ ദൈവവചനം അന്വേഷിക്കുന്നു എങ്കിൽ അതിന്റെ രഹസ്യങ്ങൾ നിങ്ങൾ കണ്ടെത്തും. വിശുദ്ധിക്കുവേണ്ടി അപ്രകാരമുള്ള ഒരു തീഷ്ണത ഇല്ലാത്തവരോട് ഇക്കാര്യങ്ങൾ വിവരിക്കുക പ്രയാസമാണ്.

**പക്വതയിലേക്കുള്ള വളർച്ച**

ഈ എബ്രായക്രിസ്ത്യാനികളെക്കുറിച്ചു പറഞ്ഞാൽ അവർ പാൽ മാത്രം ദഹിക്കുന്ന ശൈശവാവസ്ഥയ്ക്ക് അപ്പുറത്തേക്ക് കട്ടിയുള്ളതൊന്നും കഴിക്കുവാൻ തക്ക വളർച്ച ലഭിച്ചവരായിരുന്നില്ല. പാൽ കുടിക്കുന്നവരൊക്കെയും നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവരത്രെ (എബ്രാ. 5:12,13) 25 വർഷത്തിലധികമായി സഭയിലിരിക്കുന്നു എങ്കിലും കട്ടിയുള്ള ആഹാരം കഴിക്കുവാൻ പ്രാപ്തിയില്ലാത്തവർ ഇന്നും സഭകളിലുണ്ട്. പാൽ എന്ന അടിസ്ഥാന ഉപദേശങ്ങൾ മാത്രം കേൾക്കുന്നതിൽ അവർ തൃപ്തരാണ്- മാനസാന്തരം, യേശുവിലുള്ള വിശ്വാസം, പാപക്ഷമ, ജലസ്നാനം, പരിശുദ്ധാത്മസ്നാനം മുതലായവ. അവർക്കാവശ്യമുള്ളത് അതു മാത്രമാണ്. നീതിയുടെ വചനത്തിൽ അവർക്ക് അല്പവും താത്പര്യമുള്ളവരല്ല. ഇക്കാലമത്രയും കൊണ്ട് ഈ അനുസരണത്തിന്റെ കലാശാലയിൽ അദ്ധ്യാപകരായിരിക്കേണ്ടതായിരുന്നു. എന്നാൽ ഇന്നും നിലത്തെഴുത്തുക്ലാസുകളിൽ "അ ഇ ഉ എ" മുതലായി ക്രിസ്തീയ ജീവിതത്തിലെ പ്രാഥമിക പാഠങ്ങളിൽ തൃപ്തരായി ക്കഴിയുകയാണ്.

അനേകം സഭകളും വെറും ശിശുക്കളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. എല്ലാ ഞായറാഴ്ച പ്രഭാതങ്ങളിലും തങ്ങളുടെ പാൽക്കുപ്പി നുകർന്നു കൊണ്ടിരിക്കുന്ന അനേകം ശിശുക്കളെ നിങ്ങൾക്കു കാണുവാൻ കഴിയും. ദൈവവചനത്തിലെ ആഴമേറിയ സത്യങ്ങൾ കേൾക്കുവാൻ അവർക്കു കാതുകളില്ല. അവർക്കു പക്വത പ്രാപിക്കുന്നതിനെക്കുറിച്ചു കേൾക്കുവാൻ താത്പര്യമില്ല. കട്ടിയുള്ള ആഹാരം നന്മതിന്മകളെ തിരിച്ചറിയുവാൻ തക്കവണ്ണം തങ്ങളുടെ ഇന്ദ്രിയങ്ങളെ പരിശീലിപ്പിച്ചവർക്കേ കഴിയൂ (5:14). അതിനർത്ഥം വിവിധ സാഹചര്യങ്ങ

# പാതാളഗോപുരങ്ങൾക്കു ജയിക്കാൻ കഴിയാത്ത സഭ

*(പേജ് 21 ൽ നിന്ന് തുടർച്ച)*

യിക്കുവാനുള്ള മാർഗ്ഗവും ഇതുതന്നെ.

കഴിഞ്ഞ ശതാബ്ദത്തിൽ ജീവിച്ചിരുന്ന തീക്ഷ്ണതയുള്ള ഒരു ദൈവഭക്തനെക്കുറിച്ചു ഞാൻ വായിക്കുകയുണ്ടായി. അദ്ദേഹം എപ്പോഴും ഉച്ചശബ്ദത്തിൽ 'ഹല്ലേലുയ്യാ' പറയുക പതിവായിരുന്നു. ഒരു ദിവസം അദ്ദേഹത്തിന്റെ അയൽവാസിയായ ഒരു ക്രിസ്ത്യാനി ഈ ശീലത്തെക്കുറിച്ച് ഈർഷ്യാകുലനായി അദ്ദേഹത്തോട്: "ദൈവം നിങ്ങളെ ഒടുവിൽ നരകത്തിലേക്കാണ് അയയ്ക്കുന്നതെങ്കിൽ അപ്പോൾ നിങ്ങൾ എന്തു ചെയ്യും?" എന്നു ചോദിച്ചു. അദ്ദേഹം മറുപടി നൽകി, "ഞാൻ നരകത്തിൽ ചെന്നുചേരുന്നപക്ഷം ഉച്ചശബ്ദത്തിൽ ദൈവത്തിനു ഹല്ലേലുയ്യായും സ്തോത്രവും ഞാൻ കരേറ്റും. ഒടുവിൽ സാത്താൻ അതുകൊണ്ടു മടുത്ത് അവിടെയുള്ളവർക്ക് ഈ സ്വഭാവം ബാധിക്കാതിരിക്കാൻ വേണ്ടി എന്നെ അവിടെനിന്നും പുറത്താക്കും."

സ്തോത്രത്തിന്റെ ആത്മാവുള്ള ഒരു വ്യക്തിക്ക് ഒരിക്കലും നരകത്തിൽ സ്ഥാനം ലഭിക്കയില്ല. മറ്റുള്ളവർക്കെതിരായി പരാതി പറയുന്നവരും അവകാശവാദം മുഴക്കുന്നവരുമാണ് നരകത്തിലെത്തുന്നത്. ഈ ലോകം വെടിയുമ്പോഴും അവർ അതേ മനോഭാവത്താൽ തുടരും. ഭൂരിപക്ഷം ക്രിസ്ത്യാനികളെയും പിറുപിറുപ്പിന്റെയും പരാതിയുടെയും ആത്മാവിനാൽ ദൂഷിതരാക്കുന്നതിൽ സാത്താൻ വിജയിച്ചിരിക്കുന്നു. തങ്ങളുടെ സഹോദരീ സഹോദരന്മാർക്കും ബന്ധുക്കൾക്കും

---

ളിലൂടെ കടന്നുപോകുമ്പോൾ എന്താണ് ദേഹീപരമായത് (മാനുഷികം) എന്താണ് ആത്മീയമായത് (ദൈവികം)എന്നു തിരിച്ചറിയുവാൻ തക്കവണ്ണം അവർ തങ്ങളുടെ ഇന്ദ്രിയങ്ങളെ അഭ്യസിപ്പിച്ചു. അവർ ദൈവികമായവയെ മാത്രം തിരഞ്ഞെടുത്തു. ഉദാഹരണത്തിന് സംസാരത്തിൽ പാപകരമായ സംഭാഷണങ്ങളെ മാത്രമല്ല അവർ ഒഴിവാക്കിയത് മാനുഷികമായ പ്രതികരണങ്ങൾ പോലും ഒഴിവാക്കി. ക്രിസ്തുതുല്യമായ വാക്കുകളും പ്രതികരണങ്ങളും അഭ്യസിച്ചു. തങ്ങളുടെ ജഡികമായ വാക്കുകളെയും പ്രവൃത്തികളെയും നീതീകരിച്ചുകൊണ്ട് ഒരു ക്രിസ്ത്യാനി "നമ്മളൊക്കെ മനുഷ്യരല്ലേ" എന്നു പറയുമ്പോൾ അയാൾ വെറുമൊരു ശിശുവിനെപ്പോലെ പെരുമാറുന്നു. പൗലൊസ് കൊരിന്ത്യരെ "നിങ്ങൾ സാധാരണ മനുഷ്യരെപ്പോലെയല്ലേ നടക്കുന്നത്?" എന്നു ശകാരിക്കുന്നു (1 കൊരി. 3:3). ആദാമ്യ മക്കളായ സാധാരണ മനുഷ്യരെപ്പോലെ നടക്കുന്നതു തെറ്റാണ്. നാം തീർച്ചയായും ക്രിസ്തുവിനെപ്പോലെ പെരുമാറേണ്ടവരാണ്.

(തുടരും)

(മൊഴിമാറ്റം : **ബോബി ചെറിയാൻ**)

❖

അയൽക്കാർക്കും തങ്ങളുടെ സാഹചര്യങ്ങൾക്കും എതിരായി, എന്തിന് ദൈവത്തിനെതിരായിപ്പോലും, അവർ പരാതിപ്പെടുന്നു. ഇതുമൂലം തനിക്കെതിരായ പോരാട്ടത്തിൽ സാത്താൻ അവരെ ശക്തിയറ്റവരാക്കിത്തീർത്തിരിക്കുന്നു.

താഴെക്കാണുന്ന പ്രബോധനങ്ങൾ പാലിക്കുന്നുവെങ്കിൽ മാത്രമേ നമുക്കു സാത്താനെ ജയിക്കുവാൻ കഴിവുണ്ടാവുകയുള്ളു.

"ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയത്തിൽ വാഴട്ടെ.... നന്ദിയുള്ളവരായും ഇരിപ്പിൻ" (കൊലോ. 3:15).

"സകല മനുഷ്യർക്കുംവേണ്ടി നാം....സ്തോത്രം ചെയ്യേണം എന്നു ഞാൻ സകലത്തിനും മുമ്പേ പ്രബോധിപ്പിക്കുന്നു" (1 തിമോ.2:1).

"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ" (എഫെ. 5:20).

ഒന്നാമതായിത്തന്നെ ക്രിസ്തുവിന്റെ ശരീരത്തിലേക്കു ദൈവം വിളിച്ചിരിക്കുന്ന എല്ലാവർക്കും വേണ്ടി സ്തോത്രം ചെയ്വാൻ ദൈവം നമ്മെ പ്രബോധിപ്പിക്കുന്നു. തെരഞ്ഞെടുപ്പു നമ്മുടേതായിരുന്നെങ്കിൽ ദൈവം വിളിച്ച പലരെയും നാം വിളിക്കുകയില്ലായിരുന്നു. പ്രത്യേകിച്ചും നമ്മുടേതല്ലാത്ത ക്രിസ്തീയഗ്രൂപ്പുകളിൽപ്പെട്ടവരെ! എന്നാൽ ദൈവത്തിന്റെ ചിന്തകൾ നമ്മുടെ ചിന്തകളിൽനിന്നു വ്യത്യസ്തമാണ്. നമുക്ക് അവരെക്കുറിച്ചുള്ളതിൽനിന്നു വ്യത്യസ്തമായ ഒരഭിപ്രായമാണ് ദൈവത്തിന് അവരെക്കുറിച്ചുള്ളത്. നാം ജ്ഞാനികളെങ്കിൽ നമ്മുടെ അഭിപ്രായം മാറ്റുകയും അതിനെ ദൈവത്തിന്റെ അഭിപ്രായത്തോടു പൊരുത്തമുള്ളതാക്കുകയും ചെയ്യും.

ക്രിസ്തുവിന്റെ ശരീരത്തിലുള്ള സഹോദരീസഹോദരന്മാർക്കുവേണ്ടി സ്തോത്രം ചെയ്വാൻ ഒരിക്കൽ നാം ശീലിച്ചുകഴിഞ്ഞാൽ പിന്നീട് എല്ലാ മനുഷ്യർക്കുവേണ്ടി സ്തോത്രം ചെയ്യാനും നമുക്കു കഴിയും. പിന്നീട് എല്ലാ സാഹചര്യങ്ങൾക്കുവേണ്ടിയും. നമ്മുടെ സ്വർഗ്ഗീയപിതാവ് സർവ്വാധികാരിയായി എല്ലാ ജനങ്ങളെയും എല്ലാ സാഹചര്യങ്ങളെയും ഭരിക്കുന്നുവെന്നു നമുക്കറിയാം. ഈ അറിവുമൂലം നാം എപ്പോഴും ദൈവത്തെ സ്തുതിക്കുന്നു. ഇങ്ങനെ നമ്മുടെ രാജ്യം ഐഹികമല്ല, സ്വർഗ്ഗീയമാണെന്നു നാം തെളിയിക്കുന്നു. അപ്പോൾ സാത്താനു നമ്മുടെമേലുള്ള സ്വാധീനശക്തി നഷ്ടപ്പെട്ടുപോകുന്നു. ഈ അവസ്ഥയിൽ മാത്രമേ സാത്താനെതിരായി ഫലപ്രദമായ ഒരു പോരാട്ടം നടത്തുവാൻ നമുക്കു കഴിവുണ്ടാവുകയുള്ളു.

വെളി. 12:8ൽ സ്വർഗ്ഗത്തെപ്പറ്റി എഴുതിയിട്ടുള്ള ഒരദ്ഭുതവചനമുണ്ട്: "സ്വർഗ്ഗത്തിൽ സാത്താനും അവന്റെ സൈന്യങ്ങൾക്കും (പിന്നീട്) സ്ഥലം ഉണ്ടായിരുന്നില്ല" (KJV). നമ്മുടെ ജീവിതങ്ങളിലും ഇതേ അവസ്ഥ തന്നെ ഉണ്ടാകണം. നമ്മുടെ ഹൃദയങ്ങളിലും ഭവനങ്ങളിലും സഭകളിലും സാത്താനും അവന്റെ സൈന്യങ്ങൾക്കും യാതൊരു സ്ഥാനവും ഉണ്ടാകരുത്.

(അവസാനിച്ചു).

❖

## 500 വർഷം മുൻപ് മുഴങ്ങിയ നവീകരണത്തിന്റെ കാഹളം-VI



# ‘എല്ലാം ചെയ്തത് ദൈവവചനം’

**നീ**ണ്ടവർഷങ്ങൾ പലവിധത്തിലുള്ള രോഗങ്ങൾ മാർട്ടിൻലൂഥറിനെ അലട്ടിയിരുന്നു. 1531 മുതൽ 1546 വരെയുള്ള കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ആരോഗ്യനില അത്യധികം വഷളായി. തന്റെ അടുത്ത ബന്ധുക്കളായിരുന്ന മാൻസ്ഫീൽഡിലെ ചില പ്രഭുക്കൻമാർ തമ്മിലുള്ള സ്വത്തുതർക്കത്തിന് പരിഹാരം കാണുവാൻ ലൂഥറെ അവർ ക്ഷണിച്ചു. ശൈത്യകാലത്ത് ദീർഘദൂരയാത്ര ഒഴിവാക്കണമെന്ന് അദ്ദേഹത്തെ പലരും ഉപദേശിച്ചു. എന്നാൽ തന്റെ മക്കളെ ഐസ്ലേബൻ എന്ന തന്റെ ജന്മസ്ഥലം കാണുവാനുള്ള ഒരു നല്ല അവസരമായാണു ലൂഥർ ഇതിനെ കണ്ടത്. അവിടേക്ക് പോകുവാൻ തീരുമാനിച്ചു. പതിനാല് ദിവസങ്ങൾ അവിടെ അദ്ദേഹം ചെലവിടുകയും സ്വത്ത് തർക്കത്തിന് പരിഹാരം കാണുകയും ചെയ്തു. തുടർന്ന് 1546 ഫെബ്രുവരി 17 രാത്രിയിൽ അദ്ദേഹത്തിന് കഠിനമായ ഒരു നെഞ്ചുവേദന അനുഭവപ്പെട്ടു. ലൂഥറുടെ സുഹൃത്തുക്കളും മക്കളായ മാർട്ടിനും പോളും കിടക്കയ്ക്കരുകിൽ നിന്നു ശുശ്രൂഷചെയ്തു. ഒരു മണിക്കൂർ ഉറക്കത്തിന് ശേഷം ഉണർന്ന ലൂഥർ ഇപ്രകാരം പ്രാർത്ഥിച്ചു:“ വിശ്വസ്തനായ ദൈവമേ, അവിടുന്നെന്നെ വീണ്ടെടുത്തിരിക്കുന്നു. പിതാവേ, അവിടുത്തെ കരങ്ങളിൽ ഞാനെന്റെ ആത്മാവിനെ ഭരമേൽപിക്കുന്നു.” ഈ സമയത്ത് ജസ്റ്റസ് ജോനാസ് ഇപ്രകാരം ലൂഥറിനോട് ചോദിച്ചു:“ ക്രിസ്തുവിനെയും അങ്ങ് പ്രസംഗിച്ചു ഉപദേശത്തെയും ഇപ്പോഴും അങ്ങു മുറുകെ പിടിച്ചിരിക്കുന്നുവോ?”. “അതെ” എന്ന് ഉറച്ച ശബ്ദത്തിൽ ലൂഥർ മറുപടി നൽകി. 1546 ഫെബ്രുവരി 18-ാം തീയതി പ്രഭാതത്തിൽ മാർട്ടിൻ ലൂഥർ അന്തരിച്ചു. തന്റെ ജന്മനാട്ടിൽവെച്ചുതന്നെ നിത്യഭവനത്തിലേക്ക് താൻ ചേർക്കപ്പെട്ടു. അന്ന് ലൂഥർക്ക് 63 വയസ്സായിരുന്നു. മൃതശരീരം ഉടൻതന്നെ വിറ്റൻബർഗിലേക്ക് കൊണ്ടുപോയി. വൻ ജനാവലിയുടെ സാന്നിദ്ധ്യത്തിൽ താൻ ‘95 തർക്കസിദ്ധാന്തങ്ങൾ’ പ്രദർശിപ്പിച്ച കാസിൽ ചർച്ചയിന്റെയുള്ളിൽ തന്നെ അദ്ദേഹത്തിന്റെ ഭൗതിക ശരീരം സംസ്കരിച്ചു. ലൂഥറിനെ ജർമ്മൻ ജനത എത്രമാത്രം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു എന്നതിന്റെ തെളിവായിരുന്നു അവർ അദ്ദേഹത്തിന് നൽകിയ അന്ത്യയാത്ര എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. തന്റെ അന്ത്യ ദിനങ്ങളിൽ എപ്പോഴോ താൻ എഴുതിയ ഒരു കുറിപ്പിൽ ലൂഥർ ഇപ്ര

കാരം കുറിച്ചിട്ടിരുന്നു:, "നാമെല്ലാം ഭിക്ഷക്കാരാണ്, ഇത് സത്യമാണ്'. അന്ത്യത്തോളം ലൂഥറിന് ഉറച്ച ബോധമുണ്ടായിരുന്നു രക്ഷയോടുള്ള ബന്ധത്തിൽ താനൊരു യാചകനാണെന്നും, ദൈവത്തിന്റെ കൃപയും കരുണയും മാത്രമാണ് തന്റെ ഏക ആശ്രയമെന്നും. ഗലാത്യലേഖനം 1:11-12 വാക്യങ്ങളെ ആധാരമാക്കി ഒരിക്കൽ ലൂഥർ ഇപ്രകാരം പറയുകയുണ്ടായി; "സുവിശേഷ സന്ദേശം എല്ലാ മഹത്വവും, ജ്ഞാനവും, നീതിയും മനുഷ്യനിൽനിന്നെടുത്ത് ഒന്നുമില്ലായ്കയിൽ നിന്ന് സകലത്തെയും ഉളവാക്കിയ സ്രഷ്ടാവായ ദൈവത്തിന് മാത്രം നൽകുന്നു എന്നത് തികച്ചും സത്യമാണ്." ഇതാണ് ലൂഥറുടെ കണ്ടെത്തലിന്റെ അടിസ്ഥാനം. ഇതാണ് അദ്ദേഹത്തെ ധീരതയോടെ നിൽക്കുവാൻ ശക്തീകരിച്ച സംഗതി.

നവീകരണം എങ്ങനെയുണ്ടായി എന്നുള്ള ചോദ്യത്തിനു ഒരിക്കൽ ലൂഥർ നൽകിയ മറുപടി വളരെ രസകരമായിരുന്നു:, "ഞാൻ ദൈവവചനം പഠിപ്പിക്കുകയും പ്രസംഗിക്കുകയും എഴുതുകയും മാത്രമാണ് ചെയ്തത്; അതിനപ്പുറം ഞാനൊന്നും ചെയ്തിട്ടില്ല. എന്നാൽ ഞാനുറങ്ങിക്കിടന്നപ്പോൾ, ഇന്നുവരെ ഒരു രാജാവോ ചക്രവർത്തിയോ ചെയ്തതിലധികമായി, ദൈവവചനം അതിശക്തമായി പോപ്പിന്റെ അധികാരത്തെ ദുർബലമാക്കുകയാണ് ചെയ്തത്. ഞാനൊന്നും ചെയ്തിട്ടില്ല, വചനമാണ് എല്ലാം ചെയ്തിരിക്കുന്നത്!"

രക്ഷയുടെയും വിശുദ്ധിയുടെയും അനുഭവങ്ങളെ തലമുറതലമുറയായി ദൈവം സംരക്ഷിച്ചുകൊണ്ടിരിക്കുന്നത് ഒരു പുസ്തകത്തിലൂടെയാണ്, അല്ലാതെ റോമിലെ ബിഷപ്പിലൂടെയോ മറ്റേതെങ്കിലും മാനുഷിക അധികാരങ്ങളിലൂടെയോ അല്ല. ദൈവവചനം നമ്മിലേക്കെത്തുന്നത് ഒരു പുസ്തകത്തിലൂടെയാണ് എന്ന കണ്ടെത്തലാണ് നവീകരണത്തിലേക്ക് നയിച്ച ചരിത്രസംഭവം. വിശുദ്ധ അരുളപ്പാടുകളുടെയും രക്ഷയുടെയും സമ്പാദകരായും സംരക്ഷകരായും അന്ന് കരുതിയിരുന്നത് റോമിലെ സഭയെയും പോപ്പിനെയുമാണ്. ദൈവവചനമെന്ന പുസ്തകത്തിന് രണ്ടാം സ്ഥാനമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ പൂർണ്ണസമർപ്പണവും അനുസരണവും കാട്ടേണ്ടത് ദൈവവചനത്തോടാണെന്നും അതിനപ്പുറം പോപ്പിനോ സഭാ കൗൺസിലിനോ യാതൊരു അധികാരവുമില്ലെന്നും ലൂഥർ തറപ്പിച്ചു പറഞ്ഞു.

ദൈവവചനത്തെ 'നിത്യവചന'മെന്ന് വിശേഷിപ്പിച്ച ലൂഥർ അത് സ്ഥിരമാണെന്നും കാലത്തിനൊത്ത പുത്തൻവ്യാഖ്യാനങ്ങൾ നൽകുവാൻ പാടില്ലെന്നും നിഷ്കർഷിച്ചിരുന്നു. നിങ്ങൾക്ക് അത് സ്വീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യാം. എന്നാൽ അതിന്റെ സാരാംശത്തെ മാറ്റിമറിക്കുവാൻ ഒരുനാളും ഒരുത്തർക്കും കഴിയില്ല. ദൈവിക അരുളപ്പാടുകൾ ഒരു പുസ്തകത്തിലാണ് അടങ്ങിയിരിക്കുന്നത് എന്ന തിരിച്ചറിവാണ് വേദപുസ്തകത്തെ സാധാരണക്കാരിൽ എത്തിക്കുവാൻ ലൂഥറെ പ്രേരിപ്പിച്ചത്. വചനത്തിന് ലളിതവും സ്പഷ്ടവുമായ വ്യാഖ്യാനങ്ങൾ നൽകുവാൻ ലൂഥർ പരിശ്രമിച്ചു. ക്രൈസ്തവ വിശ്വാസ വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള വിശദീകരണങ്ങൾക്ക് അദ്ദേഹത്തെ എതിർക്കുന്നവർപോലും ഇന്നും

# ദൈവം യോജിപ്പിച്ചത്

നവീകരണത്തിനു നേതൃത്വം നൽകിയ മാർട്ടിന് ലൂഥർ 1519ൽ 'സെർമൺ ഓൺ ദി എസ്റ്റേറ്റ് ഓഫ് മാര്യേജ്' എന്ന ലേഖനത്തിലാണ് ആദ്യമായി വിവാഹജീവിതത്തെക്കുറിച്ച് എഴുതുന്നത്. കത്തോലിക്കാ സഭ പഠിപ്പിക്കുന്ന 'നിർബന്ധിത ബ്രഹ്മചര്യം' ക്രിസ്തീയമായ കാഴ്ചപ്പാടല്ലെന്ന് അതിൽ അദ്ദേഹം വ്യക്തമാക്കി. പിന്നീട് എഴുതിയ പ്രസിദ്ധമായ 'സഭയുടെ ബാബിലോന്യ അടിമത്വം' (ബാബിലോണിയൻ കാപ്റ്റിവിറ്റി ഓഫ് ദ് ചർച്ച്) എന്ന ലേഖനത്തിൽ അദ്ദേഹം ക്രിസ്തീയവിവാഹജീവിതത്തിന്റെ ശ്രേഷ്ഠത, അതിൽ അന്തർഭവിച്ചിട്ടുള്ള ദൈവികഉദ്ദേശ്യം എന്നിവയെക്കുറിച്ചു ബൈബിളിന്റെ അടിസ്ഥാനത്തിൽ വിശദമായി പ്രതിപാദിച്ചു. ഇതു വായിച്ചാൽ ദൈവനാമമഹത്വത്തിനായി ഭാര്യാഭർത്താക്കന്മാർ അന്യോന്യം സ്നേഹിച്ച് കുഞ്ഞുങ്ങളെ ദൈവഭക്തിയിൽ വളർത്തി ജീവിക്കുന്നതിന്റെ അനുഗ്രഹത്തെക്കുറിച്ച് മാർട്ടിൻ ലൂഥറിനുണ്ടായിരുന്ന ബോധ്യങ്ങൾ നമുക്കു മനസ്സിലാകും.

എന്നാൽ കുടുംബജീവിതത്തിന്റെ മഹത്വത്തെക്കുറിച്ച് ആവേശത്തോടെ ലേഖനങ്ങളിൽ വിവരിച്ച ലൂഥർ, തനിക്കൊരു വിവാഹമേ വേണ്ടെന്നാണു കരുതിയിരുന്നത്. ഇതിന്റെ കാരണം അദ്ദേഹം ഇങ്ങനെ വിശദമാക്കി: "ഞാൻ വികാരങ്ങളൊന്നുമില്ലാത്ത മരമോ കല്ലോ ഒന്നുമായതുകൊണ്ടല്ല വിവാഹത്തെക്കുറിച്ചു ചിന്തിക്കാതിരുന്നത്. ഞാൻ ഒരു നിഷ്ക്കാസിതനാണ്. ഏതു നിമിഷവും ഒരു മതനിഷേധിയുടെ മരണം ഞാൻ എന്റെ മുൻപിൽ കാണുന്നു. അതുകൊണ്ടുതന്നെ →

'ലൂഥർ ഇവയെപ്പറ്റി എന്തുപറഞ്ഞിരിക്കുന്നു' എന്ന് പരിശോധിക്കാറുണ്ട്. ദൈവവചന പ്രഘോഷണത്തിന്റെ പ്രാധാന്യം സഭയിൽ മടക്കി കൊണ്ടുവരുവാൻ ലൂഥർക്ക് സാധിച്ചു. 1510 നും 1546 നും ഇടയ്ക്ക് ഏതാണ്ട് മൂവായിരത്തോളം പ്രസംഗങ്ങൾ അദ്ദേഹം നടത്തുകയുണ്ടായി.

ഒന്നാം നൂറ്റാണ്ടിലെ ക്രൈസ്തവ സഭയുടെ സ്ഥാപനവും വളർച്ചയും കഴിഞ്ഞാൽ ദൈവകൃപയുടെ ഏറ്റവും ശ്രേഷ്ഠമായ പ്രദർശനമായി കാണുവാൻ കഴിയുന്ന സംഭവമാണ് പ്രൊട്ടസ്റ്റന്റ് നവീകരണം. ലോകവ്യാപകമായി ആത്മീയമണ്ഡലങ്ങളിലും സമൂഹത്തിന്റെ വിവിധ മേഖലകളിലും മാറ്റത്തിന്റെ കൊടുങ്കാറ്റാകുവാൻ നവീകരണത്തിന് കഴിഞ്ഞു. ഇത് ഒരു വ്യക്തിയിൽ മാത്രം ഒതുങ്ങുന്ന സംഭവമല്ല. വർഷങ്ങൾക്കൊണ്ട് പലഘട്ടങ്ങളായി പരിശുദ്ധാത്മാവ് സഭയിൽ നവീകരണം കൊണ്ടുവരുന്നു. അതുകൊണ്ട് മഹത്വവും സ്തുതിയും ബഹുമാനവും ദൈവത്തിന് മാത്രം!

(അവസാനിച്ചു)

**ബോബി കുര്യൻ**

വിവാഹം വേണ്ടെന്നു വയ്ക്കുകയാണു നല്ലത്."

ഇതായിരുന്നു മാർട്ടിൻ ലൂഥറിന്റെ ചിന്താഗതി. എന്നാൽ ദൈവം ചില സാഹചര്യങ്ങളെ വ്യത്യസ്തമായികൊണ്ടുവന്നു. ലൂഥർ അതിനോടു ധനാത്മകമായി (Positive) പ്രതികരിച്ചു. അങ്ങനെയാണു കാതറിന വോൺ ബോറയെ വിവാഹം ചെയ്യാൻ ഇടയായത്.

കാതറിനയുടെ ജനനം 1499ൽ ജർമനിയിലെ ലെപ്സിഗിൽ ആയിരുന്നു. ആറാം വയസ്സിൽ അമ്മയെ നഷ്ടമായി. കേവലം 10 വയസ്സുള്ളപ്പോൾ കന്യാസ്ത്രീമഠത്തിൽ ചേർന്നു. കാതറിനയ്ക്കു 18 വയസ്സായപ്പോഴാണ് 95 തീസിസുകളുമായി ലൂഥർ കത്തോലിക്കാസഭയ്ക്കെതിരെ രംഗത്തു വന്നത്. അതോടെ കേവലമായ ആചാരങ്ങൾക്കപ്പുറത്തു 'വിശ്വാസത്താലാണു രക്ഷ' എന്ന തിരുവചനസത്യം ഒരു കൊടുങ്കാറ്റുപോലെ ജർമനി ഉൾപ്പെടെ യൂറോപ്പിലുടനീളം എല്ലാ കന്യാസ്ത്രീമഠങ്ങളുടെയും മതപാഠശാലകളുടെയും മതിൽക്കെട്ടുകളെ ഭേദിച്ച് വ്യാപിക്കുവാൻ തുടങ്ങി. അച്ചടി കണ്ടുപിടിച്ചിരുന്നതിനാൽ ലഘുലേഖകളായും ചെറുപുസ്തകങ്ങളായും ഈ സത്യങ്ങൾ എല്ലായിടത്തും എത്തി. അങ്ങനെ കാതറിനയും മറ്റു 10 കന്യാസ്ത്രീകളും സത്യം മനസ്സിലാക്കി ഒരു പാതിരാവിൽ കന്യാസ്ത്രീമഠത്തിൽ നിന്നു കുതിരവണ്ടിയിൽ പുറംലോകത്തെത്തി. ഇവരുടെ ഭാവി സംബന്ധിച്ച ഉത്തരവാദിത്തം ലൂഥറിൽ നിക്ഷിപ്തമായി.

ഈ 11 കന്യാസ്ത്രീകളിൽ 10 പേർക്കും വരന്മാരെ കണ്ടെത്താൻ ലൂഥറിനും കൂട്ടാളികൾക്കും കഴിഞ്ഞു. എന്നാൽ കാതറിന വോൺ ബോറയ്ക്കു മാത്രം ഒന്നും ശരിയായില്ല. പ്രഭുകുടുംബത്തിലെ ഒരു ചെറുപ്പക്കാരൻ ആദ്യം സമ്മതിച്ചു. പിന്നെ എന്തുകൊണ്ടോ നിശ്ശബ്ദനായി. ലൂഥർ അയാൾക്ക് ഇങ്ങനെ എഴുതി: "നിനക്കു കാതറിനെ വിവാഹം ചെയ്യാൻ താൽപര്യമുണ്ടെങ്കിൽ ഉടൻ തീരുമാനം അറിയിക്കണം. അല്ലെങ്കിൽ അവളെ മറ്റാർക്കെങ്കിലും ഏൽപിച്ചുകൊടുക്കും." ഈ കത്തിനു മറുപടി ഒന്നും വന്നില്ല. ഈ സന്ദർഭത്തിലാണു ലൂഥർ തന്നെ കാതറിനെ വിവാഹം കഴിച്ചാലെന്താ എന്ന അഭിപ്രായം വരുന്നത്. ലൂഥറിന്റെ പിതാവ് ഈ വിവാഹത്തെ പ്രോത്സാഹിപ്പിച്ചു. എന്നാൽ ലൂഥറുടെ ഉറ്റ സ്നേഹിതനും നവീകരണത്തിനു ലൂഥറിന്റെ വലംകൈയായി നിന്ന ആളുമായ ഫിലിപ് മെലാങ്റ്റൺ ഇതിനെ എതിർത്തു. വിവാഹം കഴിക്കാൻ വേണ്ടിയാണു ലൂഥർ നവീകരണത്തിനു മുന്നിട്ടിറങ്ങിയതെന്നു പ്രചരിപ്പിക്കപ്പെടുമെന്നും ലൂഥറെയും കാതറിനെയും ചേർത്തു തൽപരകക്ഷികൾ അപവാദപ്രചരണത്തിനു മുതിരുമെന്നും നവീകരണത്തിന്റെ പുരോഗതിയെ തന്നെ അതു പുറകോട്ടടിക്കുമെന്നും ഫിലിപ്പ് മെലാങ്റ്റൺ ഭയപ്പെട്ടു. ഈ സാധ്യതക്കളാക്കെ ശരിയാണെന്നു ലൂഥറിനും അറിയാമായിരുന്നു. എല്ലാ കാര്യങ്ങളും ലൂഥർ വീണ്ടും വീണ്ടും ആലോചിച്ചു. ഒടുവിൽ വിവാഹം കഴിക്കാൻതന്നെ അദ്ദേഹം തീരുമാനിച്ചു. ഇതിനെക്കുറിച്ചു ലൂഥർ തമാശയായി ഇങ്ങനെ എഴുതി: "ഈ വിവാഹം എന്റെ പിതാവിനെ സന്തോഷിപ്പിക്കും. പോപ്പിനെ വെറിപിടി

➔

പ്പിക്കും. ദൈവദൂതന്മാരെ ചിരിപ്പിക്കും. സാത്താനെ ദുഃഖിപ്പിക്കും." അങ്ങനെ മാർട്ടിൻ ലൂഥറും(42) കാതറിന വോൺ ബോറയും(26) വിവാഹിതരായി.

ഇരുവരും തമ്മിൽ പ്രായത്തിൽ മാത്രമല്ല സ്വഭാവത്തിലും പ്രതികരണത്തിലും വ്യത്യാസമുണ്ടായിരുന്നു. എന്നാൽ അനുഗൃഹീതമായ ഒരു വിവാഹജീവിതം കെട്ടിപ്പെടുക്കാൻ അതൊന്നും തടസ്സമായില്ല. പരസ്പരം സ്നേഹിക്കാനും ജീവിതപങ്കാളിക്കായി ക്ലേശങ്ങൾ ഏറ്റെടുക്കാനും അവർ തമ്മിൽ ആരോഗ്യകരമായി മത്സരിച്ചു. ഒരു മാതൃകാ കുടുംബജീവിതത്തിന്റെ ലക്ഷണം അദ്ദേഹം ഒരു വാചകത്തിൽ ഇങ്ങനെ കുറിച്ചിട്ടുണ്ട്. – "വീട്ടിൽ നിന്നു പുറത്തേക്കു പോകുന്ന ഭർത്താവിനെ വീട്ടിലെത്താൻ വെമ്പൽ കൊള്ളിക്കാൻ ഭാര്യയ്ക്കും അദ്ദേഹം വീട്ടിൽ നിന്നു പുറത്തേക്കു പോകുന്നതിൽ ഭാര്യയ്ക്കു സങ്കടം തോന്നിക്കാൻ ഭർത്താവിനു കഴിയണം."

ജീവിതം രസകരമാക്കാൻ അദ്ദേഹത്തിന്റെ സ്വാഭാവികമായ നർമബോധം മാർട്ടിൻ ലൂഥറിനു തുണയായി. കത്തുകളിൽ അദ്ദേഹം ഒരിടത്തു ഭാര്യയെ സംബോധന ചെയ്തിരിക്കുന്നതിങ്ങനെയാണ് "വിറ്റൺ ബർഗിലെ രക്തസാക്ഷിയും എന്റെ പ്രിയ വീട്ടമ്മയും ഡോക്ടറുമായ ശ്രീമതി കാതറിൻ വായിച്ചറിയുവാൻ." മറ്റൊരു കത്തിന്റെ തുടക്കം : "വിറ്റൺ ബർഗിലെ എന്റെ കൃപാലുവായ ഭാര്യയും ആഴമേറിയ പാണ്ഡിത്യമുള്ളവളുമായ ശ്രീമതി കാതറിൻ ലൂഥറിന്."

ആറുമക്കളായിരുന്നു അവർക്ക്– ഹാൻസ്, എലിസബത്ത്, മാഗ്ദലിൻ, മാർട്ടിൻ, പോൾ, മാർഗരറ്റ്. ഇതിൽ എലിസബത്ത് നന്നേ ചെറുപ്പത്തിലും മാഗ്ദലിൻ 13–ാം വയസ്സിലും മരണമടഞ്ഞു. മൃത്യുവിന്റെ താഴ്‌വരയിൽ ലൂഥറിനും കാതറിനും പരസ്പരം ആശ്വസിപ്പിച്ചും ദൈവത്തിൽ വിശ്വസിച്ചും ഉറച്ചുനിന്നു.

ഒരു തുറന്ന വീടായിരുന്നു അവരുടേത്. ബ്ലാക് കോയിസ്റ്റർ എന്നറിയപ്പെട്ടിരുന്ന ഒരു പഴയ സന്ന്യാസ ആശ്രമത്തിലാണ് അവർ ജീവിച്ചിരുന്നത്. ആറു മക്കളും മാർട്ടിൻ ലൂഥറും കാതറിനും ഇവരെ കൂടാതെ കാതറിന്റെ അമ്മ ലെനാ, എട്ടോളം അനന്തരവർ, പ്രവാസികളായ പുരോഹിതർ, കന്യാസ്ത്രീമഠങ്ങളിൽ നിന്നു രക്ഷപ്പെട്ടുവന്ന കന്യാസ്ത്രീകൾ എന്നിങ്ങനെ മിക്കവാറും 25 പേർ ആ വീട്ടിൽ കഴിഞ്ഞു. അത്രയും പേർക്കു മുറുമുറുപ്പില്ലാതെ കാതറിന ഭക്ഷണം വച്ചുവിളമ്പി.

വീട്ടിലെ തിരക്കിനിടയിലും കുട്ടികളുടെ ആത്മീയകാര്യങ്ങളിൽ ലൂഥർ ശ്രദ്ധിച്ചു. 'ഫ്രം ഹെവൻ എബൗ ടു എർത്ത് ഐ കം' എന്ന പ്രസിദ്ധമായ ക്രിസ്മസ് ഗാനം തന്റെ കുട്ടികൾക്കുവേണ്ടി അദ്ദേഹം എഴുതിയതാണ്. മക്കളെ മനസ്സിൽ കണ്ട് അദ്ദേഹം തയ്യാറാക്കിയ വേദപഠനപദ്ധതിയാണു പിന്നീട് 'സ്മോൾ കാറ്റക്കിസം' എന്ന പേരിൽ വികസിപ്പിച്ചെടുത്തത്. ലൂഥർ വീട്ടിലില്ലാത്തപ്പോൾ കുട്ടികളുടെ ആത്മീയ ശിക്ഷണത്തിനു കാതറിനും രംഗത്തുണ്ടായിരുന്നു.

➔

# പരിശോധനകളെ പാഴാക്കരുത്

(പേജ് 14 ൽ നിന്ന് തുടർച്ച ...)

**ഓരോ കഷ്ടതയും ദൈവം നമ്മിൽ മുടക്കുന്ന മുതലാണ്**

മാതാപിതാക്കൾക്ക് ഒരു കുട്ടിയെ കോളേജിൽ അയയ്ക്കാൻ വലിയ മുതൽ മുടക്കേണ്ടതായിട്ടുണ്ട്. കുട്ടി ആ കലാലയത്തിന്റെ കഠിനമായ അഭ്യാസനങ്ങളിലൂടെ കടന്നുപോയി ഒടുവിൽ വിജയിയായി പുറത്തുവരുമെന്നാണ് മാതാപിതാക്കൾ പ്രതീക്ഷിക്കുന്നത്. എന്തിനുവേണ്ടി? ആ കുട്ടി പഠനം പൂർത്തിയാക്കി മടങ്ങി എത്തി ബിരുദം ഫ്രെയിം ചെയ്തു ഭിത്തിയിൽ തൂക്കിയിട്ടിട്ടു വീട്ടിൽ വെറുതെ ഇരിക്കണമെന്നാണോ ആ മാതാപിതാക്കൾ ആഗ്രഹിക്കുന്നത്? അല്ല മറിച്ച് അവൻ ഒരു ജോലി നേടി അവനു വേണ്ടി മുടക്കിയ മുതലിനു പകരം നൽകുമെന്നാണ് അവരുടെ പ്രതീക്ഷ.

അല്ലെങ്കിൽ ഒരു സാധാരണ പട്ടാളക്കാരന് മിലിട്ടറി വിദഗ്ധ പരിശീലനം നൽകുന്നുവെന്നിരിക്കട്ടെ. ആ പരിശീലനത്തിന്റെ വർഷങ്ങൾ മിലിട്ടറി അവനിൽ നടത്തുന്ന ഒരു നിക്ഷേപമാണ്. “നിങ്ങളുടെ അഭ്യസനം തീർന്നു കഴിയുമ്പോൾ, രാജ്യവും സർക്കാരും നിങ്ങളിൽ നിന്നു ചിലതു പ്രതീക്ഷിക്കുന്നു എന്നാണ് സേനാധിപൻ അവനോടു പറയുന്നത്. വിദഗ്ധ പരിശീലനം നേടിയ ആ സൈനികൻ മുടക്കു മുതലിനോടു നീതി പുലർത്തുവാൻ നിരവധി വർഷങ്ങൾ സായുധസേനയെ സേവിക്കുവാൻ ബാദ്ധ്യസ്ഥനാണ്.

നമുക്കുനേരിടുന്ന കഷ്ടങ്ങളും ദൈവം നമ്മിൽ നടത്തുന്ന ഒരു മുതൽ മുടക്കാണ്! ക്രിസ്ത്യാനി

---

കേവലം 23 വർഷം നീണ്ട ആ വിവാഹബന്ധം 1546ൽ ലൂഥറിന്റെ മരണത്തോടെ അവസാനിച്ചു. അന്നു കാതറിനു 47 വയസ്സാണ്. 12 മുതൽ 20 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾ കാതറിനൊപ്പം. ആ ദിവസങ്ങളെ പ്പറ്റി, ഭർത്താവിന്റെ വിയോഗത്തെപ്പറ്റി കാതറിന ഇങ്ങനെ കുറിച്ചിരിക്കുന്നു. “ഇത്രയേറെ പ്രിയപ്പെട്ട എന്റെ ഭർത്താവിന്റെ മരണത്തിൽ ദുഃഖിക്കാത്തവർ ആരും കാണുകയില്ല. ഒരു പട്ടണത്തിനോ രാജ്യത്തിനോ വേണ്ടി മാത്രമല്ല മുഴുവൻ ലോകത്തിനും വേണ്ടിയാണ് അദ്ദേഹം ജീവിതം സമർപ്പിച്ചത്. എന്റെ ഹൃദയവേദന വിവരിക്കാൻ എനിക്കു വാക്കുകളില്ല.”

നോക്കുക: ദൈവം യോജിപ്പിച്ച രണ്ടുപേർ. അവർ ദൈവത്തിന് ഒന്നാം സ്ഥാനം കൊടുത്തുകൊണ്ട് ഉത്തമമായ കുടുംബജീവിതം നയിച്ചു. കുഞ്ഞുങ്ങളെ വളർത്തി. അതിഥികളെ സൽക്കരിച്ചു. ദുഃഖത്തിൽ തോളോടുതോൾ ചേർന്നു നിന്നു.

കുടുംബജീവിതത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് എഴുതുക മാത്രമല്ല ജീവിതത്തിലൂടെയും അതു കാണിച്ചുകൊടുക്കാൻ മാർട്ടിൻ ലൂഥറിനു ദൈവം കൃപ കൊടുത്തു; കാതറിന വോൺ ബോറയ്ക്കും. ❖

യെന്ന നിലയിൽ അഭിമുഖീകരിക്കുന്നതെല്ലാം നിങ്ങളുടെ അഭ്യസനത്തിന്റെ ഭാഗമാണ്. അവയ്ക്കു പിന്നിൽ ഒരു ദിവ്യലക്ഷ്യം ഉണ്ട്. ദൈവം നിങ്ങളെ രക്ഷിച്ചത് ആഡംബരപൂർണ്ണമായ ഒരു വിമാനത്തിൽ കയറ്റി നേരേ സ്വർഗ്ഗത്തിൽ കൊണ്ടിറക്കുവാനല്ല. തന്റെ രാജ്യത്തിന് ഉപയോഗപ്പെടുത്തുവാനായി സുസജ്ജരാക്കാൻ വേണ്ടിയാണ് നിങ്ങളെ വീണ്ടെടുത്തത്. വീണ്ടും ജനിച്ച നിമിഷത്തിൽ തന്നെ അവിടുന്നു നിങ്ങളെ കഷ്ടതയുടെ പാഠശാലയിൽ ചേർത്തു കഴിഞ്ഞു. പിന്നീടു വരുന്ന ഓരോ കഷ്ടതയും അഭ്യസന പദ്ധതിയിലെ ഓരോ പാഠങ്ങൾ മാത്രം.

നഴ്സറി ക്ലാസ്സിലുള്ള ചില ക്രിസ്ത്യാനികളുണ്ട്. അവർക്കുള്ള കഷ്ടതകൾ ലഘുവും എളുപ്പവും മനസ്സിലാക്കാൻ പ്രയാസമില്ലാത്തതുമാണ്. അതേ സമയം സ്ക്കൂൾ, കോളേജ് നിലവാരത്തിലുള്ള ക്രിസ്ത്യാനികൾക്ക് അവരുടെ പക്വതയും നിലവാരവും അനുസരിച്ചാണു കഷ്ടതകൾ. ഏറ്റവും ഉയർന്ന നിലവാരത്തിലുള്ളവരുടെ പരിശോധനകൾ അതികഠിനമാണ്. അവ ഓരോന്നും പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ നേരിടാനാവുകയില്ലെന്നുള്ള ബോധ്യത്തിലാണ് അവരുടെ ജീവിതം. അനേകം കഷ്ടങ്ങളിലൂടെ കടന്നുപോയി അഭ്യാസം പ്രാപിച്ചു തികഞ്ഞ ശക്തരായ ഇത്തരം മുതിർന്ന വിശ്വാസികളെ ദൈവത്തിന് ഇന്ന് ഏറെ ആവശ്യമുണ്ടെന്നാണ് എനിക്കു പറയുവാനുള്ളത്. അടുത്ത തലമുറയോട് ദൈവത്തിന്റെ വിശ്വസ്തതയെക്കുറിച്ചു സാക്ഷിക്കാൻ ഇത്തരം മുതിർന്ന വിശ്വാസികൾക്കാണല്ലോ കഴിയുന്നത്!

നിങ്ങൾ ചോദിച്ചേക്കാം ദൈവം സ്വന്തം കുഞ്ഞുങ്ങളെ പരിശോധനയിലൂടെ നടത്തുമോ എന്ന്. സങ്കീർത്തനക്കാരന്റെ മറുപടി ശ്രദ്ധിക്കുക "ദൈവമേ, നീ ഞങ്ങളെ പരിശോധിച്ചിരിക്കുന്നു. വെള്ളി ഊതിക്കഴിക്കുമ്പോലെ നീ ഞങ്ങളെ ഊതിക്കഴിച്ചിരിക്കുന്നു. നീ ഞങ്ങളെ വലയിൽ അകപ്പെടുത്തി. ഞങ്ങളുടെ മുതുകത്ത് ഒരു വലിയ ഭാരം വെച്ചിരിക്കുന്നു. നീ മനുഷ്യരെ ഞങ്ങളുടെ തലമേൽ കയറി ഓടിക്കുമാറാക്കി. ഞങ്ങൾ തീയിലും വെള്ളത്തിലും കൂടി കടക്കേണ്ടി വന്നു. എങ്കിലും നീ ഞങ്ങളെ സമൃദ്ധിയിലേക്കു കൊണ്ടുവന്നിരിക്കുന്നു" (സങ്കീ. 66:10-12).

തന്റെ കഷ്ടതകൾ എവിടെ നിന്നു വരുന്നുവെന്നാണു സങ്കീർത്തനക്കാരൻ പറയുന്നത്? നേരിട്ടു ദൈവകരങ്ങളിൽ നിന്നാണവ വരുന്നത്. എന്തിനാണു ദൈവം ഇവ അനുവദിക്കുന്നത്? തന്റെ പൈതലിനെ 'സമൃദ്ധി'യിലേക്ക് കൊണ്ടുവരുവാൻ വേണ്ടിയാണ്. സമൃദ്ധിയിലേക്ക് എന്നതിന് എബ്രായമൂല ഭാഷയിലെ അർത്ഥം 'ധാരാളമായി ഫലം കായ്ക്കുന്ന സ്ഥലത്തേക്ക് ' എന്നാണ്. അപ്പോൾ, കർത്താവു പറയുന്നത് "നിന്നെ ഈ കഠിനമായ പാതയിലൂടെ എല്ലാം നടത്തിക്കൊണ്ടുവന്നത് ദൈവരാജ്യത്തിനായി ഏറ്റവും ഫലം കായ്ക്കാൻ കഴിയുന്ന ഒരു സ്ഥലത്തെത്തിക്കാൻ വേണ്ടിയാണ്" എന്നാണ്.

എന്നാൽ എല്ലാ കഷ്ടതകളും ദൈവത്തിന്റെ കൈകളിൽ നിന്നായിരിക്കണം എന്നില്ല. പല കുഴപ്പങ്ങളും പിശാചിൽ നിന്ന്, നേരിട്ട് നരകക്കു

ഴിയിൽ നിന്നു തന്നെ, ആയിരിക്കും. പക്ഷേ ദൈവം അനുവദിക്കുന്ന കഷ്ടങ്ങളെക്കുറിച്ച് 'മനസ്സോടെയ ല്ലല്ലോ അവൻ മനുഷ്യപുത്രന്മാരെ ദുഃഖിപ്പിച്ചു വ്യസനിപ്പിക്കുന്നത്' എന്നു നാം വായിക്കുന്നു (വിലാപ ങ്ങൾ 3:33) ദൈവം പറയുന്നത് "എന്റെ കുഞ്ഞുങ്ങളെ കഷ്ടപ്പെടു ത്തുന്നതിൽ എനിക്കൊരു സന്തോ ഷവും ഇല്ല. പ്രയാസങ്ങളെ അനുവ ദിക്കുന്നത് ആ ഉദ്ദേശ്യത്തോടെയല്ല" എന്നാണ്. അതെ, തന്റെ നിത്യമായ വിശുദ്ധമായ ലക്ഷ്യങ്ങൾക്കുവേണ്ടി യാണു കർത്താവു നമുക്കു കഷ്ട തകൾ അനുവദിക്കുന്നത്. അത് നമ്മെ അത്യന്തികമായി 'സമൃദ്ധ മായ' ഒരു സ്ഥലത്തെത്തിക്കും.

വ്യക്തിപരമായി പറഞ്ഞാൽ എനിക്കും പിന്നിട്ട വർഷങ്ങളെ നോക്കി ഇതുതന്നെയാണ് പറയുവാ നുള്ളത്. ഒന്നിനു പിറകെ ഒന്നൊ ന്നായി പരിശോധനകളും പ്രയാസ ങ്ങളും. അവയുടെ ഓർമ്മ തന്നെ വേദനാജനകമാണ് - അപവാദങ്ങൾ, കർത്താവിന്റെ ചെത്തിവെടിപ്പാക്കൽ, ശുശ്രൂഷയിലെ പരീക്ഷകൾ, വ്യക്തി പരമായ പ്രയാസങ്ങൾ, കുടുംബപ്ര ശ്നങ്ങൾ, ശാരീരികമായ വേദനകൾ, അസ്വസ്ഥതകൾ. എന്നാൽ ഇവയെ എല്ലാം പിന്തിരിഞ്ഞു നോക്കിയ ശേഷം ഇന്നെനിക്ക് ഉറപ്പോടെ പറ യുവാൻ കഴിയും "അതെ ദൈവ ത്തിന്റെ വചനം സത്യമാണ്! എനിക്കു നേരിട്ട എല്ലാ കഷ്ടങ്ങളിൽ നിന്നും അവിടുന്ന് എന്നെ വിടുവിച്ചു. ദൈവത്തിന് മഹത്വം".

കർത്താവിനെ ആത്മാർത്ഥമായി പിൻപറ്റിയിട്ടുണ്ടെങ്കിൽ നിങ്ങൾക്കും പറയുവാനുള്ളത് ഇതായിരിക്കും. "എനിക്ക് എപ്പോഴും സമാധാനവും പരിശുദ്ധാത്മാവിന്റെ ശാന്തതയും ഉണ്ടായിരുന്നു. യേശുവുമായി എപ്പോഴും നല്ല കൂട്ടായ്മ ലഭിച്ചിരു ന്നു. പക്ഷേ എന്റെ ദൈനംദിന പ്രയാണത്തിൽ- ഞാൻ ധരിച്ചിരി ക്കുന്ന ഈ ജഡത്തിൽ - അവിശ്വ സനീയമായ വിധത്തിൽ വേദനയും, ഉപദ്രവവും, തിരസ്കാരവും കണ്ണീ രുമാണുണ്ടായിരുന്നത്. കഷ്ടതകളു ടെയും പരിശോധനകളുടെയും ഒരു ജീവിതംതം".

കോളേജ് നിലവാരത്തിലുള്ള കഷ്ടതകളിൽ നിന്നു നിങ്ങൾ പുറ ത്തുവരുമ്പോൾ തങ്ങളുടെ 'നഴ്സറി ക്ലാസ്സ് കഷ്ടതകളിൽ' വ്യാകുലപ്പെ ടുന്ന സുഹൃത്തുക്കളുടെ അവ സ്ഥയെ കാണുവാൻ ദൈവം നിങ്ങ ളുടെ കണ്ണുകളെ തുറക്കും. തങ്ങ ളുടെ ലഘുവായ കഷ്ടങ്ങളെച്ചൊല്ലി ഭാരപ്പെടുന്നവരെ ആശ്വസിപ്പിക്കു വാൻ ദൈവത്തിനു നിങ്ങളെപ്പോ ലുള്ള 'മുതിർന്ന വിശ്വാസികളെ' ആവശ്യമുണ്ട്. "തീയിലും വെള്ള ത്തിലും കൂടി കടന്നു പോയിട്ടുള്ള വർ. കഷ്ടങ്ങളിലൂടെ ശുദ്ധീകരിക്ക പ്പെട്ടവർ. ഈ തലമുറയോട് എന്റെ വിശ്വസ്തത പ്രഘോഷിക്കുവാൻ എനിക്ക് ഇത്തരം ആളുകളെ വേണ്ടിയിരിക്കുന്നുന്നു"- ഇതാണ് കർത്താവു നിങ്ങളോടു മന്ത്രിക്കുന്ന ത്.

സങ്കീർത്തനക്കാരൻ എഴുതുന്നു: "വരുവാനുള്ള തലമുറയോട് അറിയി ക്കേണ്ടതിന്...." (സങ്കി. 48:13). "ദൈവമേ, അടുത്ത തലമുറയോട് ഞാൻ നിന്റെ ഭുജത്തേയും വരവാ നുള്ള എല്ലാവരോടും നിന്റെ വീര്യ പ്രവൃത്തിയെയും അറിയിക്കുവോളം വാർദ്ധക്യവും നരയും ഉള്ള കാലത്തും എന്നെ ഉപേക്ഷിക്ക രുതേ" (സങ്കീ.71:18).

(തുടരും) ❖

The Making of Peter the Disciple -XVI



# DISCIPLES GROW IN DIVINE WISDOM

**Sandeep Poonen**

After Jesus called him to feed and care for His flock, Peter did not go back to school and get an advanced Bible education. He was still a fisherman with limited education but who was now filled with the Holy Spirit. It is so easy to see the needs of the people but try to solve it using human methods. If Peter had done that, he would never have been able to write divinely-inspired Scripture.

I want to highlight a sample of the truths from Peter's first epistle that point to the divine wisdom that this poorly educated fisherman was able to feed ME in a special way. Of course ALL of what He wrote was divinely inspired, so I don't want to minimize the rest, but I want to call out a few things that Peter speaks to, and that I'd like to point out as key nuggets of divine wisdom for us.

**1. God is both our Loving Father and our Holy Judge (1 Peter 1:13-19)**

Some people interact with God as a loving Father who ignores their sins because of the sacrifice of Jesus. Others interact with God who is a holy Judge who is constantly angry at them for their sins. They are beset by fear because of the holiness of God.

The simple fisherman Peter was able to describe both wings of truth very simply and clearly: **God IS a loving Father. And God IS a holy Judge**. Our lives must maximize both these realities. How do we interact with God both as a loving Father and a holy King? The analogy of the son of a loving king illustrates this. The son always calls the king his father, and always approaches him as his own father who is rooting for him in love (Hebrews 4:16). But the son also knows that he is an extension of his father the king, and that the people who are watching his behavior and his speech must see the dignity of royalty. Therefore, there is a deep care and soberness in his behavior.

**2. Holy Priesthood (1 Peter 2:1-12)**

The vast majority of ministry in churches are not an active demonstration of priests in action. Amidst the myriad of activities and ministries, there

is rarely a sense of holy priests in action. I think about the Levitical priests, and the deep care and attention they took to the sacrifices they offered. This spirit is missing in almost all Christian service today. I thank God for this vivid picture with which to serve God – putting aside all malice and hypocrisy (v1), longing for purity and simplicity (v2), offering up spiritual sacrifices (v4) as ones who are the recipients of great mercy (v10), and therefore abstaining from fleshly lusts (v11) and being excellent in behavior (v12).

### 3. Honoring God-placed authority (1 Peter 2:13-20)

Peter wrote this letter at a time when Christians were persecuted. This makes the weight of his instruction to honor and submit to those in authority all the more meaningful. I find that today's Christian culture can too easily discard this, and be disrespectful in their words and attitudes towards authorities that do not support their moral beliefs. We are never to disobey our conscience, but we must still always honor human authority.

### 4. The immense importance of being Christ-like in our speech (1 Peter 2:21-3:10)

Peter links the sinlessness of Christ with His purity of speech. When Jesus said “Follow Me” to Peter, it meant one thing.  But after decades of following Jesus, Peter saw it as:

a) Following in His steps where He committed no sin
b) Following in His steps where no deceit was found in His mouth
c) Following in His steps where He did not return insults with insults
d) Following in His steps where He did not threaten others who made Him suffer

And Peter also stresses the importance of our words in our married lives: Wives should be deeply respectful in their speech, and men should honor their wives if their prayers are to be answered. I have seen that the tongue indeed is such a key body part living a holy life and having a holy marriage.

### 5. Always prepared to make a defense… for our HOPE (1 Peter 3:13-16)

1 Peter 3:15 is a verse often used to claim that Christians should know how to respond intellectually to arguments against Christian beliefs, whether it is evolution, relativism, pantheism, etc. **Not for one second do I believe that Peter meant that!** Peter the fisherman did not stand a chance against the post-graduate Greek philosophers!

I can understand Peter's heart when I read the verse simply. **I am ready to defend my hope**. The Bible is clear about the Christian's hope: We will be like Jesus in His purity of character (1 John 3:2-3, Romans 8:29, 2 Corinthians 3:18).**And my sanctified (set apart for Jesus) life is my defense**. And when others question the hope that I

## എഡിറ്റോറിയൽ തുടർച്ച ........

ഈ പ്രവർത്തന രീതിയുടെ ചുവടു പിടിച്ചാണു ദൈവം തനിക്കായി ഒരു ജാതിയെ തിരഞ്ഞെടുത്തതും – തനിക്കായി ഒരു ജനത; പിന്നീട് അവരിലൂടെ ലോകത്തിലെ സകലജാതികളിലേക്കും. അബ്രഹാമിലൂടെ ദൈവം ഒരു പ്രദേശം മാത്രമല്ല തനിക്കായി ഒരു ജനതയെയും തിരഞ്ഞെടുത്തു. അതാണ് അബ്രഹാമിന്റെ തിരഞ്ഞെടുക്കപ്പെട്ട സന്തതിയിലൂടെ പിന്നീടു രൂപപ്പെട്ട യെഹൂദാജനത. എന്നാൽ പിന്നീട് ആ ജനത ദൈവത്തെ തള്ളിക്കളഞ്ഞു വിഗ്രഹാരാധനയിലേക്കു തിരിഞ്ഞപ്പോൾ ദൈവവും അവരെ ഉപേക്ഷിക്കുന്നു. 'ദേശം യഹോവയെ വിട്ടുമാറി കഠിന പരസംഗം ചെയ്തപ്പോൾ' (ഹോശെയാ 1:2) ദൈവം ഹോശെയാ പ്രവാചകനോട് അവന്റെ മകന് 'എന്റെ ജനമല്ല' എന്നു പേരു വിളിക്കാൻ ദൈവം കല്പിക്കുന്നതു കാണുക: "അപ്പോൾ യഹോവ, അവനു ലോ – അമ്മി (എന്റെ ജനമല്ല) എന്നു പേരു വിളിക്ക. നിങ്ങൾ എന്റെ ജനമല്ല ഞാൻ നിങ്ങൾക്കു ദൈവമായിരിക്കയുമില്ല എന്ന് അരുളിച്ചെയ്തു" (ഹോശെയാ 1:9). തുടർന്നു ദൈവം തന്റെ പുത്രന്റെ രക്ഷണ്യ പ്രവൃത്തിയുടെ ഭാഗമായി സകല ജാതികളിൽ നിന്നും തന്റെ നാമത്തിനായി ഒരു ജനത്തെ, എടുത്തു (പ്രവൃ. 15:14). അതാണു സഭ. നമ്മൾ, വിശ്വാസികളാണ് അബ്രഹാമിന്റെ യഥാർത്ഥ പിന്തുടർച്ചക്കാർ എന്നാണു പൗലൊസിന്റെ നിലപാട്. ഇക്കാര്യം ഗലാത്യലേഖനത്തിൽ ഇങ്ങനെ വിശ

---

have to be like Jesus, I will show them the TV programs and movies I watch and don't watch, the books I read and don't read, how I spend my free time, the way I speak to my wife and children, the way I behave at work, my goals and priorities, etc. These are what will testify to my hope that I want to be like Jesus.

And even if I am persecuted for my beliefs (*1 Peter 3:14*), I still keep my focus on purifying my heart of all un-Christlikeness. I stay on guard to ensure that the throne of my heart remains protected for Jesus alone. It is this conscience kept clear that gives me confidence to be unfazed by whatever others might accuse me of.

### 6. Following Christ as a disciple means following Him in suffering (1 Peter 4)

The idea of suffering appears several times in the first epistle of Peter. Peter tells me that the secret to stop sinning is tosuffer in the flesh, like Jesus did. The suffering of Jesus was not connected to His crucifixion, because His crucifixion obviously didn't do anything to keep Him from sinning prior to that. He suffered as He overcame the devil and every other temptation before His crucifixion. It was not suffering physically, but by the constant denying His own self-will, to do the will of His Father (John 6:38, John 5:19, Mark 14:36).We who are disciples of Jesus must all deny our own selfish will and desires (Galatians 5:24, Luke 9:23).

❖

ദീകരിക്കുന്നു. 'അതുകൊണ്ട് വിശ്വാസികളത്രേ അബ്രഹാമിന്റെ മക്കൾ എന്ന റിവിൻ. എന്നാൽ ദൈവം വിശ്വാസം മൂലം ജാതികളെ നീതീകരിക്കുന്നു എന്നു തിരുവെഴുത്തു മുൻകണ്ടിട്ട് 'നിന്നിൽ സകല ജാതികളും അനുഗ്ര ഹിക്കപ്പെടും' എന്നുള്ള സുവിശേഷം അബ്രഹാമിനോടു മുമ്പുകൂട്ടി അറി യിച്ചു. അങ്ങനെ വിശ്വാസികൾ വിശ്വാസിയായ അബ്രഹാമിനോടു കൂടെ അനുഗ്രഹിക്കപ്പെടുന്നു" (3:7-9).

പറഞ്ഞുവന്ന കാര്യങ്ങളെ ഇങ്ങനെ സംക്ഷേപിക്കാം - ദൈവം മുഴുഭൂമി ലേക്കും തന്റെ അനുഗ്രഹം കൊണ്ടു പോകാനായി ഇന്നു തിരഞ്ഞെടുത്തി രിക്കുന്ന 'ജനത' അവിടുത്തെ സഭയാണ്. തിരഞ്ഞെടുത്തിരിക്കുന്ന 'പ്രദേശ'വും മറ്റൊന്നല്ല; അവിടുന്നു രാജാവായി വാഴുന്ന ഇടമായ അവി ടുത്തെ സഭയാണ്. ചുരുക്കത്തിൽ സഭ ദൈവത്തിന് ഒന്നാം സ്ഥാനമുള്ള പ്രദേശമാണ്. സഭ, അവിടുന്നു തനിക്കായി വിളിച്ചു വേർതിരിച്ച ജനതയാ ണ്.

മരുഭൂമിയിലെ മരുപ്പച്ച പോലെ ഈ ലോകത്തു ദൈവം ആക്കിവച്ചിരി ക്കുന്ന തന്റെ സഭയുടെ 'ഭരണഘടന'യാണ് യേശുവിന്റെ പർവ്വതപ്രസംഗം എന്നു പറയാറുണ്ട്. ഈ ഗിരിപ്രഭാഷണത്തിൽ ഭൂമിയുമായി ബന്ധപ്പെട്ട ഒരു വചനം കാണുക: "സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും" (മത്തായി 5:5). സഭയെന്ന ചെറിയ പ്രദേശം ഭൂമിയെ മുഴുവൻ അവകാശമാക്കുന്നത് എങ്ങനെയെന്നാണ്, അല്ലെങ്കിൽ തനിക്കായി വേർതിരിക്കപ്പെട്ട ജനതയെന്ന സഭ എല്ലാ ജാതികൾക്കും അനുഗ്രഹമാകു ന്നത് എങ്ങനെയെന്നാണ് ഇവിടെ വിശദീകരിക്കുന്നത്. പുതിയ ഉടമ്പടിയിലെ ദൈവികപ്രമാണങ്ങൾക്കൊത്തു സഭ ജീവിക്കുമ്പോഴാണ് അതിന് ആത്യ ന്തികമായി ഭൂമിയെ അവകാശമാക്കാൻ കഴിയുന്നത്. സഭ എന്നാൽ അമൂർത്തമായ ഒരു സങ്കല്പമല്ല; ലളിതമായി പറഞ്ഞാൽ അതു സഭയിലെ അംഗങ്ങളാണ്. വിശ്വാസികളാണ്, നാമാണ്. നാം ആത്മാവിൽ ദരിദ്രരും, ഹൃദയശുദ്ധിയുള്ളവരും , സൗമ്യരും, നീതിക്കായി വിശന്നു ദാഹിക്കുന്നവ രുമെല്ലാം ആകുമ്പോൾ മാത്രമാണ് സഭ ഈ ലോകത്തെ പരിവർത്തന ത്തിലൂടെ കീഴടക്കുന്ന ചാലകശക്തിയായി മാറുന്നത്.

മത്തായി സുവിശേഷം അഞ്ചാം അദ്ധ്യായത്തിൽ യേശു പറഞ്ഞ അഷ്ട ഭാഗ്യങ്ങൾ വാസ്തവത്തിൽ പുതിയ നിയമസഭയുടെ പ്രകടനപത്രികയും (manifesto) ഭരണഘടനയും (constitution) ആയിരിക്കണമെന്നാണു ദൈവം വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ പറയുന്ന കാര്യങ്ങളെല്ലാം ഇന്നീ ലോകത്തെ നയിക്കുന്ന പ്രമാണങ്ങൾക്കു കടകവിരുദ്ധമാണ്. സമ്പ ന്നരെ ഭാഗ്യവാന്മാരെന്നു ഈ ലോകം കണക്കാക്കുമ്പോൾ ആത്മാവിൽ ദരിദ്രരാണു ഭാഗ്യവാന്മാരെന്നു യേശു പറഞ്ഞു. ചിരിക്കുന്നവരാണു ഭാഗ്യ വാന്മാരെന്നു ഈ ലോകത്തിന്റെ മൂല്യങ്ങൾ പറയുമ്പോൾ ദുഃഖിക്കുന്നവ രാണ് ഭാഗ്യവാന്മാരെന്ന് സഭ പറയുന്നു. തൃപ്തരെ ഭാഗ്യവാന്മാരെന്ന് ലോകം വിളിക്കുമ്പോൾ നീതിക്കായി വിശന്നു ദാഹിക്കുകയാണു വേണ്ട തെന്നു സഭയുടെ പ്രമാണം പറയുന്നു. ധാർഷ്ട്യവും കൈക്കരുത്തുമുള്ള വർ ഇവിടെ നേട്ടങ്ങൾ കയ്യടക്കുമെന്നു ലോകർ ചിന്തിക്കുമ്പോൾ ഭൂമിയെ

അവകാശമാക്കുന്നതു സൗമ്യതയുള്ളവരാണെന്നു സഭയുടെ മൂല്യബോധം ചൂണ്ടിക്കാട്ടുന്നു!

'ഇതിൽ സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ' എന്ന വചനം മാത്രം നോക്കാം. എന്താണു സൗമ്യത? താഴ്മയും സൗമ്യതയും ഒന്നാണെന്നു പലരും കരുതാറുണ്ട്. എന്നാൽ താഴ്മ ആയിരിക്കുന്ന അവസ്ഥയും സൗമ്യത ആ അവസ്ഥയുടെ ബഹിർസ്ഫുരണവുമാണ് എന്നതാണു തമ്മിലുള്ള വ്യത്യാസം. ഹൃദയത്തിൽ താഴ്മ (Humility)യുള്ളവന്റെ  പെരുമാറ്റത്തിൽ പ്രകടമാകുന്നതാണു സൗമ്യത (meekness) എന്നു പറയാം. സൗമ്യത ഉത്ഭവിക്കുന്നതു താഴ്മയിൽ നിന്നാണ്. താഴ്മ ഹൃദയത്തിന്റെ നിലയും സൗമ്യത അതിന്റെ പ്രതിഫലനവുമാണ്. യഥാർത്ഥ താഴ്മയുണ്ടെങ്കിലേ യഥാർത്ഥ സൗമ്യത പ്രകടമാകൂ. ഇന്നു വ്യാജമായ താഴ്മയും വ്യാജസൗമ്യതയും സമൂഹത്തിൽ ധാരാളം കാണാം. ഉദാഹരണത്തിനു ഗാന്ധിജയന്തി ദിവസം ചൂലുമായി പൊതുനിരത്ത് വൃത്തിയാക്കുന്ന മന്ത്രിയെ നോക്കുക. അദ്ദേഹം വളരെ താഴ്മയും സൗമ്യതയുമുള്ള ആളാണെന്നു തോന്നാം. എന്നാൽ അത് കേവലം ഒരു  പ്രകടനമാണല്ലോ.

ഉവ്വ്, വ്യാജമായ താഴ്മയും സൗമ്യതയും അരങ്ങുവാഴുന്ന ഈ കാലത്തു നമുക്കു യഥാർത്ഥ താഴ്മയും സൗമ്യതയും കർത്താവായ യേശുക്രിസ്തുവിലാണു കാണാൻ കഴിയുന്നത്. നമ്മോട് യേശു പറഞ്ഞു: "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ" (മത്തായി 11:29). അതെ നാം താഴ്മയും സൗമ്യതയും പഠിക്കേണ്ടത് മറ്റെങ്ങുനിന്നുമല്ല, കർത്താവിൽ നിന്നു തന്നെയാണ്. കാരണം അവിടുന്ന് യഥാർത്ഥ താഴ്മയുടേയും സൗമ്യതയുടേയും ആൾരൂപമായിരുന്നു.

യേശുവിന്റെ താഴ്മയെക്കുറിച്ച്, അതിന്റെ വിവിധ വശങ്ങളെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്ന മറ്റൊരു വേദഭാഗം പ്രസിദ്ധമായ ഫിലിപ്യർ 2:6-8 വാക്യങ്ങളാണ്: "അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ  അനുസരണമുള്ളവനായിത്തീർന്നു."

യേശുവിന്റെ ഈ താഴ്മയെക്കുറിച്ചു വിവരിക്കുന്നിടത്തു നമ്മോടുള്ള ആഹ്വാനം ക്രിസ്തുയേശുവിലുള്ള ഈ ഭാവം തന്നെ നമ്മിലും ഉണ്ടായിരിക്കണം എന്നതാണ് (2:5). ശാഠ്യത്താലോ (selfish ambition) ദുരഭിമാനത്താലോ (vain glory)  ഒന്നും ചെയ്യാതെ താഴ്മയിൽ നാം ആയിരിക്കണം എന്നും അവിടെ പ്രബോധിപ്പിക്കുന്നു (2:3). ചുരുക്കത്തിൽ സ്വാർത്ഥപരമായ അഭിലാഷവും (selfish ambition) ദുരഭിമാനവും (vain glory) ആണ് താഴ്മയുടെ എതിരാളികൾ. താഴ്മയിലായിരിക്കാൻ ഇവ രണ്ടും ഒഴിവാക്കണം. ഇതാണു സഭയുടെ 'ഭരണഘടന' അനുശാസിക്കുന്നത്.

യഥാർത്ഥ ദൈവസഭ ഈ ലോകത്തിന്റെ പ്രമാണത്തിൽ നിന്ന് എത്ര അകലെയാണ്, അല്ലെങ്കിൽ അകലെയായിരിക്കണമെന്നു ഇവിടെ നിന്നു വ്യക്തമായി മനസ്സിലാക്കാം. ഈ ലോകത്തെ ഭരിക്കുന്ന രണ്ടു പ്രമാണങ്ങൾ

സ്വാർത്ഥതയും അഹങ്കാരവുമാണ്. തന്നിൽ തന്നെയുള്ള അഹങ്കാരവും സ്വയാഭിനന്ദനവും വാസ്തവത്തിൽ ദുരഭിമാനമാണ്. അതുപോലെ 'എനിക്കു ഞാനാണു പ്രധാനം, എനിക്കു നേട്ടം ഉണ്ടാകണം, എന്റെ ഇഷ്ടം നടക്കണം' എന്ന മനോഭാവമാണു സ്വാർത്ഥത. ഈ ലോകത്തു നേട്ടം ഉണ്ടാകാൻ ഈ ദുരഭിമാനവും സ്വാർത്ഥതയും കൂടിയേ കഴിയൂ എന്ന നിലയിൽ ഈ ലോകവ്യവസ്ഥയെ ഈ ലോകത്തിന്റെ പ്രഭു (യോഹ.14:30) ക്രമീകരിച്ചിരിക്കുന്നു.

സഭ ഇതിനെതിരായിരിക്കണം. സഭ എന്നാൽ സഭാജനങ്ങളാണ്, നാമാണ് എന്നു പറഞ്ഞല്ലോ. എങ്കിൽ സ്വാർത്ഥ അഭിലാഷങ്ങളും ('ഞാൻ നേതാവാകണം എനിക്കു മുമ്പിൽ വരണം' എന്ന ചിന്തയും അതിനുവേണ്ടിയുള്ള ശ്രമങ്ങളും ക്രിസ്തീയലോകത്തായാലും അതു സ്വാർത്ഥത തന്നെയാണ്) ദുരഭിമാനവും (നമുക്കുണ്ടായ ആത്മീയ നേട്ടങ്ങളെച്ചൊല്ലിയുള്ള അഹങ്കാരമായാലും അതും ദുരഭിമാനം തന്നെ) ഒഴിവാക്കി നാം താഴ്മയിൽ വസിക്കണം. അങ്ങനെയാണെങ്കിൽ മാത്രമേ സഭയ്ക്കു ഭൂമിയെ അവകാശമാക്കാൻ കഴിയൂ!

ഇന്നു സഭകൾ, സഭാവിശ്വാസികൾ ഈ നിലയിലാണോ? മറിച്ച് സ്വാർത്ഥതയും ദുരഭിമാനവുമാണു സഭാനേതാക്കളുടെയും വിശ്വാസികളുടെയും മുഖമുദ്രയെങ്കിൽ സഭയെ ലോകത്തിന്റെ മൂല്യങ്ങൾ കീഴടക്കിയിരിക്കുന്നു എന്നു നാം ഞെട്ടലോടെ തിരിച്ചറിയേണ്ടിയിരിക്കുന്നു. ദൈവം ആഗ്രഹിച്ചതു സഭ (താഴ്മയുള്ളവർ) ഭൂമിയെ അവകാശമാക്കണം എന്നാണ്. എന്നാൽ ഇന്നു ഭൂമി (സ്വാർത്ഥതയും ദുരഭിമാനവും) സഭയെ അവകാശമാക്കിയിരിക്കുകയാണോ?

ഗിരിപ്രഭാഷണത്തിനിടയിൽ യേശു ശിഷ്യന്മാരെ പഠിപ്പിച്ച കർത്തൃപ്രാർത്ഥനയുടെ ഊന്നൽ ശ്രദ്ധിച്ചിട്ടുണ്ടോ? 'സ്വർഗ്ഗത്തിലു'ള്ള പിതാവിനോട് ഭൂമിയിൽ സ്വർഗ്ഗത്തിലെപ്പോലെ അവിടുത്തെ ഇഷ്ടം നടപ്പാകണമെന്നും അവിടുത്തെ രാജ്യം വരണമെന്നുമാണു പ്രാർത്ഥിക്കുന്നത്. (മത്തായി 6:10). സ്വന്ത ഇഷ്ടത്തെ ദൈവേഷ്ടത്തിനായി അടിയറ വച്ച വിശ്വാസികളും കർത്താവു തന്നെ രാജാവായിരിക്കുന്ന ഇടമായ സഭയും ഭൂമിയിലുണ്ട്. അതുകൊണ്ടു തന്നെ ഈ ഭൂമിയെ ക്രിയാത്മകമായി സ്വാധീനിക്കാൻ ഈ സഭയ്ക്കും വിശ്വാസികൾക്കും കഴിയും. സഭയിൽ നിന്നു ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ ഭൂമിയിലേക്കെത്തണമേ എന്ന പ്രാർത്ഥനയുടെ കാതൽ ഇതാണ്. എന്നാൽ പ്രാർത്ഥനയ്ക്കു വിപരീതമായി ലോകത്തിന്റെ മൂല്യങ്ങൾ സഭയിലേക്കു കടന്നാലോ?

ഇതിനെതിരെ ജാഗ്രത പാലിക്കേണ്ടതു നാം വിശ്വാസികളാണ്. ലോകത്തോടുള്ള ദൈവത്തിന്റെ ഇടപെടൽ സഭയിലൂടെയാണെന്നു നമുക്ക് ഓർക്കാം. സഭയുടെ മൂല്യങ്ങൾ ലോകത്തെ സ്വാധീനിക്കുകയാണു മറിച്ചല്ല വേണ്ടതെന്ന തിരിച്ചറിവിൽ നമുക്കു ജാഗരൂകരാകാം. പാതാളഗോപുരങ്ങൾക്കു ജയിക്കാൻ കഴിയാത്ത ഒരു സഭയുടെ പണിയിൽ ഏർപ്പെട്ടിരിക്കുന്ന കർത്താവിന്റെ സഹപ്രവർത്തിക്കാരായി ഈ തലമുറയിൽ നാം നിൽക്കുമോ? മറുപടി പറയേണ്ടതു നാം ഓരോരുത്തരുമാണ്.

❖

Thought for the month

# "HERE I AM"

**Santosh Poonen**

*"The LordGod has given Me the tongue of disciples, that I may know how to sustain the weary one with a word. He awakens Me morning by morning,He awakens My ear to listen as a disciple.The Lord God has opened My ear; and I was not disobedient." (Isaiah 50:4-5)*

In Genesis 22, we read about Abraham who had been a faithful friend of God for many years, and had patiently believed in God to fulfill His promise (James 2:23). But, God wanted to prove that Abraham's love for Him was greater than his love for everything else. And, the only way He could do that was by asking Abraham to sacrifice His promised son.

Here we see something about the attitude that Abraham had toward God. As soon as God called Abraham, his immediate response was, "*Here I am*" (Genesis 22:1). No matter what other things were going on in Abraham's mind or lifeat the time, as soon as the "telephone call" from heavencame, Abraham immediately dropped everything else and answered.This is the kind of intimacy you would expect from very closer friends, as it was with Abraham and God. How much more, then,can it be for us who are God's children!So, let us develop this attitude of always listening and immediately responding to God's voice

Later on, as Abraham and Isaac were journeying together, Isaac calls out to Abraham. Again, Abraham's immediate response is, "*Here I am*" (v7).It was by keeping his ear tuned to his son's voice as well, that Abraham was able to immediately respond to his call. If we are to be useful for God on this earth, we must also develop the attitude of being sensitive to the voice and needs of people whom God has entrusted into our care –spouse, children, brothers/sisters in our local church, etc. The result of this relationship of trust between Abraham and Isaac was that even though Isaac was a strong young man, he allowed his aged, weaker father to bind him and lay him on the altar (v9). Isaac had observed Abraham's "*Here I Am*" attitude – toward God and toward himself – and so he knew that he could trust his father completely.

Finally, Abraham stretches out his hand to kill Isaac. Abraham could easily have been taken up with self-important thoughts about his act of ultimate obedience, etc. Instead, his ear is still tuned to heaven so that when God calls him, his immediate response is still, "*Here I am.*" Oh, what delight we see in the heart of God over Abraham's willingness to give up his only son. It was as if the Father – who would one day give up *His* only Son, Jesus – could see a shadow of His own nature in Abraham. This is ultimately what gives God the greatest pleasure – when Hesees His nature mirrored in usthrough the life of Christ.

When Isaiah is first called and hasthat revelation of God, the immediate result is that Isaiah judges himself – "Woe is me!" (6:5). Then, God invites him to be His mouthpiece, and immediately, Isaiah responds with similar words to Abraham's: "Here am I. Send me!"We see this in the apostle Paulas well, who, even though he was persecuting Jesus, yet was still listening. And the moment God got his attention, his immediate response was, "What will you have me to do?" (Acts 9:6).

So, dear friend, keep your ears tuned to heaven at all times and obey immediately, then you too will share intimacy with God and be useful in His kingdom!

JEEVA MOZHIKAL RNI/KERBIL/-2003/21404
April 2018 www.jeevamozhikal.org
Annual Subscription Rs. 150/-

Registered No: KL/KTM/46/2018-20
Licence No: KL/CR/KTM/WPP-15/2018-20
Licence to Post without prepayment
Date of Publication 28-03-2018

# വസ്തുക്കൾ ഉപയോഗിക്കുക
# ആളുകളെ സ്നേഹിക്കുക

അപ്പാ കാറു കഴുകുന്നതു നോക്കിനിൽക്കുകയായിരുന്നു ആ ആറുവയസ്സുകാരൻ. പെട്ടെന്ന് അവൻ എന്തോചിന്തിച്ചുകൊണ്ട് അപ്പാ കാണാതെ ഒരു കല്ലെടുത്ത് കാറിൽ എന്തോ വരച്ചുവച്ചു. ശബ്ദം കേട്ടു പിതാവു തിരിഞ്ഞു നോക്കി - മകൻ കല്ലുകൊണ്ട് വണ്ടിയിൽ എന്തോ എഴുതുന്നു. അപ്പന്റെ കണ്ണുകൾ ദേഷ്യം കൊണ്ട് കത്തി ജ്വലിച്ചു. അദ്ദേഹം ഒറ്റ ചാട്ടത്തിന് മകന്റെ അരികിൽ എത്തി. അവന്റെ എഴുതുന്ന കയ്യിൽ അദ്ദേഹം വലിയൊരു കല്ലെടുത്ത് ക്രോധത്തോടെ ആഞ്ഞടിക്കാൻ തുടങ്ങി. മകൻ അലറിക്കരഞ്ഞു.....

ഒടുവിൽ ദേഷ്യം കെട്ടടങ്ങിയപ്പോൾ പിതാവു ഞെട്ടലോടെ ആ കാഴ്ച കണ്ടു - താൻ മകന്റെ പിഞ്ചു കയ്യിലെ എല്ലാവിരലുകളും അടിച്ച് ഒടിച്ചിരിക്കുന്നു. പശ്ചാത്താപത്തോടെ പിതാവു മകനുമായി അടുത്തുള്ള ആശുപത്രിയിലേക്കോടി. അവിടെ അവർ അവന്റെ വലതുകയ്യിലെ അഞ്ചുവിരലുകളിലും പ്ലാസ്റ്ററിട്ടു. പ്ലാസ്റ്റർ വെട്ടിയാലും വിരലുകൾ പഴയപടി ആകുകയില്ലെന്നും ഡോക്ടർ പറഞ്ഞു. ഡോക്ടറുടെ മുറിയിൽ നിന്നു തലകുമ്പിട്ട് ഇറങ്ങിവന്ന പിതാവു കണ്ടത് ആശുപത്രിവരാന്തയിലെ ബെഞ്ചിൽ പ്ലാസ്റ്ററിട്ട ഒടിഞ്ഞ വിരലുകൾ നോക്കിയിരിക്കുന്ന മകനെയാണ്. അപ്പനെ കണ്ടപ്പോൾ ആറുവയസ്സുകാരൻ നിഷ്കളങ്കതയോടെ വേദന മറന്നു ചോദിച്ചു: "അപ്പാ എന്റെ ഈ വിരലുകൾകൊണ്ട് എനിക്കു ചോറുണ്ണാൻ കഴിയുമോ?" പൊട്ടിവന്ന കരച്ചിൽ ശ്രമപ്പെട്ട് അടക്കി അദ്ദേഹം വേദനയോടെ കുഞ്ഞിനെ തിരിച്ചു വീട്ടിലാക്കിയിട്ട് കഴുകിയിട്ട തന്റെ കാറിനടുത്തേക്കുചെന്നു. ദേഷ്യത്തോടെ ആ കാറിനെ പലവട്ടം തൊഴിച്ചു. ഈ നശിച്ച കാറിനോടുള്ള താല്പര്യമാണു കുഞ്ഞിനെ മൃഗീയമായി ഉപദ്രവിക്കാൻ തന്നെ പ്രേരിപ്പിച്ചത്. അദ്ദേഹം കൈ ചുരുട്ടി കാറിന്റെ പള്ളയ്ക്ക് ഇടിച്ചു. അതിനിടയിൽ അദ്ദേഹത്തിന്റെ മകൻ കല്ലുകൊണ്ട് വണ്ടിയുടെ പള്ളയിൽ കോറിയിട്ടിരുന്ന വാക്കുകൾ ഇങ്ങനെ വായിച്ചു: "അപ്പാ, ഐ ലവ് യൂ ". അദ്ദേഹം സ്വന്തം നെഞ്ചിൽ ആഞ്ഞടിച്ച് ഉറക്കെ കരഞ്ഞുപോയി...

ദൈവം ആഗ്രഹിക്കുന്നതു നാം സാധനങ്ങൾ ഉപയോഗിക്കണമെന്നും ആളുകളെ സ്നേഹിക്കണമെന്നുമാണ്. പക്ഷേ ഇന്നു ലോകം സാധനങ്ങളെ സ്നേഹിക്കുന്നു. ആളുകളെ ഉപയോഗിക്കുന്നു...

ദൈവത്തിന്റെ കാഴ്ചപ്പാടിലേക്കു മടങ്ങിവന്നാൽ നമുക്ക് വ്യക്തികളെ സ്നേഹിക്കാൻ കഴിയും. 'സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു' (1 കൊരി. 13:4)

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.